867

# സാഹിത്യമഞ്ജരി

## മൂന്നാം ഭാഗം

വള്ളത്തോൾ

867

# സാഹിത്യമഞ്ജരി

## മൂന്നാം ഭാഗം

(ടിപ്പണീസഹിതം)

MUNAVVIRUL ISLAM HIGH SCHOOL
D. 867
ERNAKULAM

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

---

☞ എല്ലാം പ്രതികളിലും ഗ്രന്ഥകർത്താവിന്റെ സീലുണ്ടായിരിക്കും.

ആറാം പതിപ്പ്
കോപ്പി 1000
൧൧൨൦ ധനു.

വില:
ഒരുറുപ്പിക
എട്ടണ.

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം,
ചെറുതുരുത്തി.

മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

# വിഷയാനുക്രമം

---


| | | | | |
|---|---|---|---|---|
| | | | | (പേജ്) |
| 1. | വിജയിപ്പൂതാക | കേക. | [94 എടവം] | 1 |
| 2. | ഒരു തോണിയാത്ര | ശ്ലോകം. | [95 മകരം] | 4 |
| 3. | തുഞ്ചത്തെഴുത്തച്ഛൻ | കേക. | [95 എടവം] | 14 |
| 4. | കാറു കണ്ട കർഷകൻ | ശ്ലോകം. | [95 മേടം] | 17 |
| 5. | കുടിയാന്മാരുടെ പ്രാർത്ഥന | കേക. | [95 മിഥുനം] | 23 |
| 6. | തിരൂർ—പൊന്നാനിപ്പുഴ | ശ്ലോകം. | [92 മേടം] | 26 |
| 7. | അത്യാഹിതം | കേക. | [95 ചിങ്ങം] | 34 |
| 8. | ഒരു സന്ധ്യാപ്രണാമം | ശ്ലോകം. | [95 ധനു] | 38 |
| 9. | എന്റെ കൃതജ്ഞത | കേക. | [95 ധനു] | 44 |
| 10. | രാവണന്റെ അന്തഃപുരഗമനം | ശ്ലോകം. | [94 മേടം] | 49 |
| 11. | അമ്പാടിയിൽച്ചെല്ലുന്ന അക്രൂരൻ | മഞ്ജരി. | [94 ചിങ്ങം] | 56 |
| 12. | വെടികൊണ്ട പക്ഷി | ശ്ലോകം. | [96 കുംഭം] | 65 |
| 13. | നര കണ്ടിട്ട് | ശ്ലോകം. | [97 കന്നി] | 71 |
| 14. | മുററത്തെ തുളസി | കേക. | [97 കന്നി] | 78 |

# സാഹിത്യമഞ്ജരി

## മൂന്നാംഭാഗം

---

## ൧

## വിജയിപ്പൂതാക!

(കേക)

1. വിജയിപ്പൂതാക നീ, വിജയിപ്പൂതാക നീ,
ത്രിജഗൽപൂജ്യേ, മഹാനിമ്നഗേ, ഭഗവതി!
അമ്മിഞ്ഞപ്പാലിനൊത്ത നിൻതീർത്ഥജലം നുക-
ന്നംബികേ, വളരുന്നീലെത്ര ഭൂരുഹാഗ്ര്യങ്ങൾ!
അവതൻ പരിപക്വമാകിയ ഫലോൽകര-
മവനിത്തട്ടിലെങ്ങെങ്ങമൃതായ്ത്തീരുന്നീലാ!

2. നിന്മനം വാത്സല്യത്താൽത്തുടിച്ചുതുള്ളുമ്പമാ-
റിമ്മരുൽകിശോരങ്ങൾ ചാരവേ കളിയാടി
ചുംബനം ചെയ്തീടുന്നു, നിന്തിരുവടിയുടെ
നിർമ്മലമനോജ്ഞമാമുടുപ്പിൻ ഞെറികളിൽ.

---

1. പരമോൽകൃഷ്ടമായ ഒരു ഫലത്തെ ലക്ഷ്യമാക്കി, ധൈര്യത്തോടും ആത്മവിശ്വാസത്തോടുംകൂടെ, മുന്നോട്ടുപോകുന്ന ഒരാൾക്കോ, ഒരു ജനസമുദായത്തിനോ ഉണ്ടാകാവുന്ന അനുഭവങ്ങളെ അന്യാപദേശരീത്യാ പ്രതിപാദിക്കുന്നതാണിക്കവിത. അതിൽ ഒന്നാമതായി വന്ന വസ്തുവിന്റെ മാഹാത്മ്യത്തെ വിവരിക്കുന്നു:—നിമ്നഗ=പുഴ. ഭൂരുഹാഗ്ര്യങ്ങൾ=ശ്രേഷ്ഠവൃക്ഷങ്ങൾ. ഉൽകരം=കൂട്ടം.

2. മരുൽകിശോരങ്ങൾ=മരുത്തി (കാററി)ന്റെ കിശോരങ്ങൾ (കുട്ടികൾ)—ഇളംകാററുകളെന്നർത്ഥം. ഇതിൽ, നദിയുടെ അന്തർഭാഗം മനമായും, ഓളംതുള്ളുന്ന മേൽഭാഗം ഞെറിയുള്ള ഉടുപ്പായും കല്പിക്കപ്പെട്ടിരിക്കുന്നു.

3. ചെങ്കതിർനിര നീളെച്ചിതറും പുലർകാലം
കുങ്കുമം പൂശിച്ചൂട്ടേ നിൻതിരുവുടലിങ്കൽ;
ആതപാഗ്നിയാൽക്കത്തിക്കാളുന്ന മദ്ധ്യാഹ്നം നിൻ-
ശീതമാം സലിലത്തെസ്സന്തപിപ്പിച്ചീടട്ടേ;
രണ്ടുമേ ഗണിയ്ക്കാതെ മുന്നോട്ടുതന്നേ നോക്കി-
ക്കൊണ്ടു നീയൊഴുകുന്നു മംഗളം തവ മാൎഗ്ഗം!
4. ദേവി, നിൻധനംകൊണ്ടു തഴച്ചു പടൎന്നാകെ-
പ്പൂവിരിഞ്ഞെഴും ചില പാൎശ്വസ്ഥച്ചെടികൾ തേ
അത്ര നിശ്ചിതമാമീ പ്രസ്ഥാനമീക്ഷിച്ചെന്തൊ-
രൎത്ഥത്തിലെന്നാകിലും ചിരിച്ചുകൊണ്ടീടട്ടേ;
ചെന്നുചേരേണ്ടുമിടത്തേയ്ക്കുതാൻ തവ ഗതി-
യെന്നുള്ള വിശ്വാസം തേ ധൈൎയ്യത്തെ വൎദ്ധിപ്പിയ്ക്കും.
5. പാറമേലടിയ്ക്കിലെന്താ,യതു നിങ്കൽഭംഗി-
യേറിയ പളുങ്കണി ചാൎത്തിയ്ക്കുമാത്രം ചെയ്യും.

---

3. ആ മഹോദ്യമത്തിൽ ഇടയ്ക്കിടയ്ക്കു വരാവുന്ന സുഖങ്ങളും ദുഃഖങ്ങളും—മററുള്ളവർ ചെയ്യുന്ന ഉപകാരങ്ങളും ഉപദ്രവങ്ങളും—അവരെ ആകൎഷിയ്ക്കുകയോ നൈരാശ്യപ്പെടുത്തുകയോ ചെയ്കയില്ലെന്നു പറയുന്നു: ആതപാഗ്നി=വെയിലാകുന്ന തീ. ഇതിൽ പ്രഭാതവും മദ്ധ്യാഹ്നവും വൎണ്ണിച്ചു; ഇനി, 6-ാംഖണ്ഡത്തിൽ രാത്രിയെ വൎണ്ണിയ്ക്കും.

4. ഇത്തരം ഉദ്യമങ്ങളെ നിസ്സാരന്മാരായവർപോലും—അവരെ ആശ്രയിച്ചു കഴിയുന്നവർപോലും—പരിഹസിച്ചേയ്ക്കാം. പക്ഷേ അതൊന്നും അവരുടെ ധൈൎയ്യത്തെ കുറയ്ക്കുകയില്ലെന്നു പറയുന്നു: പാൎശ്വസ്ഥം=കരകളിൽ നില്ക്കുന്ന. നിശ്ചിതം=തീൎച്ചയാക്കിയ. പ്രസ്ഥാനം=യാത്ര. ഈക്ഷിച്ച്=കണ്ട്. ഇതിൽ നദിയുടെ പാൎശ്വങ്ങളിലുള്ള പ്രകൃതിസൌന്ദൎയ്യത്തെക്കൂടി വൎണ്ണിച്ചു.

5. ഇടയ്ക്കിടെ വരുന്ന വിഘ്നങ്ങളും ദുൎന്നാശങ്ങളും മാറും അവരുടെ ഗതിയെത്തടയില്ലെന്നുമാത്രമല്ല, അവ മറെറാരുവിധത്തിൽ

താവകനീർത്തുള്ളികൾ പലതും സൂര്യോഷ്മാവി-
ലാവിയായെങ്ങാനും പോയ് മറഞ്ഞാൽ മറയട്ടേ;
ആയവ വീണ്ടും വന്നുചേൎന്നുകൊള്ളുമേ നിങ്ക;-
ലായമെന്നതിൻെറ പൂർവ്വാംഗമല്ലോ വ്യയം!
6. നീർമ്മിളകൾകൊണ്ടു ഹൎഷരോമാഞ്ചം മെയ്യിൽ
വായ്ക്കുന്ന ഭവതിതൻ സ്വാതന്ത്ര്യപ്രയാണത്തെ
നോക്കിനില്ക്കുന്നു മീതേ, പാരിലെപ്പല മാററം
നീക്കമെന്നിയേ കണ്ട കണ്ണുകൾ — നക്ഷത്രങ്ങൾ.
7. ഊമയിലിളകും നിൻ നീരിൽനിന്നുളവായ
സാമവേദത്തിന്നൊക്കും സ്വാതന്ത്ര്യമൃദുഗീതം
വ്യോമമണ്ഡലത്തിലും ദിങ്മുഖങ്ങളിലും നൽ-
പ്പൂമകരന്ദദ്രവം കുളിൎക്കെത്തളിക്കുന്നു!
8. ഏതൊരു വിഘ്നത്തോടും ശാന്തമായൊരുതിയു,-
മേതിലും സത്യത്തെ മുൻനിൎത്തിയും ക്രമത്താൽ നീ

---

ഗുണമായിക്കലാശിക്കുമെന്നു പറയുന്നു: പളുങ്കണി=പളുങ്കുകൊണ്ടുള്ള ആഭരണം. പാറമേലടിക്കുമ്പോൾ ചിതറുന്ന നീർത്തുള്ളികൾ പളുങ്കുകളാക്കിക്കല്പിക്കപ്പെട്ടിരിക്കുന്നു. ഊഷ്മാവ്=ചൂട്. ആയം=ധനം വരവ്. പൂർവ്വാംഗം—കാരണമെന്നർത്ഥം.

6. ഇത്തരം ഉദ്യമത്തിൽ മഹാന്മാൎക്കും ഈശ്വരനും ഉണ്ടാകുന്ന ആനുകൂല്യത്തെ വിവരിക്കുന്നു: പ്രയാണം=യാത്ര.

7. ഇതിൽനിന്നു പൊതുവിൽ ലോകത്തിന്നൊട്ടാകെ ഉണ്ടാകാവുന്ന നന്മകളെ കാണിക്കുന്നു: സ്വാതന്ത്ര്യമൃദുഗീതം—അപ്രതിഹതപ്രവാഹമൃദുലശബ്ദം എന്നർത്ഥം. പുഴയിലെ മൃദുശബ്ദം അയൽപ്രദേശങ്ങളിൽ കേൾക്കുന്നത് അധികവും രാത്രിസമയങ്ങളിലായിരിക്കുമെന്ന സംഗതികൂടെ ഇവിടെ ഓൎക്കുന്നതുചിതം.

8. ഇത്രമേൽ ഉൽക്കൃഷ്ടമായ ഈ യാത്രക്ക് ഉദ്ദിഷ്ടപ്രാപ്തിയെ ആശംസിക്കുന്നു: സത്യം=പ്രകൃതിനിയമം. സന്തതസമ്പൂൎണ്ണം=എല്ലാം

സന്തതസമ്പൂൎണ്ണമായ് നിൎവ്വികാരമായനാ-
ദ്ധ്യന്തമാം പ്രാപ്യസ്ഥാനം പൂകുക മഹാഭാഗേ!

## ൨
## ഒരു തോണിയാത്ര

1\. തിരിക്കയായ് സന്ധ്യ; വഴിക്കിടക്ക
വിരിച്ചു ഞാൻ കേറിയ തോണിതാനും,
സ്ഫുരിക്കുമോളങ്ങൾ മുറിച്ചുകൊണ്ടാ-
സ്സരിത്തിലൂടേ ഗമനം തുടങ്ങീ.

2\. അങ്ങോട്ടുമിങ്ങോട്ടുമിരുട്ടിലോരോ
കേവഞ്ചിയസ്സിന്ധുവിലെന്നപോലെ,
അവ്യക്തമായിട്ടു കടന്നുപോയ്ക്കൊ-
ണ്ടിരുന്നു നാനാനിനവെൻ മനസ്സിൽ.

3\. നിറഞ്ഞിടട്ടേ തരണിവ്രജത്താൽ;
നിശ്ശൂന്യമാകട്ടെ നിജപ്രദേശം;

---

പ്പോഴും നിറഞ്ഞിരിക്കുന്നതു്. നിൎവ്വികാരം=വികാരമില്ലാത്തതു്. അനാദ്ധ്യന്തം=ആദിയും അന്ത(അവസാന)വുമില്ലാത്തതു്. പ്രാപ്യസ്ഥാനം=ചെന്നുചേരേണ്ടിയിടം—പ്രകൃതത്തിൽ സമുദ്രം.

---

1\. സ്ഫുരിക്കും=ഇളകുന്ന. സരിത്തു്=നദി.

2\. സിന്ധു=പുഴ. ഇതിൽനിന്നു്, നിനവുകൾക്കു പരസ്പരബന്ധമില്ലായ്മയും വ്യഞ്ജിക്കുന്നു.

3\. ഇവിടന്നങ്ങോട്ടു 8-ാംപദ്യംവരെയുള്ള വൎണ്ണന മുൻപറഞ്ഞ നിനവുകളെ സൂചിപ്പിച്ചുകൊണ്ടാണു്. ഇവയിൽനിന്നെല്ലാം ഇന്ത്യയുടെ താൽക്കാലികമായ അധഃപതനവും മററും വ്യഞ്ജിക്കുന്നു.

രണ്ടും ഗണിയ്ക്കാതെ ഗമിച്ചു മുന്നോ-
ട്ടസംഗ പോലാ നദി ശാന്തവൃത്ത്യാ.

4. സന്നാഹിയായ്ക്കേറിയ കൂരിരുട്ടാൽ
മന്നാകെയാച്ഛാദിതമായ്ച്ചമഞ്ഞു;
സന്നാഭമാം സ്വാന്തവിളക്കുമായി
മിന്നാമിനുങ്ങിൻ നിര സഞ്ചരിച്ചു.

5. തടങ്ങളിൽച്ചേർന്ന ചെടിപ്പടപ്പിൽ-
ത്തഴച്ചുകാണായി തമസ്സമൂഹം:
ആസന്നചന്ദ്രോദയഭീതിമൂല-
മാററിൽപ്പതിപ്പാൻ മതിരുന്നപോലെ.

6. കുറച്ചു നേരം കഴിയെ പ്രസാദം
സ്ഫുരിച്ചിടും പൂർവ്വദിശാസരസ്സിൽ,
നിറഞ്ഞ രാവിൻ ചളിയിങ്കൽനിന്നു
വിരിഞ്ഞ വെൺതണ്ടലരൊന്നുയർന്നു.

---

തരണിവ്രജം=തോണികളുടെ സമൂഹം. നിശ്ശൂന്യം=തീരെ ശൂന്യം. അസംഗ=(നിസ്സാരസംഗതികളിൽ) ശ്രദ്ധയില്ലാത്തവൾ. ശാന്തവൃത്ത്യാ=ശാന്തസ്വഭാവത്തോടെ.

4. സന്നാഹി=ഒരുമ്പെട്ടു പുറപ്പെട്ട. സന്നാഭം=മങ്ങിയ വെളിച്ചത്തോടുകൂടിയ.

5. ആസന്നചന്ദ്രോദയഭീതി=അടുത്തുണ്ടാകുവാൻ പോകുന്ന ചന്ദ്രോദയത്തിൽനിന്നുള്ള ഭയം.

6. പ്രസാദം=നിർമ്മലത്വം. സ്ഫുരിക്കു=പ്രകാശിക്കു. പൂർവ്വദിശാസരസ്സ്=കിഴക്കേ ദിക്കാകുന്ന പൊയ്ക. 'യദാ യദാ ഹി' എന്ന ഗീതാപദ്യമനുസരിച്ചുള്ള ഒരു ഭഗവദവതാരത്തെ സൂചിപ്പിക്കുന്നു.

7. കാന്തിത്തഴപ്പോടുമുദിച്ചുയൎന്ന
പൂന്തിങ്കൾതൻ ബിംബനകൈതവത്താൽ,
ഏന്തിത്തുളുമ്പുന്ന നദീജലത്തിൽ
നീന്തിക്കളിച്ചു കളഹംസകങ്ങൾ.

8. തെളിഞ്ഞെരിഞ്ഞോരു മഹസ്സു തേഞ്ഞു-
മാഞ്ഞന്ധകാരത്തിൽ മറഞ്ഞ ലോകം
ക്രമേണ മുൻമേന്മയിലേയ്ക്കു കേറാൻ
സുശോഭനാവസ്ഥയിലെത്തി വീണ്ടും.

9. വഞ്ചിയ്ക്കെഴും വൻചിറകായ പായ്മേ-
ലിയററിടും മഞ്ജുളമൎമ്മരത്താൽ,
രാവിൻെറ വീപ്പാം കുളിർമാരുതൻ വ-
ന്നെന്നോടു യാത്രാകുശലോക്തി ചൊല്ലി.

10. ക്ഷണേന മാൎഗ്ഗവ്യഥകൊണ്ടു കണ്ണും
ചിമ്മിക്കിടക്കും മമ നെററിതന്മേൽ,

7. ബിംബനകൈതവം=നിഴലിക്കുക എന്ന വ്യാജം; വാസ്തവത്തിൽ ആ ചന്ദ്രൻ നിഴലിച്ചതല്ലായിരുന്നു, നീന്തിക്കളിക്കുന്ന കളഹംസക(മനോഹരങ്ങളായ രാജഹംസ)ങ്ങളായിരുന്നു എന്നൎത്ഥം. ആ മഹാത്മാവിനെ അനുസരിച്ചുകൊണ്ടു വേറെയും പല മഹാന്മാരുമുണ്ടായി എന്നു വ്യംഗ്യം.

8. മഹസ്സ്=തേജസ്സ്—ഇവിടെ സൂൎയ്യൻ. സുശോഭനാവസ്ഥ=എത്രയും നല്ല ഒരു സ്ഥിതി.

9. മൎമ്മരം='മരമര' എന്ന ശബ്ദം. യാത്രാകുശലോക്തി='യാത്ര സുഖമാകുന്നില്ലേ?' എന്ന ചോദ്യം.

10. മാൎഗ്ഗവ്യഥ=വഴിക്ഷീണം. സച്ചിത്സുഖം = ബ്രഹ്മാനന്ദം.

സച്ചിൽസുഖം തൂകിന നിദ്രവന്നു
ചുംബിച്ചിത,ൻപേറുമൊരമ്മ പോലെ.

11. ഉറക്കമാം കോഴി മദംഗചേഷ്ടാ-
കണങ്ങളെക്കൊത്തി വിഴുങ്ങി നില്ക്കേ,
ആ നാവികന്മാരിരുപേരിലേകൻ-
തൻ ചോദ്യമങ്ങോട്ടൊരു കല്ലെറിഞ്ഞു.

12. ഞാനിത്ര വേഗത്തിലുറങ്ങുമെന്നീ
ബലിഷ്ഠനാം വേട്ടവനോർത്തിരിക്കാ;
ഇവന്നു രാമായണവായനയ്ക്കൊ-
ന്നനുജ്ഞ കിട്ടായ്കിലബദ്ധമെന്തോ?

13. സൽഗ്രന്ഥപാഠത്തെ മുടക്കിയേക്കാം
ഞാനെന്നിവന്നെങ്ങിനെ ശങ്ക തോന്നി?
എഴുത്തു ശീലിച്ചതു തന്റെ ഗവ്യാ-
യെണ്ണാനല്ലയെന്നാമിതിനാന്തരാർത്ഥം!

---

നിദ്രാസുഖം നെറുകമേൽനിന്നാരംഭിക്കുന്നതായിത്തോന്നുമല്ലോ.

11. മദംഗചേഷ്ടാകണങ്ങൾ=എന്റെ ശരീരത്തിലെ ചേഷ്ടക (അനക്കങ്ങ)ളാകുന്ന കണങ്ങൾ (ചെറിയ സാധനങ്ങൾ). നാവികന്മാർ=വഞ്ചിക്കാർ. വഞ്ചിക്കാരന്റെ ചോദ്യംനിമിത്തം തനിക്കു വന്നിരുന്ന ഉറക്കം പോയ്ക്കളഞ്ഞു.

12. 'ഞാൻ രാമായണമൊന്നു വായിക്കട്ടെ?' എന്നായിരുന്നു വേട്ടവന്റെ ചോദ്യം. അതുകേട്ടുണൎന്ന കവി വിചാരിക്കുന്നു. ഇതിൽനിന്ന് ആ ചോദ്യമെന്തെന്നറിയാം. ബലിഷ്ഠൻ=ശക്തിയേറിയവൻ. ഇത്രവേഗം ഉറങ്ങത്തക്കവിധം ഞാൻ ക്ഷീണിച്ചിട്ടുള്ള സംഗതി മാപ്പാൻ, ബലമേറിയ അവന്നവകാശമില്ലല്ലോ എന്നഭിപ്രായം.

13. സൽഗ്രന്ഥപാഠം=ഉത്തമഗ്രന്ഥം വായിക്കുൽ.

14. ഈയൂഷ്മമാമാവി ഘനീഭവിച്ചു
വെന്നീർ പൊഴിച്ചു മിഴി രണ്ടിലും മേ:
ഹാ, നന്നു,യന്നുള്ളവർ താഴ്ന്ന ജാതി-
ക്കാരിൽക്കടത്തും കരുണാകടാക്ഷം!

15. അനർത്ഥഗർത്തങ്ങളിലാണ്ടുതന്നേ
കിടക്കണംപോലിവർ കീടതുല്യം;
വേദേതിഹാസാദിവിഭൂതിയെല്ലാം
മേൽജ്ജാതിതൻ പൈതൃകമാണുപോലും!

16. വാഗ്ദേവിയെത്താനറിയാതെ തീണ്ടി-
പ്പോയെന്നിവൻ മാപ്പിനിരന്നിടുന്നു:
ഭയാനകം ഹാ, സ്മൃതിവാക്യഘോഷം—
ജാതിപ്പിശാചിൻ പ്രചുരാട്ടഹാസം!

17. സൌഭ്രാത്രസസ്യത്തിനു ജന്മഭൂവീ-
സ്സൽക്ഷേത്ര,മേതോ കെടുനീരൊഴുക്കാൽ
പലേടവും പാഴ്മണൽ വന്നടിഞ്ഞി-
ട്ടിത്തുച്ഛ നിമ്നോന്നതമായിയല്ലോ!

---

14. ഘനീഭവിക്കുക=കട്ടിയാവുക, മേഘമായിത്തീരുക എന്നും. വെന്നീർ=ചുടുവെള്ളം. ഊഷ്മത്തിന്റെ ഘനീഭാവത്തെ ഉത്തരാർദ്ധം കൊണ്ടു വിവരിക്കുന്നു: കരുണാകടാക്ഷം—വിപരീതലക്ഷണയാ ദയയില്ലായ്ക എന്നർത്ഥം.

15 അനർത്ഥഗർത്തങ്ങൾ=അനർത്ഥം (ആപത്തു്, പണമില്ലായ്ക) ആകുന്ന കുഴികൾ. വേദേ.............ഭൂതി=വേദം, ഇതിഹാസം ഇടങ്ങിയ സമ്പത്തു്. പൈതൃകം=അച്ഛൻ സമ്പാദിച്ച മുതൽ.

16. ഭയാനകം=ഭയങ്കരം. സ്മൃതി=ധർമ്മശാസ്ത്രം. പ്രചുരം=മുഴുത്ത.

17. സൌഭ്രാത്രം=സഹോദരസ്നേഹം. സൽക്ഷേത്രം=നല്ല ക്ഷേത്രം (വയൽ, ഭാരതക്ഷേത്രം). നിമ്നോന്നതം=താഴ്ന്നും പൊന്തിയുമിരിക്കുന്നതു്. ഇതു നികത്താതെയുണ്ടോ, ഇവിടെ സൌഭ്രാത്രം വളരുന്നു?

18. ബ്രഹ്മർഷിമാർമുഖ്യനെ മുക്കുവത്തി
പെറേറാരു പുണ്യക്ഷിതിമണ്ഡലത്തിൽ,
അഹോ, മനുഷ്യനു മനുഷ്യനോടു
സാമീപ്യസമ്പർക്കമധർമ്മമായീ!

19. സ്വതന്ത്രരസ്മൽകുലപൂർവരാത്ത-
ത്രാണത്തിനായ്ശ്ശസ്ത്രമെടുത്തു കയ്യിൽ;
പാഴററ കയ്യാൽപ്പരതന്ത്രർ നാമോ,
പാവങ്ങൾതൻ മൂർദ്ധ്നി കല്ലിടുന്നു!

20. രമിച്ചു പണ്ടേവരിലേകയോഗ-
ഭാഗ്യത്തൊടും ഭാർഗ്ഗവരാജ്യലക്ഷ്മി,
അപ്പൂർവികന്മാരുടെ ചോര, നായ-
ന്മാരേ, ഭവാന്മാരിലൊരിററുമില്ലേ?

21. 'തമ്പ്രാ'നി—താണെങ്കലിവൻ പതിച്ച
സംബുദ്ധി! ഹേ സാധുമനുഷ്യ, നോക്കു:

---

18. ബ്രഹ്മർഷിമാർ മുഖ്യൻ—വ്യാസൻ. സാമീപ്യസമ്പർക്കം=അടുത്തു പെരുമാറൽ.

19. അസ്മൽകുലപൂർവർ=നമ്മുടെ വംശത്തിലെ പൂർവികന്മാർ. ആത്തത്രാണം=ആപത്തിൽ പെട്ടവരെ രക്ഷിയ്ക്കൽ. മൂർദ്ധ്നി=തലയിൽ. പരതന്ത്രർ—ആത്തത്രാണത്തിന്നുവേണ്ടിയെങ്കിലും ശസ്ത്രമെടുക്കാൻ സ്വാതന്ത്ര്യമില്ലാത്ത.

20. ഏകയോഗഭാഗ്യം—എല്ലാവരിലും ഒരേവിധത്തിൽ ചേന്നിരിയ്ക്കലാകുന്ന ഭാഗ്യം എന്നർത്ഥം. ഭാർഗ്ഗവരാജ്യലക്ഷ്മി=കേരളത്തിലെ ശ്രീ.

21. പതിച്ച=ഒട്ടിച്ച; ആ സംബുദ്ധിയെ താനർഹിയ്ക്കുന്നില്ലെന്നു വ്യഞ്ജിപ്പിയ്ക്കുന്നു.

ഈ നമ്മളെല്ലാമൊരു തമ്പുരാന്റെ
കീഴാളരാ,രാക്കിഹ തമ്പുരാനാം?

22. നിൻറേതിലും മുന്തിയതാസ്വരാമെ-
ന്നുടപ്പി;-താക്കും കടയിൽക്കിടക്കും;
എന്നാലൊരേനൂലുകൾകൊണ്ടു നെയ്ത-
തത്രേ, നമുക്കംബിക തന്ന വസ്ത്രം.

23. ആർ പള്ളിയോടം കയറിക്കളിപ്പൂ
യുഷ്മാദൃശപ്രോഷ്ണമുഖാഷ്പനീരിൽ;
അധന്യർ നിങ്ങൾക്കിഹ തമ്പുരാന്മാ-
രഹോ ജഗത്തിൻ മറിമായമുഗ്രം!"

24. മുതിന്നു ഞാനാം പുഴുവെന്റെ നാട്ടിൽ-
സ്സാങ്കല്പികസ്വർഗ്ഗപുരം ചമക്കേ,
ആവൃത്തമായ് മുമ്പടി, വായനക്കെ-
ന്നനുജ്ഞ കാംക്ഷിക്കുമവന്റെ ചോദ്യം.

25. 'വായിച്ചുകൊൾകെ,ത്രയുമിഷ്ടമാണ-
തിങ്ങെ'ന്നു ഞാനുത്തരമോതിയാറേ,

---

22. അംബിക=അമ്മ (പ്രകൃതി). വസ്ത്രം—ശരീരമെന്നർത്ഥം. ശരീരോപകരണങ്ങളായ പഞ്ചഭൂതങ്ങളെ നൂലുകളാക്കി കല്പിച്ചിരിക്കുന്നു.

23. യുഷ്മാ......നീർ = നിങ്ങളെപ്പോലുള്ളവരുടെ ചുടു കണ്ണുനീർ.

24. സാങ്കല്പികസ്വർഗ്ഗപുരം = സങ്കല്പംകൊണ്ടുണ്ടാക്കിയ സ്വർഗ്ഗം. ഈ അധഃപതനത്തിൽനിന്നു ഹിന്ദുക്കളെ ഉദ്ധരിച്ചാൽ, ഇന്ത്യക്കുണ്ടാകാവുന്ന ഉൽക്കർഷത്തെപ്പററി ഞാൻ വിചാരിച്ചുകൊണ്ടിരിക്കെ—എന്നു പൂർവ്വാർദ്ധത്തിന്നർത്ഥം. ആവൃത്തമായി=ആവർത്തിച്ചു.

ഇരുണ്ട മണ്ണെണ്ണവിളക്കിനാരാ-
ലിരുന്നിതായാൾ തൊഴുകയ്യുമായി.

26. പിന്നീടു തൻ പുസ്തകമൊന്നെടുത്തു
പൂർണ്ണാദരം വായനയും തുടങ്ങി.
ഇണങ്ങി നില്ക്കും ശ്രുതിയില്ല, രാഗ-
മില്ല,ക്ഷരവ്യക്തിയുമേറെയില്ല;

27. എന്നാലുമായാളുടെ ഗാനമെന്റെ
കർണ്ണത്തിനാഹ്ലാദമനല്പമേകി:
തദീയകണ്ഠസ്വരമത്രമാത്രം
ഭക്തിസ്ഫുരന്മാധുരി പൂണ്ടിരുന്നു.

28. കാവ്യം സുഗേയം; കഥ രാഘവീയം;
കർത്താവു, തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി;-
ലാനന്ദലബ്ധിക്കിനിയെന്തു വേണം?

29. അവന്റെ പാട്ടാം മണിയൊച്ച രാവിൻ-
പ്രശാന്തനിശ്ശബ്ദതയെപ്പിളർക്കേ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചുനിന്നൂ ദിവി താരകങ്ങൾ!

---

25. ആരാൽ=സമീപത്ത്.

26. പൂർണ്ണാദരം=തികഞ്ഞ ആദരവോടുകൂടുംവണ്ണം.

27. ഭക്തി...രി=ഭക്തിയാൽ തുളുമ്പുന്ന മാധുര്യം.

27. സുഗേയം=നല്ലവണ്ണം പാടാവുന്നത്. രാഘവീയം=രാഘവ(രാമ)നെപ്പറ്റിയുള്ളത്. ലബ്ധി=കിട്ടൽ.

29. താരകങ്ങൾ=നക്ഷത്രങ്ങൾ.

30. നീളത്തിലഗ്ഗീതമവന്റെ കണ്ഠ-
നാളത്തിൽനിന്നങ്ങു വിനിർഗ്ഗളിയ്ക്കേ,
കാളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളംപിടിച്ചു നദി മെല്ലെമെല്ലെ!

31. രാമാനുജപ്പൈങ്കിളി പാടിയോരു
രാമായണത്തിൻ മധുരപ്രവാഹാൽ,
ആ വെണ്ണിലാവങ്ങൊരു പാൽക്കുഴമ്പോ-
ടാമേളനംചെയ്തതുപോലെയായീ!

32. ചൊൽക്കൊണ്ട തുഞ്ചൻഗുരുവിന്റെ കാവ്യ-
രത്നത്തിൽനിന്നേന്തിയ കാന്തിയാലേ,
അപ്പൊട്ട മണ്ണെണ്ണവിളക്കു വിദ്യുൽ-
പ്രദീപമായെന്നുമെനിയ്ക്കു തോന്നി.

33. ഒരത്ഭുതത്തൂമണമാ സ്ഥലത്തു
പരന്നു പാറീ കുളിർകാററിലെങ്ങും;
നിരന്തരം വന്നുപൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചിതന്നിൽ!

---

30. വിനിർഗ്ഗളിയ്ക്കേ=പുറപ്പെടവേ.

31, 32. മധുരപ്രവാഹത്താൽ=മാധുര്യമുള്ള 'ഒഴുക്കു' നിമിത്തം. ആമേളനം ചെയ്യുക=കൂടിച്ചേരുക. മാധുര്യം, കാന്തി തുടങ്ങിയവ കവിതയുടെ വിശേഷഗുണങ്ങളാണല്ലോ.

33. മരന്ദം=തേൻ.

34. ചിത്രവർണ്ണാംഗമരീചി = പലനിറമിടകലർന്ന ശരീരത്തിന്റെ കാന്തി. കളനിസ്വനം=മനോഹരമായ ശബ്ദം. ചിത്തവല്ലി=മനസ്സാകുന്ന വള്ളി. എഴുത്തച്ഛന്റെ കിളി മനോദൃഷ്ടിക്ക് ദൃശ്യമായി. നല്ലൊരു കവിത വായിക്കുമ്പോൾ ഒരു സഹൃദയനുണ്ടാകുന്നതും ഇന്ന വിധമെന്നു പറഞ്ഞറിയിപ്പാൻ കഴിയാത്തതുമായ ആ ആഹ്ലാദാനുഭവത്തെയാണ്, ഈ പദ്യങ്ങളെക്കൊണ്ടു വിവരിച്ചിട്ടുള്ളത്.

34. തൻചിത്രവർണ്ണാംഗമരീചിയാൽക്ക-
ണ്ണഞ്ചിപ്പൊരോമൽക്കിളിയേറെനേരം
കൊഞ്ചിക്കളിച്ചു കളനിസ്വനത്തോ-
ടെൻചിത്തവല്ലിച്ചെറുചില്ലതോറും.

35. ചുഴിഞ്ഞു വായിപ്പുളവെന്നൊടർത്ഥം
ചോദിച്ചിരുന്നു ചില ദിക്കിലായാൾ;
ഹാ കഷ്ട,മുൽക്കൃഷ്ടവിചാരനാമി-
ജ്ജിജ്ഞാസു വിജ്ഞാനവിദൂരസംസ്ഥൻ.

36. ഈമട്ടെത്ര വിലപ്പെട്ടും മണികളു-
ണ്ടിങ്ങാകരംതോറു!-മ-
ശ്രീമദ്വസ്തുചയത്തെ—യെന്തു പറയാം
വ്യാമോഹദവൈഭവം!—
പാഴ്മണ്ണിൻപൊടി പററുമെന്നു കരുതി
സ്പർശിക്കയേ ചെയ്യതി-
ല്ലോ,മൽസ്സോദരമർത്ത്യനക്കറ പെറും
മേലാളിമാർതൻ കരം!

—•<>•—

35. ഉൽക്കൃഷ്ടവിചാരൻ=ഉൽക്കൃഷ്ടമായ വിചാരത്തോടുകൂടിയവൻ. ജിജ്ഞാസു=അറിവാൻ ആഗ്രഹിക്കുന്നവൻ. വിജ്ഞാനവിദൂരസംസ്ഥൻ=വിജ്ഞാനത്തിൽ (അറിവിൽ)നിന്നു തുലോം ദൂരെ നില്ക്കുന്നവൻ (പാഠശാലയിൽ പ്രവേശമേ കിട്ടാത്തവൻ).

36. ആകരം=(മണികളും മററും) ഉണ്ടാവുന്ന സ്ഥലം—ഇവിടെ, 'അതാതിടങ്ങളിൽ' എന്നർത്ഥം. ശ്രീമദ്വസ്തുചയത്തെ=ശ്രീയുള്ള വസ്തുക്കളുടെ സമൂഹത്തെ. വ്യാമോഹദവൈഭവം=തെററിദ്ധാരണയുടെ ദൂഷിച്ച ശക്തി. കഴുകിയാലും പോവാത്ത കറ ഇഴുകിപ്പിടിച്ച കയ്യിൽ, തട്ടിക്കളഞ്ഞാൽ പോകുന്ന പൊടി പററിയേക്കുമോ എന്നാണ് ഭയം!

## ൩

## തുഞ്ചത്തെഴുത്തച്ഛൻ

(കേക)

1. മുക്കവത്തിയിൽപ്പാരാശര്യനെന്നപോലൊരു
ചക്കാലത്തരുണിയിൽജ്ജാതനേതൊരു ദിവ്യൻ
പഞ്ചമവേദാദിസൽഗ്രന്ഥസന്തതിയാകും
പഞ്ചാമൃതത്താൽപ്പാരിൻ താപത്തെശ്ശമിപ്പിച്ചു;
ആരാമാനുജാചാര്യപുംഗവൻ ജയിക്കുന്നു —
ശ്രീരാമായണഗാനഗന്ധർവ്വൻ ജയിക്കുന്നു!

2. ആലത്തൂർഗ്രാമം ഗുരുശ്രേഷ്ഠ, നിന്നവതാര-
ത്താലതിപ്രശസ്തമായ്ച്ചമഞ്ഞിതെന്നെന്നേക്കും;
മെച്ചത്തിൽബ്ബുവാനെയിപ്പദസംസ്കാരം പഠി-
പ്പിച്ചതാം, ഗ്രാമം വാഴും മാർത്താണ്ഡശിഷ്യൻതാനോ?

3. യാതൊന്നു ദൈവജ്ഞനാം ഭവാങ്കൽ സ്വൈരം (സ്ഥിതി-
ചെയ്തിതോ, കവിമാതിൻ നീണ്ട കൺമുനപോലെ,

---

1. പാരാശര്യൻ=വ്യാസൻ. പഞ്ചമ......ന്തതി=അഞ്ചാംമറ (മഹാഭാരതം) തുടങ്ങിയ ശ്രേഷ്ഠഗ്രന്ഥങ്ങളുടെ സമൂഹം. ശ്രീരാമാ......ർവ്വൻ=ശ്രീരാമായണം പാടുന്നതിൽ ഗന്ധർവ്വൻ. ഗന്ധർവ്വന്മാരാണ് പാട്ടിൽ നിപുണന്മാർ. തുഞ്ചത്തെഴുത്തച്ഛൻ ഒരു ഗന്ധർവ്വന്റെ അവതാരമാണെന്ന് ഐതിഹ്യമുണ്ട്.

2. അതിപ്രശസ്തം=ഏറ്റവും കേൾവിപ്പെട്ടത്. പദസംസ്കാരം=വ്യാകരണം, ശബ്ദശുദ്ധി. മാർത്താണ്ഡശിഷ്യൻ=ഹനുമാൻ. (സൂര്യനിൽനിന്നാണല്ലോ ഹനുമാൻ വ്യാകരണം പഠിച്ചത്.) ഹനുമാനാണ്, ആലത്തൂർ ഗ്രാമത്തിലെ പരദേവത.

3. ദൈവജ്ഞൻ=ദൈവത്തെ അറിയുന്നവൻ. ജ്യോതിഷികൻ എന്നും. കവിമാത്=വാഗ്ദേവി.

പൈതലാം മലയാളഭാഷതൻ ശരിയായ
ജാതകം കുറിച്ചിട്ടതത്തിരുനാരായം താൻ!

4. തൻകിടാവിനോടൊപ്പമങ്ങുന്നു താലോലിച്ച
പൊങ്കിളിപ്പൈതലിൻ്റെ പഞ്ചമസ്വരാലാപം,
ഇരുളിൽ മയങ്ങിയ ലോകത്തെയുണർത്തിയി-
ട്ടു,രുണപ്രഭ വീശും സുപ്രഭാതത്തെക്കാട്ടീ.

5. തേൻ പഴം പാലും നുകന്നക്കിളി, ഭവാനുടെ
മാണ്പെഴും കവിതതൻ മാണിക്യക്കൈത്തണ്ടിന്മേൽ
മാംഗല്യചഞ്ചുഗ്രത്താൽ പവിഴപ്പൊളി ചാർത്തി-
ത്തുങ്ങിനിന്നാടിക്കളിച്ചീടിനാൾ ചിരകാലം.

6. അപ്പഞ്ചവർണ്ണത്തത്തതൻചിറകടി നല്ലൊ-
രത്ഭുതവിശറിയായ് കൈരളീദേവിക്കുന്നാൾ;
സഞ്ചിതമധുരിമസാരമാമതിൻ കളി-
ക്കൊഞ്ചലോ, മുൻകേൾക്കാത്ത വീണവായനയായി!

---

4. ഇതിലെല്ലാം ഒരു 'കിളി'യെപ്പറയുന്നത്, 'കിളിപ്പാട്ടി'നെ ഉദ്ദേശിച്ചാണ്. എഴുത്തച്ഛൻ സാങ്കല്പികമായ ഒരു കിളിപ്പെണ്ണിനെക്കൊണ്ടു പാടിക്കുകയാണല്ലോ ചെയ്തിട്ടുള്ളത്. 'ഇരുളിൽ...കാട്ടീ' —അജ്ഞാനത്തിൽ മുഴുകിയ ലോകത്തിന്നു തത്വജ്ഞാനം നല്കി.

5. കൈത്തണ്ട്—'തണ്ട്' എന്നതിൽനിന്ന് ഒരു ലത എന്നു ദ്യോതിക്കുന്നു. മാംഗല്യചഞ്ചുഗ്രം=മംഗലകരമായ കൊക്കിൻതലപ്പ്. കൊക്കിൻ്റെ അഗ്രത്തെത്തന്നെ പവിഴപ്പൊളിയായി കല്പിക്കുന്നു. വാഗ്ദേവി (കവിത)യുടെ കയ്യിൽ ഒരു തത്തയുണ്ടെന്ന പ്രസിദ്ധികൂടെ ഇവിടെ ഓർക്കണം. മാണിക്യം, പവിഴം എന്നിവകൊണ്ട്, എഴുത്തച്ഛൻ്റെ ഹൃദ്യമായ 'മണിപ്രവാളം' സൂചിപ്പിക്കപ്പെടുന്നു.

6. സഞ്ചിതമധുരിമസാരം=മാധുര്യത്തിൻ്റെ സത്തു നേടിയ.

7. അശ്രാന്തമോരോശാസ്ത്രം ശിഷ്യരെപ്പഠിപ്പിക്കും;
വിശ്രാന്തിനേടും ബ്രഹ്മധ്യാനത്താലനുവേലം;
ഇത്തരം ഭവാനൊരു സിദ്ധനാമൃഷിയെപ്പോ-
ലത്രയും പ്രശാന്തമായ് നയിച്ചു തൻജീവിതം.

8. വൈരാഗ്യാമൃതരസം വഹിക്കും ഭവച്ചിത്ത-
ക്ഷീരസിന്ധുവിൽനിന്നു പിറന്ന 'ചിന്താരത്നം'
കൈരളീസാഹിത്യത്തിൻനെഞ്ചിലായ്ത്തിളങ്ങുന്നു,
കൈടഭാന്തകൻതങ്കൽക്കൌസ്തുഭരത്നം പോലെ.

9. ഹൃഷ്ടയായ് പ്രകൃതിതാനദരാൽപ്പനിനീർപ്പൂം-
പട്ടെങ്ങും വിരിച്ചിട്ട താവകാശ്രമഭൂവിൽ
പ്രത്യഹം തവ ശുകി പാടിയ ഗീതത്തിൽനി-
ന്നെത്ര രാഗങ്ങൾ ചൊഴിഞ്ഞുൾച്ചേർന്നു കിടപ്പുണ്ടാം!

10. വെട്ടത്തുനാട്ടിൻ നിത്യസൌഭാഗ്യസത്സിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻപറമ്പേ, നമസ്കാരം!

---

7. അശ്രാന്തം=ശ്രമമില്ലാതെ. അനുവേലം=തക്കസമയത്ത്.

8. വൈരാഗ്യാമൃതരസം=വൈരാഗ്യമാകുന്ന അമൃത്. ഭവച്ചിത്തക്ഷീരസിന്ധു=അവിടുത്തെ മനസ്സാകുന്ന പാൽക്കടൽ. കൈടഭാന്തകൻ=വിഷ്ണു.

9. ഹൃഷ്ട=സന്തോഷം പൂണ്ടവൾ. താവകാശ്രമഭൂവ്=അവിടുത്തെ ആശ്രമപ്രദേശം. തുഞ്ചൻപറമ്പിലെ മണ്ണു കുറെ ചുകന്നതാണ്; അതിനാൽ, 'പ്രകൃതി......വിരിച്ചിട്ട' എന്നു കല്പിക്കുന്നു. പ്രത്യഹം=നാൾതോറും. രാഗങ്ങൾ=സംഗീതശാസ്ത്രപ്രകാരമുള്ള 'രാഗ'ങ്ങൾ, ചുകപ്പ് എന്നും.

10. നിത്യ.........പ്പൊട്ട്=നിത്യമായ സൌഭാഗ്യത്തിനുള്ള ശ്രേഷ്ഠമായ സിന്ദൂരപ്പൊട്ട്. അവിടുത്തെ മണ്ണിന്റെ ചുകപ്പുകൊണ്ടു

കളഗാനത്തോടൊരു തത്തപ്പെണ്മണി തത്തി-
ക്കളിച്ച തളിർച്ചെടിപ്പടപ്പേ, നമസ്കാരം!
ചേണൊക്കും പുതുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം!

൪

## കാറു കണ്ട കർഷകൻ.

1. നിദാഘസന്ധ്യാർക്കമയൂഖമായ
നീർ മിക്കതും വററിയതോടുകൂടി,
ആകാശമാം വാപിയിലംബുവാഹ-
മങ്ങിങ്ങു പൊങ്ങീ ചളിയെന്നപോലെ.

2. ഭൂചക്രപാത്രത്തിലുരത്ത വൈലാം
ചെന്തീ ചിരാൽ കത്തിയടങ്ങിയപ്പോൾ,
കാർമേഘമാകും മഷി കൈവളർന്നു-
കാണായ് നഭസ്സായ മുകൾച്ചെരാതിൽ.

---

ശ്രേ, 'സിന്ദൂരപ്പൊട്ടാ'യും 'തളിർത്ത' ചെടിപ്പടപ്പാ'യും കല്പിച്ചതു്.
പുതു......ശ്വരൻ=നവീനകേരളഭാഷയെ സൃഷ്ടിച്ചവൻ.

---

1. നിദാ......ഖം=വേനൽക്കാലത്തെ അന്തിസ്സൂര്യന്റെ കിരണം. വാപി=കുളം. അംബുവാഹം=മേഘം. വേനൽക്കാലത്തിന്റെ അവസാനത്തിൽ ഒരു ദിവസം വൈകുന്നേരം മഴക്കാറു കാണായി.

2. ഭൂചക്രപാത്രം=പാരിടമാകുന്ന പാത്രം. ഉരത്ത=കട്ടത്ത. നഭസ്സ്=ആകാശം. ചെരാതു്—ഒരുതരം മൺപാത്രം. ഒരു തീ പിടിപ്പിച്ച പാത്രത്തിന്റെ മുകളിൽ ചെരാതുവെച്ചു മഷി പിടിപ്പിക്കുന്ന നാട്ടുസമ്പ്രദായത്തെ ഓർക്കുക.

3. ഇളാതലം നല്ലൊരിളംതുടപ്പാൽ-
ത്തിളങ്ങി, നീർകൊണ്ടൽ മുതിർന്ന നേരം,
പ്രാണാധിനാഥന്റെ സമാഗമത്തിൽ
നവോഢതൻ പൂങ്കവിളെന്നപോലെ.

4. കവോഷ്ണസൂര്യാംശുസുവർണ്ണനീരിൽ-
ക്കുളിച്ചു സന്ധ്യാംഗന ചന്തമോടേ
അഴിച്ചു ചിക്കീടിന കേശപാശ-
മാകാ,മണികൊണ്ടലിതംബരാന്തേ!

5. തൂമിന്നലാം കേസരി തന്നിരിമ്പു-
കൂടാകവൊന്നീ,യസിതാഭ്രകൂടം:
ഇടയ്ക്കതിൻമേനി വെളിയ്ക്കു കാണായ്;
ഗഭീരമാം ഗർജ്ജിതവും മുഴങ്ങീ.

6. ഭൂഭാഗശാലയ്ക്കൊരു നീലമേലാ-
പ്പാ,കാശവാടിയ്ക്കു തമാലജാലം,
തടിന്നടിയ്ക്കിന്ദ്രമണിക്കളിത്ത-
ട്ടേ—വം ലസിച്ചൂ ജലദപ്രതാനം.

---

3. ഇളാതലം=പാരിടം. സമാഗമം=കൂടിച്ചേർച്ച. നവോഢ=പുതുതായി വേൾക്കപ്പെട്ട യുവതി. ഗ്രീഷ്മദിനാന്തത്തിൽ മഴക്കാറുണ്ടായാൽ ഭൂമി സ്വല്പം ചുകന്നതായി തോന്നുമല്ലോ.

4. കവോഷ്ണ...നീർ=ഇളംചൂടുള്ള സൂര്യകിരണമാകുന്ന സ്വർണ്ണവെള്ളം. സന്ധ്യാംഗന=സന്ധ്യയാകുന്ന സ്ത്രീ. അംബരാന്തേ=ആകാശത്തിൽ, വസ്ത്രത്തിൻമേലേ എന്നും.

5. അസിതാഭ്രകൂടം=കറുത്ത മേഘങ്ങളുടെ കൂട്ടം. അതിൻ—സിംഹത്തിന്റെ. ഗഭീരം=ഗംഭീരം. ഗർജ്ജിതം=അലർച്ച, ഇടിമുഴക്കം എന്നും.

6. വാടി=ഉദ്യാനം. തമാലജാലം=പച്ചിലമരക്കൂട്ടം. തടിന്ന

7. വേഴാമ്പൽ പോലുന്മുഖനായി നില്ക്കും
കൃഷീവലന്നേറെ വിടൎന്ന കണ്ണിൽ
സുഖാഞ്ജനസ്സത്തെഴുതിച്ചു മേഘം
സൌദാമിനീരൂപ്യശകാലയാലേ!

8. പുത്തൻപയോദങ്ങളിൽനിന്നിടയ്ക്കു
പുറപ്പെടും പേലവഗൎജ്ജിതത്താൽ
അവന്റെ കൎണ്ണദ്വയമാസ്വദിച്ചി-
ത്വഭംഗമംഗല്യമൃദംഗനാദം.

9. അബ്ദങ്ങൾ വാനത്തു ചരിപ്പതീക്ഷി-
ച്ചവന്നൊരാഹ്ലാദരസം വളൎന്നു:
'മേയുന്നിതോ, മേനി മിനുത്തുരുണ്ടു
മെച്ചപ്പെടും പോത്തുകൾ പുൽപ്പുറമ്പിൽ?

10. സന്ധ്യാരുണാംശൂൽക്കരമായ നെൽത്ത-
ണ്ടൊക്കെപ്പറിച്ചിട്ടുഴുതൊപ്പമാക്കി,

---

ടി=മിന്നലാകുന്ന ആട്ടക്കാരി. ഇന്ദ്ര.....ത്തട്ട്=ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള നൃത്തരംഗം. ജലദപ്രതാനം=മഴക്കാറിൻപരപ്പ്.

7. ഉന്മുഖൻ=മേല്പോട്ടു നോക്കുന്നവൻ. കൃഷീവലൻ=കൃഷിക്കാരൻ. സുഖാഞ്ജനസ്സത്ത്=സുഖമാകുന്ന അഞ്ജനത്തിന്റെ സത്ത്. സൌദാ.....ക=മിന്നലാകുന്ന വെള്ളിശ്ശലാക (കണ്ണെഴുത്തുകോൽ) മേഘത്തെ കണ്ടിട്ടു കൎഷകനു കണ്ണു കുളിൎത്തു.

8. പയോദം=മേഘം. പേലവഗൎജ്ജിതം=മൃദുവായ ഇടിമുഴക്കം. അഭംഗ.....ദം=തടവററതും മംഗലസൂചകവുമായ മൃദംഗത്തിന്റെ ശബ്ദം. ഇടിമുഴക്കം ആയാൾക്കു മൃദംഗശബ്ദംപോലെ ആനന്ദം നല്കി.

9. അബ്ദം=മേഘം. ചരിക്കു=നടക്കുക. ഉത്തരാൎദ്ധംമുതൽ ആയാളുടെ ആഹ്ലാദത്തിനു കാരണമായ വിചാരങ്ങളെ വൎണ്ണിക്കുന്നു.

10. സന്ധ്യാ.....രം=അന്തിസ്സൂൎയ്യന്റെ രശ്മികളുടെ സമൂഹം. വാരിദം=മേഘം.

വളത്തിനായ്ച്ചാണകമിട്ടിതാരോ,
വാനായ പാടത്തണിവാരിദത്താൽ!

11. ജൃംഭിക്ക, ജൃംഭിക്ക, കടുത്ത ചൂടേ;
സംപ്രാപ്തമായ് നിൻ തല പോം മുഹൂർത്തം:
മുകിൽക്കരിന്തോലുറയിങ്കൽനിന്നു-
ണ്ടൂരുന്നു മിന്നൽത്തെളിവാൾ മഹേന്ദ്രൻ!

12. ധരിത്രി, പോരും പരിതാപമമ്മേ:
ദുഃഖങ്ങൾ സൌഖ്യത്തിനകമ്പടിക്കാർ;
ഇതാ, നമുക്കായമൃതം നിറച്ച
നീലാശ്മകുംഭങ്ങൾ നിരന്നു വാനിൽ!

18. വിദ്യുന്മഹാലക്ഷ്മി പുണന്ന മെയ്യിൽ
വലാരിവില്ലാം വനമാല ചാർത്തി,
താപാർത്തരക്ഷയ്ക്കെഴുനള്ളിനില്പൂ
താപിഞ്ഛവർണ്ണം തടവുന്ന ദേവൻ!

14. ആമോദഭൂമാവുയരുംവിധം നീ-
രാടിക്കുമിന്നങ്ങയെ നീരദങ്ങൾ;

---

11. ജൃംഭിക്ക = വർദ്ധിച്ചുകൊള്ളുക. വേനൽക്കാലത്ത് ആകാശത്തു മേഘം നിരന്നാൽ ചൂടു വർദ്ധിക്കുമല്ലോ. സംപ്രാപ്തമായ് = വന്നുകഴിഞ്ഞു.

12. ധരിത്രി = ഭൂമി! പരിതാപം = ചൂട്, ദുഃഖം. അമൃതം = അമൃത്, വെള്ളം. നീലാ......ങ്ങൾ = ഇന്ദ്രനീലക്കല്ലുകൊണ്ടുള്ള കുടങ്ങൾ.

13. വിദ്യുന്മഹാലക്ഷ്മി = മിന്നലാകുന്ന ശ്രീഭഗവതി. വലാരിവില്ല് = ഇന്ദ്രചാപം (മഴവില്ല്) താപാർത്തരക്ഷ = താപംകൊണ്ടു വലഞ്ഞവരെ രക്ഷിക്കൽ. താപിഞ്ഛവർണ്ണം = തമാലവർണ്ണം. ഇതിൽ മേഘത്തെ വിഷ്ണുവായധ്യവസാനം ചെയ്യുന്നു. ദേവശബ്ദം മേഘത്തിന്റേയും പര്യായമാണ്.

14. ആമോദഭൂമാവ് = ആമോദത്തിന്റെ (സുഗന്ധത്തിന്റെ,

നാളെ സ്വയം, നിൻതിരുമാറിൽ ഞാനെൻ
നെൽവിത്തിനാൽ പൊന്മണിമാല ചാർത്തും!

15. അന്തർജ്ജനം പോലറയിൽക്കിടക്കും
വിത്തേ, നിനക്കീയിരുൾ വിട്ടു നാളെ,
അമ്മയ്ക്കുടുപ്പാനഴകാറ്റ പച്ച-
പ്പൂംപട്ടു നെയ്യുന്ന പണിക്കിറങ്ങാം.

16. ധാത്രീപ്രസാദാൽ പുനരെത്രയെത്ര
സിദ്ധിക്കുകില്ലഭ്യുദയം ക്രമാൽ തേ?
സ്വമാതൃസേവാവിധിതാൻ മഹത്വ-
സ്വർഗ്ഗത്തിലെയ്ക്കുള്ള വിമാനയാനം.'

17. ഈ മാതിരിക്കുള്ള മനോരഥത്തി-
ലേറിക്കൃഷിക്കാരനവൻ ചരിക്കേ,
ക്ഷണാലതിൻ ഭാസ്വരമായിരുന്ന
മാർഗ്ഗത്തിലെല്ലാമിരുൾ വന്നുയർന്നു:

---

ആനന്ദത്തിന്റെ) ആധിക്യം. നീരദം=മേഘം. പുതുമഴ പെയ്താൽ മണ്ണിൽനിന്ന് ഒരു മണം പുറപ്പെടുമല്ലോ.

15. വിത്തു വിതച്ചു മുളച്ചാൽ, ഭൂമിമേൽ ഒരു പച്ചപ്പട്ടു വിരിച്ച മാതിരിയാകുമല്ലോ. ഘോഷാസമ്പ്രദായവും മററും വിട്ടു ഭാരതീയസ്ത്രീകൾ ഖദർനിർമ്മാണത്തിന്നും മററും തുനിയേണ്ടതിനെ വ്യഞ്ജിപ്പിക്കുന്നു.

16. ധാത്രീപ്രസാദാൽ=ഭൂമിയുടെ (അമ്മയുടെ) പ്രസാദത്താൽ. തേ=നിനക്ക്, വിത്തിന്ന്. സ്വമാതൃസേവാവിധി=തന്റെ അമ്മയെ സേവിക്കൽ. യാനം=വാഹനം.

17. മനോരഥം=മനോരാജ്യം, മനസ്സാകുന്ന തേരെന്നും. അതിൻ—മനോരഥത്തിന്റെ ഭാസ്വരം=പ്രകാശിക്കുന്ന, സുഖകരമായ. മനോരാജ്യം തുടർന്നുകൊണ്ടുപോകവേ, ദുഃഖത്തിന്നുള്ള കാരണം വന്നു. നേരം ഇരുട്ടിത്തുടങ്ങിയതും ധ്വനിക്കുന്നു.

18. കയത്തുകൊണ്ടോടിയടുത്തു ചീറവും
കാററിൻെറ കല്ലേറു പൊറാഞ്ഞയാലേ
മേച്ചിൽപ്പുറം വിട്ടു കുതിക്കുയായി,
വാനത്തവൻ കണ്ട 'കരിമ്പുറ'ങ്ങൾ.

19. പ്രാരംഭമൊന്നും ഫലിയാതെ ജന്മം
പാഴായ്ക്കുലാശിച്ച വലാഹകങ്ങൾ
ഏഴെട്ടു ബാഷ്പോദകബിന്ദു മന്നിൽ
വീഴിച്ചുടൻ പോയിമറഞ്ഞിതെങ്ങോ!

20. കലച്ച പുത്തൻ നവരത്നവില്ലു-
മേന്തിപ്പുറപ്പെട്ട കരുത്തർപോലും,
ശരം വിടാനിങ്ങിട കിട്ടിടാതെ
തോല്ക്കുന്നു ഹാ, ജീവിതസംഗരത്തിൽ!

21. തൻമേനി കാട്ടാൻ തടവററ മൂലം
താരങ്ങളേ, നിങ്ങൾ ചിരിച്ചിടുന്നു:

---

18. കാററിൻെറ കല്ലേറു—കാററിൻെറ വേഗമെന്നർത്ഥം. അവൻ കണ്ട കരിമ്പുറങ്ങൾ=പോത്തുകൾ—9-ാംപദ്യം നോക്കുക.

19. വലാഹകം=മേഘം. ബാഷ്പോദകബിന്ദു=കണ്ണുനീർത്തുള്ളി. മേഘങ്ങൾ തെല്ലു മഴ ചാറി പോയ്മറഞ്ഞു. അതിനെ, അവരുടെ ഉദ്ദേശം (മഴ പെയ്യൽ) സാധിക്കാഞ്ഞതിനാലുണ്ടായ കണ്ണുനീർത്തുള്ളിയായുൽപ്രേക്ഷിക്കുന്നു.

20. നവരത്നവില്ല്=നവരത്നങ്ങൾ പതിച്ച വില്ല്, മഴവില്ല്. ശരം=അമ്പ്, വെള്ളം. സംഗരം=യുദ്ധം.

21. മേനി=ശരീരം, മേന്മ എന്നും. കാറനീങ്ങിയപ്പോൾ കാണായ നക്ഷത്രങ്ങളുടെ പ്രകാശത്തെ ചിരിയായുൽപ്രേക്ഷിക്കുന്നു. ജീ

ദരിദ്രർതൻ ജീവനഭംഗദുഃഖം
ഗണിക്കുമോ തുംഗപദസ്ഥർ നിങ്ങൾ?

22. ഈവണ്ണമായ് പ്രകൃതിദേവി പെരുത്തു തങ്ക-
നാണ്യം പരത്തിയ നഭസ്ഥലിതൻ ചുവട്ടിൽ
ഹാ കഷ്ട,മെത്ര ജനമുണ്ടൊരു ചെമ്പുതുട്ടും
കാണാതെ പട്ടിണികിടന്നു പുലർന്നിടുന്നു!

൩

## കുടിയാന്മാരുടെ പ്രാർത്ഥന.

(കേക)

1. മാതവേ മഹീദേവി, മംഗളം വാഴ്ക്ക താക!
ഭൂതധാത്രിയാമങ്ങയ്ക്കസംഖ്യം നമസ്കാരം!

2. രക്ഷിപ്പൂ ഭവതിതാൻ ചേതനങ്ങളെയെല്ലാം;
ലക്ഷ്മിയാം ഭഗവതി നിൻവശംവദയല്ലോ.
പൂമാതിൻ കരം കോർത്തുപിടിക്കും തൃക്കൈകളാൽ
പ്രേമമോടിങ്ങുള്ളോരെയൊന്നനുഗ്രഹിച്ചാലും!

---

വനഭംഗദുഃഖം=ജീവനം (ജീവിതോപകരണം, വെള്ളമെന്നും) നശിച്ചതിലുള്ള ദുഃഖം. തുംഗപദസ്ഥർ=ഉയൎന്ന പദവിയിലിരിക്കുന്നവർ.

22. നക്ഷത്രങ്ങളെ തങ്കനാണ്യമായി അധ്യവസായം ചെയ്യുന്നു. നഭസ്ഥലി=വാനിടം.

---

1. ഭൂതധാത്രി=ജീവജാലങ്ങളുടെ പോററമ്മ (ഭൂമി).

2. ചേതനങ്ങൾ=ജീവികൾ. വശംവദ=സ്വാധീന. 'പൂമാതിൻ......തൃക്കൈകളാൽ'—അവ്വണ്ണമുള്ള കൈകളെക്കൊണ്ടനുഗ്രഹിച്ചാൽ മതി, ഞങ്ങൾക്കു സമ്പത്തുണ്ടാകുവാൻ എന്നു വ്യഞ്ജിക്കുന്നു. ലക്ഷ്മിയും ഭൂമിയും വിഷ്ണുവിന്റെ ഭാൎയ്യമാരാണെന്നു പ്രസിദ്ധം.

3. മേരുമാമല താൻതാൻ മേല്ക്കുമേൽക്കറന്നിട്ടും,
വാരുററ ഹിമാചലമാവോളം നുകൎന്നിട്ടും
തെല്ലുമേ കുറഞ്ഞിട്ടില്ലാത്ത നിൻനറുംപാൽകൊ-
ണ്ടല്ലയോ, ഗോരൂപിണി, വിണ്ണോരും പുലരുന്നു?

4. പുത്രർതൻ നന്മയ്ക്കായെന്തത്തലും സഹിക്കുവാ-
നിത്രയും കനിവാൎന്ന മററൊരു മാതാവുണ്ടോ?

---

3. പണ്ടു വേനൻ എന്ന ദുഷ്ടരാജാവിനെ, അയാളുടെ ഉപദ്രവത്താൽ പൊറുതി മുട്ടിയ മഹൎഷിമാർ ശപിച്ചു വധിച്ചതിന്നുശേഷം, അയാളുടെ മാതാവു സൂക്ഷിച്ച ആ ശവത്തിന്റെ കൈകൾ കടഞ്ഞപ്പോൾ അതിൽനിന്നു ലോകരക്ഷയ്ക്കുവേണ്ടി മഹാവിഷ്ണു മനുഷ്യനായവതരിച്ചു. 'പൃഥു' എന്നു പേരായ അദ്ദേഹം രാജാവായപ്പോൾ, ദാരിദ്ര്യാഭിഭൂതരായ പ്രജകൾ തുടരെത്തുടരെ അദ്ദേഹത്തിന്റെ അരികെ വന്ന് അന്നം യാചിച്ചുതുടങ്ങി. അവൎക്ക് അന്നം കൊടുപ്പാനായി അദ്ദേഹം ഭൂമിയോടാജ്ഞാപിച്ചു. അധൎമ്മിഷ്ഠമായ ലോകത്തിന്ന് അന്നം കൊടുക്കുകയില്ലെന്നു തീൎച്ചയാക്കി ആദ്യം ഭൂമി പശുരൂപമെടുത്ത് ഓടിപ്പോയെങ്കിലും സകോപം പിന്തുടൎന്നുചെന്ന രാജാവു 'ധൎമ്മത്തെപ്പാലിച്ചുകൊള്ളാം'മെന്നു വാഗ്ദാനം ചെയ്തപ്പോൾ, ഭൂമി വഴിപ്പെട്ടു. അന്നു പൃഥുവിന്റെ ആജ്ഞയനുസരിച്ചു, ദേവന്മാർ, അസുരന്മാർ, മനുഷ്യർ മുതലായ ഓരോ സമുദായവും സ്വജാതിമുഖ്യനെ കന്നുകുട്ടിയാക്കി ഭൂമിയിൽനിന്നു വേണ്ടതെല്ലാം കറന്നെടുത്തു. എല്ലാ സാധനങ്ങളും പാലായിട്ടാണ് വന്നിരുന്നത്: ('താഃ ക്ഷീരപരിണാമിനീഃ' എന്നു വിഷ്ണുപുരാണം). അന്നു പൎവ്വതങ്ങൾക്കു കന്നുകുട്ടി ഹിമവാനും, കറവുകാരൻ മഹാമേരുവുമായിരുന്നു. ഈ അംശമാണ്, ഈ ഖണ്ഡത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ഗോരൂപിണി=പശുരൂപമെടുത്തവൾ. 'വിണ്ണോരും പുലരുന്നു'—ഭൂമിയിൽ യാഗാദികൎമ്മങ്ങൾ ചെയ്യുകിലേ ദേവകൾക്കാഹാരമുള്ളു എന്നു പ്രസിദ്ധം.

4. സൽഗുണരത്നഗ്രാമം=നല്ല ഗുണങ്ങളാകുന്ന, അഥവാ നല്ല ഗുണങ്ങളുള്ള രത്നങ്ങളുടെ സമൂഹം. ഏതത്=ഏതയം—ഭൂമിയുടെ അ

എത്ര സൽഗ്ഗുണരത്നഗ്രാമമുണ്ടിവിടത്തെ-
യത്യഗാധമാം ഹൃത്തിന്നടിയിൽക്കിടക്കുന്നു!

5. ചിന്തിതഫലമെന്തുമേകുവാൻ കഴിവുള്ള
നിന്തിരുവടിയല്പം പ്രസാദിച്ചരുളുകിൽ
പാഴ്മരം മരകതച്ചെണ്ടുകൾ ചൂടീടുന്നു;
കോമളത്തങ്കത്തണ്ടായ് മാറുന്നു പുല്ലിൻകൊടി!

6. ഞങ്ങളതിബലഹീനരാകിലും ഭക്തന്മാരാം
ഞങ്ങളെയൊരുനാളുമങ്ങു കൈവെടിയൊല്ലേ.
ധന്യരാകട്ടേ ചിലർ, ദീനരാകട്ടേ ചിലർ,
തന്നിലുണ്ടായോരെല്ലാം തായയ്ക്കു കിടാങ്ങൾതാൻ;
രണ്ടുകൂട്ടൎക്കുമൊരുപോലവേ മാതാവമ്പിൾ-
ക്കൊണ്ടു തൻതിരുമടി വീതിച്ചുകൊടുക്കുന്നു.

7. വേലയിൽ ക്ഷീണിയ്ക്കുവേ കിതപ്പുൾക്കൊള്ളും
(നെഞ്ചാം
താലവൃന്തത്താലമ്മേ, നിന്മെയ്യിൽ വീശീടാനും,

---

നതഭാഗം. ഭൂമി 'സൎവ്വംസഹയും' (=എല്ലാം സഹിയ്ക്കുന്നവൾ) 'രത്നഗൎഭയും (=ഉള്ളിൽ രത്നങ്ങളുള്ളവൾ) ആണല്ലോ.

5. ചിന്തിതഫലമെന്തും=ആഗ്രഹിച്ച ഫലം (കായ്) എല്ലാം. 'പാഴ്മരം......കൊടി'—പട്ടമരംപോലും പച്ച പിടിയ്ക്കുന്നതിനേയും, നെല്ലു തുടങ്ങിയവ വിളവാകുന്നതിനേയും പരാമൎശിയ്ക്കുന്നു. അവിടുത്തെ പ്രസാദത്താൽ എളിയവരും വലിയവരായിത്തീരും.

6. അതിബലഹീനർ=എത്രയും ശക്തിയില്ലാത്തവർ.

7. താലവൃന്ദം=വിശറി. ശ്രമജലശീകരങ്ങൾ=വിയൎപ്പുതുള്ളികൾ. ഞങ്ങൾക്കു ഞങ്ങളുടെ പ്രയത്നശീലമായ ശരീരമല്ലാതെ വേറെയൊന്നും അങ്ങയെപ്പൂജിപ്പാനില്ല; എങ്കിലും അങ്ങയെപ്പൂജിപ്പാ

അപ്പപ്പോൾ ശ്രമജലശീകരങ്ങളെക്കൊണ്ടു
തൃപ്പദപീഠത്തിന്മേൽ പുഷ്പങ്ങൾ പൊഴിപ്പാനും
ഞങ്ങൾക്കു ഭവിക്കുരുതെന്നെന്നുമൊരു വിഘ്നം;-
മങ്ങയിൽ സംജീവിതം സമർപ്പിച്ചവർ ഞങ്ങൾ!

---

൩

## തിരൂർ—പൊന്നാനിപ്പുഴ

---

1. തിരൂരിൽനിന്നിപ്പുഴ നാലു കാതം
നീണ്ടും, പലേടം ബഹുധാ വളഞ്ഞും,
കാട്ടിൽപ്പെരുംപാമ്പിഴയുന്ന മട്ടു
കാണിച്ചു, തെക്കോട്ടൊഴുകുന്നു മന്ദം.

2. പൊന്നാനിയിൽച്ചെന്നു നദീവതംസ-
പൊന്നായ സാക്ഷാൽ നിളയോടിണങ്ങി,
ഈയുപ്പുവെള്ളപ്പുഴ വിശ്രമാർത്ഥം
പൂകുന്നു, പൂർവ്വേതരസാഗരത്തിൽ.

---

നിസ്തരിക്കുന്നവരും അങ്ങയിൽ ജീവിതം അർപ്പിച്ചവരും പുത്രന്മാരുമായ ഞങ്ങൾക്ക് അങ്ങയുടെ മടിയിൽനിന്ന് 'കഴിഞ്ഞുപോകുവാൻ' ഇട വരരുതെന്നു പ്രാർത്ഥന.

---

1. ബഹുധാ=പലമാതിരി.

2. നദീവതംസപ്പൊന്ന്=നദികൾ ശിരസ്സിലണിയുന്ന സ്വർണ്ണാഭരണം—നദികളിൽവെച്ചു ശ്രേഷ്ഠ. നിള=പേരാർ. പൂർവ്വേതരസാഗരം=പടിഞ്ഞാറെ (അറബി)ക്കടൽ. ഹീനന്മാൎക്കുപോലും സൽസംഗം കൊണ്ടുണ്ടാവുന്ന നന്മ സൂചിപ്പിക്കുന്നു.

3. കാണാമൊരാകാശചരന്നിതിങ്ങൊ-
രാപാണ്ഡുരച്ചേല വിരിച്ചപോലെ;
വക്കത്തനേകം ചെടി, പച്ചനാട
തുന്നിപ്പിടിപ്പിച്ചതിനൊപ്പമായും.

4. കരയ്ക്കു നില്ക്കുന്നൊതളങ്ങൾതന്മേൽ-
നിന്നാറുവീണീടുമുരുണ്ട കായ്കൾ
ഇതിൻതിരക്കൈകളിലുല്ലസിപ്പൂ,
പച്ചക്കളിപ്പന്തുകളെന്നപോലെ.

5. പലേതരം പാഴ്ച്ചെടികൾക്കു മദ്ധ്യേ
നിന്നീടുമീക്കൈതകൾതൻ മലക്കും
സുഗന്ധവണ്ണാദിഗുണങ്ങളേതാ-
ണ്ടുണ്ടെ:-ങ്ങു മായുന്നു കുലപ്രഭാവം?

6. പച്ചപ്പുതപ്പിട്ടകളഗ്രസീമ്നി
ചുഴന്നെഴും തെങ്ങുകൾ ഭംഗിയോടേ
നില്പുണ്ടിതിൻ വക്കിനു, കേരളശ്രീ-
മാതിന്റെ പീലിക്കുടകൾക്കു തുല്യം.

7. ചുരുക്കമിക്കേരനിരയ്ക്കു പൊക്കം;
നിലത്തുനിന്നാൽ മതി കായ് പറിപ്പാൻ;

---

3. ആകാശചരൻ=ആകാശത്തിലൂടെ നടക്കുന്നവൻ-ഇത് - പുഴ. ആപാണ്ഡുരച്ചേല=ഒട്ടു വെളുത്ത വസ്ത്രം.

5. പായക്കൈതയാണ്, പൊൻകൈതയല്ല ഇത്. കുലീനന്മാർ നികൃഷ്ടന്മാരുടെ ഇടയിൽപ്പെട്ടാലും, അവരുടെ ഗുണങ്ങൾ തീരെ പോയ്പ്പോകയില്ല.

6. അഗ്രസീമ്നി=മേൽഭാഗത്ത്.

7. കേരനിര=തെങ്ങിൻകൂട്ടം. പരാർത്ഥം=അന്യർക്കുവേണ്ടി—

പരാത്ഥമായ്ത്താൻ ഫലസത്സമൃദ്ധി-
യേന്തുന്നവയ്ക്കെന്തിനുയച്ച്വവേറേ?

8. തണ്ണീരണിത്തേങ്ങകളായ തങ്ക-
ക്കുടങ്ങളാലീച്ചെറുതെങ്ങിനങ്ങൾ
തരംഗിണീറാണി, തവാഭിഷേക-
ക്രിയയ്ക്കു ഭാവിയ്ക്കുകയായിരിയ്ക്കാം!

9. ഇതാ, കിഴക്കേക്കരമേൽപ്പറമ്പൊ-
ന്നൊരാലയത്തിൻ തറയൊത്തു കാണ്മു;
മറ്റെന്തി,തിൻനേക്കു നമസ്കരിയ്ക്കു
സാഷ്ടാംഗമായ് നീ മലയാളഭാഷേ!

10. ആ മൂക്കവപ്പാഴ്കുടിലിങ്കൽനിന്നു
സഞ്ജാത്'മഞ്ചാംമറ'യെങ്ങുനിന്നോ
കരസ്ഥമായ് കൈരളിയാൾക്കു പണ്ട-
ച്ഛക്കാലവീടിൻ തറയാണിതത്രേ.

11. നിരന്തരം തത്ത്വനിരൂപണങ്ങൾ
നടന്നതാമിഗ്ഗുരുമന്ദിരത്തിൽ,
വെറുംകളിപ്പൈങ്കിളിപോലുമെത്ര
വേദാന്തസിദ്ധാന്തമെടുത്തുപാടീ!

---

അന്യൎക്കവേണ്ടി തങ്ങളുടെ സമ്പത്തെല്ലാം വിനിയോഗിയ്ക്കുന്നതുതന്നെ വലിയ ഔദാര്യ(മേന്മ)യാണല്ലോ.

8. തരംഗിണി=പുഴ.

10. സഞ്ജാതം=ഉണ്ടായ. നാം നികൃഷ്ടമായ് വിചാരിയ്ക്കുന്ന സ്ഥലങ്ങളിൽനിന്നാണ് പലപ്പോഴും ലോകത്തിന്നു നന്മയുണ്ടാകുന്നതെന്നു വ്യംഗ്യം.

11. ചിന്താരത്നം തുടങ്ങിയ വേദാന്തസിദ്ധാന്തപ്രതിപാദകങ്ങളായ എഴുത്തച്ഛന്റെ കൃതികളെല്ലാം 'കിളിപ്പാട്ടാ'ണല്ലോ.

12. പണ്ടത്ര കൂത്താടിയ വാണിമാതിൻ
പദാബ്ജലാക്ഷാവളമേല്ക്കയാലോ,
വിശുദ്ധമാകുന്നിവിടത്തെ മണ്ണു
വിദ്യക്കുഷസ്സിന്നുമതീവ മുഖ്യം!

13. കവീന്ദ്രനാരായണഭട്ടപാദ-
രാലും സമാരാധിതനേത്തു ശൂദ്രൻ,
ആ നാട്ടെഴുത്തച്ഛനു ജന്മഭൂവാം
'തുഞ്ചൻപറമ്പേ', വിജയിക്ക മേന്മേൽ!

14. പുഷ്പോപദേശത്തൊട,ടിക്കുതിപ്പൊൻ-
പൂച്ചുള്ള വെള്ളിച്ചഷകങ്ങളേന്തി,
അപേയമാമീപ്പുഴതന്നടുക്ക-
ലാഗന്തു, നില്പുണ്ടലരിദ്രുമങ്ങൾ.

---

12. അത്ര=അപ്രകാരം. പദാ......ളം=കാൽത്തണ്ടാരിലണിഞ്ഞ അരക്കച്ചാറാകുന്ന വളം. തുഞ്ചൻപറമ്പിലെ മണ്ണു് കുറെ ചുവന്നതാണെന്ന സംഗതി ഓർക്കുക. അതീവ=ഏററവും. തുഞ്ചൻപറമ്പിലെ മണ്ണു് ഇന്നും കുട്ടികളെ 'എഴുത്തിനു വെക്കുവാൻ' ഉപയോഗിക്കുക പതിവുണ്ടു്.

13. സമാരാധിതൻ=പൂജിക്കപ്പെട്ടവൻ. ആലത്തൂർ ഗ്രാമത്തിലുൾപ്പെട്ടതാകുന്നു തുഞ്ചൻപറമ്പും, മേല്പത്തൂർ ഭട്ടതിരിപ്പാട്ടിലെ ജന്മസ്ഥലമായ ചന്ദനക്കാവും. എഴുത്തച്ഛനെ്റനേക്കു ഭട്ടതിരിപ്പാട്ടിലേക്കു വലിയ ബഹുമാനവുമുണ്ടായിരുന്നു.

14. പുഷ്പോപദേശം=പുഷ്പങ്ങളാണെന്ന വ്യാജം. ചഷകം=പാനപാത്രം. അപേയം=കുടിക്കുവാൻ കൊള്ളരുതാത്ത. ഈ വൃക്ഷങ്ങളെ 'കുങ്കുമം' എന്നും പറയാറുണ്ടു്; അതിനാൽ 'നില്പുന്നിതു കുങ്കുമങ്ങൾ' എന്നും പഠിക്കാം. അപേയമായ പുഴയുടെ അടുക്കൽ പാത്രവുമേന്തി നില്ക്കുന്നതു വിഡ്ഢിത്തമല്ലേ എന്നു സൂചിപ്പിക്കുന്നു, 'ആഗന്തു' എന്ന പദം.

15. നദീമണേ, നിൻപടുനീർ കുടിപ്പാൻ
നന്നല്ലയെന്നാകിലുമെന്തു ദോഷം?
നരക്കു താപം സകലം കെടുപ്പാൻ
നിൻ തൈക്കുളിർക്കാററിതു പോരുമല്ലോ.

16. തടച്ചെടിക്കൂട്ടമുലച്ചുകൊണ്ടു
തത്തിക്കളിപ്പൂ ചെറുതെന്നൽ നിന്നിൽ;
നീ വെൺനുരപ്പുഞ്ചിരി പൂണ്ടു നാനാ-
ഗാനങ്ങൾ മൂളുന്നു മൃദൂർമ്മിനാദാൽ.

17. നൃശംസയാദസ്സുകളുണ്ടസംഖ്യ;-
മെന്നാലുമിസ്സിന്ധുവിലേറെ നേരം
മുങ്ങിക്കിടപ്പൂ ചിലർ മീൻ പിടിപ്പാൻ:
ദാരിദ്ര്യഭൂതത്തിനു ഭീതിയുണ്ടോ?

18. പൊതുമ്പുതോണിക്കുശവിഷ്ടരത്തി-
ലകമ്പരായ് വാണിവർ മൌനിമട്ടിൽ
സമാധികൊള്ളുന്നതു,മച്യുതൻത-
ന്നാദ്യാവതാരഗ്രഹണത്തിനത്രേ!

---

15. പക്ഷേ, അതുകൊണ്ടു് ഇപ്പുഴയ്ക്കു യാതൊരപകർഷവുമില്ലെന്നു പറയുന്നു: പടുനീർ=ഉപ്പുവെള്ളം.

16. തടം=കര. മൃദൂർമ്മിനാദാൽ=മൃദുവായ ഓളങ്ങളുടെ ശബ്ദം കൊണ്ടു്. കുട്ടിയെ കളിപ്പിക്കുന്ന ഒരു മാതാവിന്റെ പ്രതീതി.

17. നൃശംസയാദസ്സുകൾ=ക്രൂരങ്ങളായ ജലജന്തുക്കൾ. ദാരിദ്ര്യഭൂതം—ഇതു രൂപകം, മനുഷ്യരെ ബാധിച്ചുപദ്രവിക്കുന്ന ദാരിദ്ര്യത്തിന്റെ ക്രൂരതയെക്കൂടി വ്യഞ്ജിപ്പിക്കുന്നു.

18. കുശവിഷ്ടരം=ദർഭപ്പുൽകൊണ്ടുള്ള പീഠം (ഋഷിമാർക്കും മററും ഇരിക്കുവാനുള്ളതു്). അകമ്പർ=ഇളക്കമില്ലാത്തവർ. മൌനിമട്ടിൽ=മിണ്ടാതെ. സമാധികൊള്ളുക=വിചാരിക്കുക, ധ്യാനിക്കുക എ

19. കാലേ പഴംകഞ്ഞി കുറേക്കുടിച്ചു,
കയ്യിൽപ്പണിക്കോപ്പുകളോടുകൂടി,
ദരിദ്രവർഗ്ഗം ചകിരിപ്പണിക്കും
മററും തുനിഞ്ഞെത്തുമിതിൻ തടത്തിൽ.

20. സാധുക്കളിക്കൂട്ടർ വിശപ്പടക്കാൻ
നട്ടെല്ലു പൊട്ടുംപടി വേല ചെയ്യു;
അതിൻ മഹത്താം ഫലമോ, പണക്കാ_
ക്കഃ_ഹോ, നരൻതൻ സമസൃഷ്ടമൈത്രി!

21. ധനാഢ്യരേ, ധർമ്മവഴിക്കു നിങ്ങൾ
കാണിക്കുവെക്കും തനിമുത്തിനെക്കാൾ,
കൂലിപ്പണിക്കാരിവർതൻ വിയർപ്പ-
ന്നിത്തുള്ളിയാണീശ്വരനേറെയിഷ്ടം!

22. ക്ഷണേന മായും വലുതാം വഴിച്ചാ_
ലൊന്നീസ്സരിത്തിൻ നടുവിൽപ്പെടുത്തി,

---

൧൯. അച്യുതൻ......ണം=വിഷ്ണുവിൻെറ ഒന്നാമത്തെ അവതാരത്തെ (മത്സ്യത്തെ) ഗ്രഹിക്കൽ (പിടിക്കൽ, അറിയൽ).

20. സമസൃഷ്ടമൈത്രി=സമസൃഷ്ടികളിലുള്ള സ്നേഹം.

21. ധനാഢ്യർ=വലിയ പണക്കാർ. ധർമ്മവഴിക്കു=ധർമ്മമനുസരിച്ച്. ധനാഢ്യരുടെ ആ ത്യാഗം ഒരു ത്യാഗമല്ല; ഇവരുടേതോ, തികഞ്ഞ കർമ്മയോഗം.

22. 23. ഹൂൽകൃതി='ഹൂ ഹൂ' എന്ന ശബ്ദം. നവാഗ്നിപോതം=പുതുതായേർപ്പെടുത്തിയ തീബോട്ട്. ജവാൽ=വേഗത്തിൽ. കടാക്ഷശാസ്ത്രപ്പഠിപ്പ്—ശൃംഗാരചേഷ്ടകൾ അഭിനയിപ്പാനുള്ള പരിചയം. അവർ ആശ്ചര്യംകൊണ്ടാണ് നോക്കുന്നതെങ്കിലും, തങ്ങളുടെ

യന്ത്രങ്ങൾതൻ ഘൂൽകൃതിയും മുഴക്കി
നവാഗ്നിപോതങ്ങൾ ജ്വാൽഗ്ഗമിക്കും,

23. കേവഞ്ചിയൂന്നി സഹർഷം പുലത്തും
തീരസ്ഥരാം വേട്ടുവർതൻ വധുക്കൾ
പകച്ചുനോക്കുന്നു, കടാക്ഷശാസ്ത്ര-
പ്പരിപ്പുനേടാത്ത വിടർന്ന കണ്ണാൽ.

(യുഗ്മകം)

24. കള്ളിന്റെ മത്തിൽത്തല കാഞ്ഞ തോണി-
ക്കാരിങ്ങു പാടുന്നൊരിഴഞ്ഞ ഗാനം
രാവിന്റെ നിശ്ശബ്ദതയിൽത്തെളിഞ്ഞു
കേൾക്കാമയൽക്കാർക്കൊരു രക്ഷപാട്ടായ്.

25. 'വെട്ടം'നൃപന്മാരനിശം ഭജിച്ച
തദീയവംശേശ്വരി ഭദ്രകാളി,
ഇസ്സിന്ധുവിൻഭംഗികൾ കാണുവാനോ
സദാ കിഴക്കോട്ടു തിരിഞ്ഞിരിപ്പൂ!

26. ഉയർച്ചയാൽക്കുന്നുകൾ, ഉള്ളിനൊക്കു-
മാഴത്തിനാലാഴികളാം നൃപന്മാർ

---

ജീവിതോപായത്തിന്ന് ഒരു ഹാനി തട്ടിയതിലുള്ള വ്യസനംകൂടെ അതിൽ അന്തർഭവിച്ചിട്ടുണ്ട്.

25. വെട്ടത്തു ഭഗവതി ഇപ്പുഴയുടെ പടിഞ്ഞാറേക്കരമേൽ കിഴക്കോട്ടു തിരിഞ്ഞിരുന്നരുളുന്നു. തദീ.....ശ്വരി=അവരുടെ കുലദേവത.

26. കുന്നാഴിനാഥൻ=സാമൂതിരി. സാമൂതിരി കുന്ന് + ആഴി + നാഥനാണെങ്കിലും, ഉയർച്ചകൊണ്ടു കുന്നുകളും (പർവ്വതംപോലെ അത്യുന്നതന്മാരും) മനസ്സിന്റെ ആഴംനിമിത്തം ആഴികളും (സമുദ്രം പോലെ അഗാധഹൃദയന്മാരും) ആയ വെട്ടം നൃപന്മാർക്കു നാഥനാ

കുന്നാഴിനാഥന്നടിമപ്പെടാതെ
സ്വതന്ത്രരായ് വാണവരാണു നിങ്ങൾ.

27. ഹാ, വേലിയേറ്റങ്ങളിലാഴി വീചി-
ക്കൈ നീട്ടി നിന്നെപ്പുണരുന്ന നേരം
മെലിച്ചിൽ വിട്ടെത്ര പുളച്ചിടുന്നു
നദി, പ്രിയസ്പർശസുഖാൽ ത്വദംഗം!

28. സ്മരിച്ചുകൊള്ളട്ടെ, വിശുദ്ധതോയം
വഹിച്ചുകൊണ്ടന്യനദീശതങ്ങൾ;
ഉന്നിദ്രലാവണ്യമിയന്ന നീതാ-
നു,പ്പാളുമാഴിക്കനുരൂപപത്നി.

29. നിൻനീരിൽ മേവും ചില സൂക്ഷ്മരൂപ-
ജന്തുക്കളങ്ങിങ്ങിളകിത്തിളങ്ങി,
നാഥാന്തികേ പോമവളായ നിങ്കൽ-
പ്പൊൻകോപ്പു ചാർത്തുന്നിതു രാത്രിതോറും!

---

വാൻ (അവരെ കീഴൊതുക്കുവാൻ) ശക്തനായില്ല. ഇതിന്നു കാരണമോ, അവർ കുന്നുകളും (ഉന്നതന്മാരും) ആഴികളും (അഗാധഹൃദയന്മാരും) ആയതുതന്നെ എന്നുള്ളതു് ആശ്ചര്യംതന്നെ.

27. വീചി=തിര. പ്രിയസ്പർശസുഖാൽ=ഭർത്താവിന്റെ (സമുദ്രത്തിന്റെ) സ്പർശത്താലുണ്ടായ ആനന്ദംനിമിത്തം. ത്വദംഗം=നിന്റെ ശരീരം. വേലിയേറ്റത്തിൽ അടുത്ത നദികളിലും ഏറ്റമുണ്ടാകുമല്ലോ.

28. തോയം=വെള്ളം. അന്യനദീശതങ്ങൾ=വേറെ വളരെ നദികൾ. ഉന്നിദ്രലാവണ്യം=മുതിന്ന ലാവണ്യം (ഉപ്പുരസം, സൌന്ദര്യമെന്നും).

29. നാഥാന്തികേ=ഭർത്തൃസമീപത്തിൽ. ഉപ്പുവെള്ളത്തിൽ ജീവിക്കുന്ന ചില ചെറുജന്തുക്കൾ രാത്രിയിൽ മിന്നിത്തിളങ്ങുന്നതു കാണാം.

30. ദൂരാലണഞ്ഞീടിന നിന്നെ മാന്ന്യേ,
പേരാറൊ,രോമൽസ്സഖിയെന്നപോലെ
അത്ത്യാദരാൽ കൈക്കു പിടിച്ചു ഭർത്താ-
വാകും സമുദ്രത്തൊടു ചേർത്തിടുന്നു.

31. മേന്മപ്പെരുംകൊതിയരാം നരർ നിന്നു തമ്മിൽ-
ത്തല്ലട്ടെ; നീളെ വിജയക്കൊടി നാട്ടിടട്ടേ;
നീ നിത്ത്യപൂർണ്ണവുമമേയവുമായ് വിളങ്ങു-
മാ പ്രാപ്യമാം പദമണഞ്ഞു രമിക്കു ഭദ്രേ!

## ൭
## അത്ത്യാഹിതം
(കേക)

1. കണ്ണീരിലൊഴുകിപ്പോകാത്തൊരു ദുഃഖമിതീ,-
പ്പുണ്ണിനു മരുന്നില്ലീ,യല്ലിനില്ലുഷഃകാലം:
ഹാ, കൈകളിതാ നീട്ടി സംഹാരരുദ്രൻ സ്വൈരം
ലോകൈകമാന്ന്യന്റെയും സ്നേഹഭസ്മത്തിന്നായി!

---

30. ദൂരാൽ=ദൂരത്തുനിന്നു്. പേരാറ്=നിള. സപത്നീമത്സരത്തിന്നവകാശമുണ്ടായിരിക്കെ നിള ഒരോമൽസ്സഖിയെന്നപോലെ നിന്നോടു പെരുമാറുന്നതു നിന്റെ മാന്ന്യതകൊണ്ടുതന്നെ!

31. കഴിഞ്ഞ പദ്യത്തിൽ സ്മരിച്ച സൌഹാർദ്ദം വഴിയായി ലോകത്തിൽ കാണുന്ന തമ്മിൽത്തല്ലിനെ ഓർത്തു പറയുന്നു: നിത്ത്യപൂർണ്ണം=എന്നും നിറഞ്ഞിരിക്കുന്നതു്. അമേയം=ഇത്രയെന്നു കണക്കാക്കാൻ കഴിയാത്തതു്. പദം=സ്ഥാനം (സമുദ്രം). പരമമായ സ്ഥാനത്തിലേക്കു പോകുന്നവർക്കു തമ്മിൽത്തല്ലാനും മററും ഇടയില്ലല്ലോ.

---

1. കുറെ കരഞ്ഞാൽ ദുഃഖത്തിന്നു തെല്ലു ശാന്തിവരാറുണ്ടു്. ഈ ദുഃഖം അങ്ങിനെയുള്ളതല്ല. അല്ലു്=ഇരുട്ടു്, രാത്രി.

2. ത്യാഗമേ ബാല്യംതൊട്ടു ശീലിച്ചു ശീലിച്ചാ,ത്മ-
ത്യാഗവും ചെയ്താനിന്ത്യയ്ക്കുനേതാവധീരൻ;
ആഗതമത്യാഹിതം! കാമവർജ്ജിതകർമ്മ-
യോഗമേ, തവ സ്ഥിതി ഗീതയിൽ മാത്രമിനി!

3. സ്വാതന്ത്ര്യലാഭോപായചിന്തയാൽ വിയർക്കവേ
മാതാവിൻ മൃദുനെററി മാർജ്ജിതതിലകമായ്;
പെട്ടെന്നു സൌമംഗല്യമുദ്രയോടയ്യോ, വേറു-
പെട്ട തന്തിരുമുഖത്തെങ്ങിനെ നോക്കും നമ്മൾ?

4. കല്ലോലം കൊടുംകാററത്തിരമ്പി മറിയുന്നു;
കപ്പലോ കടലിൻെറ നേർനടുക്കുഴലുന്നു;
കർണ്ണധാരരിൽ മുഖ്യനിദ്ദശാന്തരത്തിൽത്താൻ
കണ്ണടയ്ക്കണമെന്നോ കല്പിച്ചു ഹതവിധി!

5 സ്നേഹരാജസൂയാനുഷ്ഠാനത്താൽസ്സുകൃതിയ-
ദ്ദേഹമീ നാട്ടാർക്കെല്ലാം രാജരാജനായ് വാണു;

---

2. ആത്മത്യാഗം=മരണം. ആഗതമത്യാഹിതം=അത്യാപത്തു വന്നുപോയി. കാമവർജ്ജിതകർമ്മയോഗം=ഫലത്തിൽ ആഗ്രഹമില്ലാതെ കർമ്മം ചെയ്യലാകുന്ന യോഗം (മോക്ഷോപായം). ഭഗവദ്ഗീതയിൽ പ്രതിപാദിക്കുന്ന നിഷ്കാമകർമ്മയോഗം ശരിയായനുഷ്ഠിപ്പാൻ ഇനി ആരുമില്ലെന്നായി എന്നു സാരം.

3. സ്വാതന്ത്ര്യ.........ന്ത=സ്വാതന്ത്ര്യം കിട്ടുവാനുള്ള ഉപായത്തെപ്പററി ആലോചിക്കൽ. മാർജ്ജിതതിലകം=മാച്ചപ്പെട്ട പൊട്ടോടുകൂടിയത്. പരേതനായ 'തിലക'രോടുകൂടിയതെന്നും. സൌമംഗല്യമുദ്ര=നെടുമംഗല്യത്തെ സൂചിപ്പിക്കുന്ന അടയാളം—പൊട്ട്.

4. കല്ലോലം=തിര. കർണ്ണധാരൻ=കപ്പിത്താൻ. ഇവിടെ ഭരണാധികൃതന്മാരെ തിരകളായും ഭാരതമഹാജനസഭയെ കപ്പലായും അദ്ധ്യവസായം ചെയ്തിരിക്കുന്നു.

5. രാജസൂയം=ചക്രവർത്തികൾക്കുമാത്രം ചെയ്യാവുന്ന ഒരുതരം

ഹേ ബാലഗംഗാധരതിലക, സ്വാമിൻ, ചിരാ-
ലാബാലവൃദ്ധം ലോകരങ്ങൾക്കു വശംവദർ.

6. പൊൽത്തിരുമുടിചൂടാപ്പെരുമാളങ്ങുന്നന്ത്യ-
മെത്തയാക്കിയ ചിതത്തട്ടിലാളിന തിയ്യും,
ത്വദ്വിയോഗോത്താപത്താൽ വേകുമപ്പൈതല്ക്കൊരു
പുത്തനാം ഫുല്ലാശോകകുഞ്ജമായത്രേ തോന്നീ!

7. കേസരി ചതിക്കൂട്ടിൽപ്പെട്ടുപോകിലു,മൊരു
കേസരി താനെന്നാ,ര്യകേസരി ഭവാൻ കാട്ടി:
അത്തുറുങ്കിലും തവ ജ്ഞാനമാം തങ്കപ്പക്ഷി
വിസ്തൃതാകാശത്തിൽപ്പോലവിഘ്നം വിഹരിച്ചു.

8. ഇന്ത്യതൻ മുക്തിയ്ക്കുഴന്നുൾപ്പുക്ക ബന്ധാഗാരം
മന്ത്രദർശിയാമൊരു യോഗിതൻ ഗുഹയായി;

---

യാഗം. രാജരാജൻ=ചക്രവർത്തി. തിലകരെ, 'തിലകമഹാരാജൻ' എന്നു പറയാറുണ്ടല്ലോ.

6. പൊൽ......മാൾ=പൊൻകിരീടം വെയ്ക്കാത്ത ചക്രവർത്തി. ത്വദ്വിയോഗോത്താപം=അവിടുത്തെ വേർപാടുനിമിത്തമുണ്ടായ വലിയ ദുഃഖം, ചൂടെന്നും. അപ്പൈതൽ—ഒരു കുട്ടി, വ്യസനം സഹിയ്ക്കായ്കയാൽ തിലകരെ ദഹിപ്പിയ്ക്കുന്ന അഗ്നിയിൽ ചാടാൻ തുടങ്ങിപോൽ. ഫുല്ലാശോകകുഞ്ജം=പുഷ്പിച്ച അശോകവൃക്ഷക്കാടിൽ. അവന്നു ത്വദ്വിയോഗോത്താപത്തെ അപേക്ഷിച്ചു ചിതയിലെ തീ എത്രയും സുഖകരമായിരുന്നു.

7. സിംഹം ചതിക്കൂട്ടിൽപ്പെട്ടുപോയാലും, അത്, അതിന്റെ അഭിമാനവും പൌരുഷവും കളയുകയില്ല. ആര്യകേസരി=ആര്യന്മാരിൽവെച്ചു സിംഹം. കേസരി എന്ന പേരിൽ ഒരു പത്രം തിലകർ നടത്തുകയുണ്ടായിട്ടുണ്ട്. 'അത്തുറുങ്കിലും......വിഹരിച്ചു'—തിലകർ ജയിലിൽവെച്ചാണല്ലോ 'ഗീതാരഹസ്യ'മെഴുതിയത്.

8. മുക്തി=മോക്ഷം, സ്വരാജ്യം. ബന്ധാഗാരം=ജയിൽ. മന്ത്ര

ധർമ്മരക്ഷണോദ്യോഗദുഃഖമേ തവ സുഖ;-
മമ്മസ്സാന് മരിയ്ക്കൽത്താൻ ജീവിതം തവ വിഭോ!

9. ആതങ്കലേശംകൂടാതാനന്ദഭരിതനാ-
യാർഷഗാഥകൾ പാടിക്കൊണ്ടു തന്തിരുമേനി,
ആലയോദ്യാനത്തിലെഴുന്നപോലത്രേ, പുന-
രാഗതിയില്ലാത്തേതോ ദിക്കിലെഴുന്നള്ളീ!
അല്ലെങ്കില,വിടത്തെ നാട്ടിലെസ്സാമാന്യരു-
മന്തകപാശം കളിപ്പൊന്നുഴിഞ്ഞാലായ്ക്കാണ്മോർ!

10. സദ്ഗുരോ, ഭവാനുടെയന്തിമശ്വാസത്തിൽനി-
ന്നുദ്ഗമിച്ചതും ദിവ്യസൂക്തിസൌരഭമല്ലോ;
വീർപ്പിട്ടും മാതാവിനെയപ്പോക്കിൽബ്ബുവാൻചൊല്ലി-
ക്കേൾപ്പിച്ച 'യദാ യദാ ഹീ'ത്യാദിഗീതാപദ്യം
ഞങ്ങളെസ്സമാശ്വസ്തരാക്കട്ടേ! കൃതാത്മാവാ-
മങ്ങയ്ക്കു സുനിർവ്വാണ!-മങ്ങയ്ക്കു സുനിർവ്വാണം!

—o<>o—

ർശി=മന്ത്രങ്ങളെ കണ്ടുപിടിപ്പവൻ. ധർമ്മ......ഖം=ധർമ്മത്തെ രക്ഷിപ്പാനായി ശ്രമിക്കുമ്പോഴുണ്ടാകാവുന്ന ദുഃഖം.

9. ആനന്ദഭരിതൻ=ആനന്ദം മുഴുത്തവൻ. ആർഷഗാഥകൾ=ഋഷികളുടെ പാട്ടുകൾ (ഉപനിഷത്തുക്കളും മററും). തിലകരുടെ ചരമവാക്കുകൾ, ഗീതോപനിഷത്തിലെ ഒരു പദ്യമായിരുന്നു. പുനരാഗതി=തിരിച്ചുവരവ്. 'അല്ലെങ്കിൽ......കാണ്മോർ'—ഇന്ത്യയിലെ സാധാരണന്മാർപോലും മരണത്തെ ഭയപ്പെടുന്നവരല്ല, പ്രത്യുത അതിനെ ഇഷ്ടപ്പെടുന്നവരത്രേ.

10. ദിവ്യസൂക്തിസൌരഭം=ദിവ്യമായ വാക്യത്തിൻെറ സൌരഭ്യം. സമാശ്വസ്തർ=സമാശ്വസിച്ചവർ. കൃതാത്മാവ്=വിദ്വാൻ. സുനിർവ്വാണം=മോക്ഷം. അവിടുന്നു നിർവ്വാണാവസരത്തിൽ പാടിയ 'യദാ യദാ ഹീ'ത്യാദി ഗീതാപദ്യത്തിൻെറ അർത്ഥമനുസരിച്ച്, ഇനിയും തക്ക സമയത്ത് ഇവിടെ അവതരിച്ചുകാണാമെന്നതാണ് ഞങ്ങൾക്ക് ആശ്വാസഹേതു.

## വ്യ
# ഒരു സന്ധ്യാപ്രണാമം

---

1. കോരിക്കുളട്ടിയ പാഴ്ക്കരിശ്ശിടയിലെ-
ത്തീക്കട്ടയോ, പായലാൽ-
പ്പൂരിച്ചുള്ള ചളിക്കുളത്തിലുളവാം
പൊന്താമരപ്പുഷ്പമോ,
മാരിക്കാറണി ചൂഴുമിന്ദുകലയോ
പോലേ, മനോജ്ഞാംഗിയാ-
ളാരി,ക്കാണ്മാരിരുണ്ട കൊച്ചുപുരതൻ
കോലായിൽ നില്ക്കുന്നവൾ?

2. ഏതോജസ്സു തെളിഞ്ഞ വിഗ്രഹമിതി?-
പ്പാവപ്പെട്ടം മാടമൊ-
ന്നേതോ? ഹാ, വിധി വല്ല ചേക്കുഴിയിലും
പൂഴ്ത്തുന്നു രത്നങ്ങളെ;
ഇങ്ങോട്ടാസ്ഥയൊടെത്തിനോക്കിടുവതു-
ണ്ടന്തിസ്സമീരസ്ഫുരൽ-

---

1. പൂരിച്ച=നിറഞ്ഞ. ഇതിലെ മാലോപമകൊണ്ട് അവളുടെ അന്തർഗ്ഗുണങ്ങൾ വ്യഞ്ജിക്കുന്നതു നോക്കുക. ഈ കൃതിയിൽ 3, 6, 8, 10, 11 എന്നീ പദ്യങ്ങളിൽ നിസ്കാര(നമസ്കാര)വിധിയെ ക്രമത്തിൽ വിവരിക്കുന്നു.

2. സ്ഫുരൽ=ഇളകുന്ന. സൂര്യന്റെ കിരണങ്ങൾ കാററത്താടുന്ന തെങ്ങോലപ്പഴുതിലൂടേ അവളുടെ മേൽ തട്ടിയിരുന്നു. മറയാൻപോകുന്ന മാർത്താണ്ഡൻ (സൂര്യൻ)—മരണമടുത്ത ഒരാൾ എന്നു വ്യഞ്ജിക്കുന്നു. വൃദ്ധനായ ഒരാൾക്കുകൂടെ ഇങ്ങിനെ ഇങ്ങോട്ടെത്തിനോക്കുവാൻ ആസക്തി തോന്നിക്കുന്നതാണ് അവളുടെ സൌന്ദര്യം.

ത്തങ്ങോലപ്പുഴതിങ്കലൂടെ, മറയാൻ
പോകുന്ന മാർത്താണ്ഡനും!

3. അല്പാല്പസ്ഫുരിതാധരത്തളിരുമായ്-
പ്പാർശ്വസ്ഥലം രണ്ടിലും
പൊല്പാഥോരുഹമാലയോടു ശരിയാം
കൈ തൂക്കിയിട്ടാദരാൽ,
നല്പാളും മുഖചന്ദ്രമസ്സിനെ മരുൽ-
ക്കോണിന്നു നേർക്കാക്കിയും
നില്പാണീയൊരു ജോനകത്തരുണിയാ-
ളൃജ്വായതോർദ്ധ്വാംഗിയായ്.

4. സാമർത്ഥ്യം പെരുകുന്ന നാഗരികമാ-
രെപ്പേരുമിപ്പോളണി-
പ്പൂമച്ചിൽപ്പുതുമോടി ചേർപ്പതിനുഴ-
റ്റോടേ ശ്രമം ചെയ്കയാം;
ഗ്രാമപ്പെണ്ണിവളോ, തപസ്വിനിയുപാ-
സിക്കുന്നു നിഷ്കമ്പയായ്
ശ്രീമദ്വിശ്രമവേളതൻ ജനനിയെ,-
സ്സംപൂജ്യയാം സന്ധ്യയെ!

---

3. അല്പാ......ളിർ=(വേദം ചൊല്ലുമ്പോൾ) ഒട്ടൊട്ടിളകുന്ന തളിർച്ചുണ്ട്. പൊല്പാഥോരുഹം=പൊന്താമര. നല്പ്=നന്മ. മരുൽക്കോണ്=പടിഞ്ഞാറുവടക്കേക്കോണ്. ഋജ്വായതോർദ്ധ്വാംഗി=ഋജുവും (വളവില്ലാത്തതും) ആയതവും (നീണ്ടതും) ആയ ഊർദ്ധ്വാംഗ (അരക്കു മേല്പോട്ടുള്ള ശരീരഭാഗ)ത്തോടുകൂടിയവൾ.

4. നാഗരികമാർ=പരിഷ്കൃതകളായ നഗരസ്ത്രീകൾ. തപസ്വിനി=സാധു, താപസസ്ത്രീ എന്നും. ഉപാസിക്ക=സേവിക്ക. നിഷ്കമ്പ=ഇളക്കമില്ലാത്തവൾ. ശ്രീമദ്വിശ്രമവേള—രാത്രി. സമ്പൂജ്യ=പൂജിക്കപ്പെടേണ്ടവൾ.

5. വെൺതിങ്കൾത്തെല്ലിന്നെററി ചെറു മറയും-
മാററായി, നീലാഞ്ജന-
ച്ഛാന്തിൻചേലണിവേണിതൻ തലയിലി-
ട്ടിട്ടുള്ള ശുഭ്രാംബരം,
കാന്തിപ്പെട്ട നിതംബമണ്ഡലമണൽ-
ത്തിട്ടിങ്കലൂടേ മന-
ശ്ശാന്തിപ്പാൽപ്പുഴപോലെ മന്ദമൊഴുകി-
ച്ചുംബിപ്പു കാൽപ്പൂവിനെ.

6. പൂവൽക്കയ്യുകൾ മുൻവശത്തു രശനാ-
സ്ഥാനത്തിലർപ്പിച്ചിതാ,
ദേവൻതൻ കഴൽ മൌലിയാൽ മുകരുവാൻ
കുമ്പിട്ടു നില്പാകയാൽ,
താവൽകഞ്ചുകസംവൃതസ്തനഭര-
വ്യാനമ്രകമ്രാംഗിതൻ
തൂവക്ത്രം ഹ ഹ, തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ.

---

5. നീലാ......വേണി=കനത്ത അഞ്ജനച്ഛാന്തിന്റെ ചേലുള്ള തലമുടിയോടുകൂടിയവൾ. ശുഭ്രാംബരം=വെളുത്ത വസ്ത്രം. അടിവരെ തൂങ്ങിക്കിടക്കുന്ന ഒരു വെള്ളവസ്ത്രം, നെററി തെല്ലു മറയുമാറു തലയിലിട്ടിട്ടുണ്ടായിരുന്നു; അതിനെ മനസ്സിലെ ശാന്തതയാകുന്ന പാൽപ്പുഴയാണെന്നുൽപ്രേക്ഷിക്കുന്നു.

6. രശനാസ്ഥാനം=അരഞ്ഞാളിന്റെ സ്ഥാനം—അരക്കെട്ട്. അർപ്പിച്ച്=വെച്ച്. ദേവൻ=ഈശ്വരൻ. താവൽകഞ്ചുക......രഗി=അത്രയ്ക്കു മാത്രമുള്ള കുപ്പായത്താൽ മറയ്ക്കപ്പെട്ട സ്തനഭാരത്താൽ കുനിഞ്ഞതും മനോഹരവുമായ ശരീരത്തോടുകൂടിയവൾ.

7. വൈധുര്യം ഗ്രഹിയാതെഴും പ്രഭുവധൂ-
വര്‍ഗ്ഗങ്ങള്‍ വക്ത്രപ്രഭാ-
മാധുര്യത്തിനു മാലയാദിതിലകം
നെററിക്കു നിര്‍മ്മിക്കവേ,
സാധുസ്ത്രീയിവള്‍ സന്ധ്യതന്‍ പദരജ-
സ്സേല്ക്കുന്നു തൂനെററിയാല്‍:
സാധുശ്രീമണിമേടയല്ല, കുടിലാ-
ണീദൃഗ്ഗുണങ്ങള്‍ക്കിടം!

8. സോമശ്രീമുഖി കാല്‍മടമ്പുകള്‍ നിതം-
ബാന്തം തൊട്ടുമാറിരു-
ന്നോം, മല്‍ച്ചെപ്പൊളിമുട്ടുകള്‍ക്കു പവിഴ-
ക്കൈക്കൊണ്ടടപ്പിട്ടിതാ,
ആമജ്ജിപ്പു നിമീലിതാക്ഷിയുഗയായ്-
ദ്ധ്യാനാമൃതത്തില്‍സ്സുഖം;
തൂമപ്പെട്ടൊരു താപസാവസഥമായ്
മാറുന്നിതീപ്പാഴ്ക്കുടില്‍!

---

7. നിസ്കാരത്തില്‍ നെററി നിലത്തു മുട്ടിക്കുന്നതിനെ വര്‍ണ്ണിക്കുന്നു: വൈധുര്യം=ദാരിദ്ര്യദുഃഖം. മാലയാദിതിലകം=ചന്ദനം മുതലായവകൊണ്ടുള്ള പൊട്ടു്. സാധുസ്ത്രീ=നല്ല ശ്രീ(കാന്തി, സമ്പത്തു)യോടുകൂടിയതു്. ഈദൃഗ്ഗുണങ്ങള്‍=ഇത്തരം ഗുണങ്ങള്‍—ഈശ്വരഭക്തി മുതലായവ.

8. സോമന്‍=ചന്ദ്രന്‍. ആമജ്ജിക്കുക=മുഴുകുക. നിമീലിതാക്ഷിയുഗ=കണ്ണു രണ്ടും അടച്ചവള്‍. താപസാവസഥം=ആശ്രമഗൃഹം.

9. പോയാലും പൊടിയിൽക്കളിപ്പതിനുതാൻ;
നിന്നമ്മതൻ മേനിയിൽ-
ച്ചായാനും മറിയാനുമിത്തിരി കഴി-
ഞ്ഞിട്ടാമിളംപൈതലേ:
നീയാകും നിധിയെക്കൊടുത്ത പരമോ-
ദാരന്റെ പാദാരുണ-
ച്ഛായാചാതുരി നേക്ക് കണ്ടൊരു ലയം
പ്രാപിച്ചിരിപ്പാണിവൾ!

10. നേരിട്ടങ്ങയെ നോക്കിനിന്നു കുശലം
പ്രാർത്ഥിച്ചുകൊണ്ടീടുമീ-
ദ്ദാരിദ്ര്യാതുരതൻ മലർന്ന മലർ പോ-
ലുള്ളോരു പാണിദ്വയം
പൂരിക്കുന്നതിനെത്ര വേണ,മമിതാ-
കാശത്തു തങ്കദ്രവം
കോരിത്തൂകുമജാത്മജേ, തവ കൃപാ-
സമ്പത്തുതൻ തുള്ളികൾ?

---

9. ഈ തക്കത്തിൽ, അവളുടെ ചെറുപൈതൽ കളി നിർത്തി അമ്മയുടെ അരികത്തേക്കു് ഓടിവരുന്നതു കണ്ടു പറയുന്നു: പാദാ... ...തുരി=കാലിന്റെ ചുകന്ന കാന്തിയുടെ ചാതുര്യം. അന്തിച്ചുകപ്പിനെ ഈശ്വരന്റെ കാലുകൾക്കുള്ള ചുകന്ന പ്രഭയായി അധ്യവസായം ചെയ്യുന്നു.

10. അമിതാകാശം=അളവില്ലാത്ത വിസ്തൃതമായ ആകാശം. അജാത്മജ=അജന്റെ (ബ്രഹ്മാവിന്റെ) ആത്മജ (പുത്രി)—സന്ധ്യ. സന്ധ്യയുടെ ബ്രഹ്മപുത്രീത്വം പുരാണപ്രസിദ്ധം. കരുണാനിധിയായ അവിടുന്നു തെല്ലൊന്നു കനിഞ്ഞാൽ മതിയല്ലോ, ഇവൾ തൃപ്തിപ്പെടുവാൻ. അന്തിച്ചുകപ്പിനെ തങ്കദ്രവമായി അധ്യവസായംചെയ്തിരിക്കുന്നു.

11. ഈ മാഹമ്മദമങ്ക, ദന്തകിരണ-
സ്സ്പൃശാൽ ക്ഷണം ചെഞ്ചൊടി-
ശ്രീ മാറുംപടി ചെയ്തിടും നിഭൃതമാം
മന്ത്രാക്ഷരോച്ചാരണം,
പ്രേമാർദ്രസ്ഫുടഗീതി പോലെ, തിരു 'വ-
ള്ളാ'വിന്റെ കർണ്ണങ്ങളിൽ-
പ്പൂമാധ്വീശകലങ്ങളെ പ്രതിപദം
തൂകുന്നതുണ്ടാം ദൃഢം!

12. ഏതാനും പൊറുതിക്കു കിട്ടുകിലതിൽ-
സ്സന്തൃപ്തിയുൾക്കൊണ്ടിടും
നീതാനിങ്ങൊരു ലക്ഷ്മിയാണ;-വളിണ-
ങ്ങീലെങ്കിലെന്തുള്ളതേ?
മാതാവിന്നഭിമാനദേ, ഭവതിതൻ
കൂലിപ്പണിക്കാരനാം
നേതാവും സ്പൃഹണീയജീവിതനഹോ,
ഭാവൽകസദ്വൃത്തിയാൽ!

---

11. ദന്തകിരണസ്പൃശാൽ=പല്ലുകളുടെ രശ്മികൾ തട്ടിയതുകൊണ്ട്. ക്ഷണം=ഇത്തിരിനേരം. നിഭൃതം=പതുക്കെയുള്ള. പ്രേമാർദ്രസ്ഫുടഗീതി=പ്രേമത്തിന്റെ (ഭക്തിയുടെ) ആർദ്രവും (നനഞ്ഞതും) സ്പഷ്ടവുമായ പാട്ട്. പൂമാധ്വീശകലങ്ങൾ=പൂന്തേനിൻതുള്ളികൾ. പ്രതിപദം=അടിക്കടി. ദൃഢം=തീർച്ചയായും.

12. ആ സ്ത്രീയോടു പറയുന്നു: 'അവൾ (ലക്ഷ്മി) ഇണങ്ങീലെങ്കിൽ'—സമ്പത്തുണ്ടായില്ലെങ്കിൽ എന്നർത്ഥം. 'ഏതാനും......ഉൾക്കൊണ്ടിടു'ന്നവർക്കെന്തിനാണ്, സമ്പത്ത്? അഭിമാനദ=അഭിമാനം നല്കുന്നവൾ. നേതാവ്=ഭർത്താവ്. ഭാവൽകസദ്വൃത്തി=നിന്റെ നല്ല പ്രവൃത്തി.

18. ധ്യാനം നിർത്തി വിശാലനീലനയന-
ദ്വന്ദ്വം തുറന്നപ്പൊഴേ-
യ്ക്കാ,നന്ദോൽപുളകാംഗിതന്റെ കുടിലിൻ
മീതേ, നഭോവീഥിയിൽ,
ദീനത്രാണപരായണം ത്രിജഗതീ-
നാഥന്റെ തൃക്കയ്യതാ,
നൂനം വാരി വിതച്ചിടുന്നു വളരെ-
സ്സൗവർണ്ണനാണ്യങ്ങളെ!

---

## ൯

## എന്റെ കൃതജ്ഞത

(കേക)

1. ആരാലുമവിജ്ഞാതമായെങ്ങോ കിടക്കുന്ന
കൂരിരുൾക്കുഴിയിൽനിന്നുദ്ധരിച്ചടിയനെ,
തെളിവാത്സല്യം താവും തിരുമാർത്തട്ടിൽച്ചേർത്തു
വെളിച്ചത്തണച്ചിതു ദേവി, നിന്തിരുവടി.

---

13. ആന......ംഗി=ആനന്ദംകൊണ്ടു ദേഹം കോൾമയിർക്കൊണ്ടവൻ. ദീനത്രാണപരായണം=ദീനന്മാരെ (ദരിദ്രന്മാരെ, ദുഃഖിതന്മാരെ എന്നും) രക്ഷിക്കുന്നതിൽ ഒരുങ്ങിയിരിക്കുന്ന. ത്രിജഗതി=മൂപ്പാര്. സൌവർണ്ണ (സുവർണ്ണംകൊണ്ടുണ്ടാക്കിയ) നാണ്യങ്ങൾ—നക്ഷത്രങ്ങൾ. ഈശ്വരൻ ആ ഭക്തിയിൽ പ്രസാദിച്ചതായി (സമ്പത്തു നല്കിയതായി) സങ്കല്പിക്കുന്നു.

---

1. ഭാരതമാതാവിനെ ഉദ്ദേശിച്ച്:— അവിജ്ഞാതം = അറിയപ്പെടാത്ത. ജനനത്തിന്നു മുമ്പും മരണത്തിന്നു പിമ്പും ഉള്ള സ്ഥിതി ഏതുവിധമെന്ന് ആരും അറിഞ്ഞിട്ടില്ലാത്തതുകൊണ്ട്, അത്, ഇരുട്ട

അംബ, നിന്നമ്മിഞ്ഞ താനമൃതു ചുരത്തി മേ;
നിന്മടിത്തട്ടിൽ സ്വച്ഛലീലയും പൂണ്ടേനിവൻ!

2. കുഞ്ഞിനെച്ചിരിപ്പിപ്പാൻ ചിലപ്പോൾജ്ജനയിത്രി
മഞ്ജുപുഞ്ചിരി തൂകും മുല്ലപ്പൂക്കളിലൂടെ;
നീലനീരദോത്തുംഗമൃദംഗധ്വനിയൊത്തു
പീലികൾ പരത്തിയ മയിലിനെക്കൂത്താടിക്കും;
നിർമ്മലാംബരയായ രാത്രിതൻ കരംകൊണ്ടു
വെണ്മയേറിയ വെള്ളിപ്പമ്പരം പൊക്കിക്കാട്ടും;
മുററിയ ഹിമകണപ്പളുങ്കിന്മണിയോരോ-
ന്നെററി വീഴിക്കും, പനിനീരലരളുക്കിങ്കൽ;
ബലവൽപവനനെക്കൊണ്ടു വല്ലികളുടെ-
യിലയും പൂവും തല്ലിക്കൊഴിച്ചു പാറപ്പിക്കും;
ഭംഗിയാംവണ്ണം പച്ചച്ചരടിൽക്കോത്തുള്ള പൊൻ-
കിങ്ങിണിക്കൂട്ടം കൊന്നക്കൊമ്പത്തു കെട്ടിത്തൂക്കും!

---

ടത്തെതായി വിചാരിക്കപ്പെടുന്നു. 'അംബ......നിവൻ'—എന്റെ ശരീരരക്ഷയും സുഖാനുഭവങ്ങളുമെല്ലാം അവിടത്തെ ആശ്രയിച്ചിരുന്നു എന്നു സാരം.

2. ഇതിൽ ഓരോ ഈരടികൊണ്ടു മുറയ്ക്കു ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം, വസന്തം എന്നീ ഋതുക്കളിലെ പ്രകൃതിസൌന്ദര്യത്തെ വർണ്ണിക്കുന്നു: നീല......ധ്വനി=കരിങ്കാറിന്റെ മുതിന്ന ഇടിമുഴക്കമാകുന്ന മൃദംഗശബ്ദം. നിർമ്മലാംബരം=നിർമ്മലമായ അംബര (ആകാശമെന്നും, വസ്ത്രമെന്നും)ത്തോടുകൂടിയ. വെള്ളിപ്പമ്പരം—പൂർണ്ണചന്ദ്രൻ. ഹിമകണം=മഞ്ഞിൻതുള്ളി. ബലവൽപവനൻ=ശക്തിയേറിയ കാററ്. പൊൻകിങ്ങിണിക്കൂട്ടം—കൊന്നപ്പൂങ്കുല. ഇതൊക്കെ കുട്ടികൾക്ക രസം തോന്നിക്കുന്നവയാണല്ലോ.

3. കാല്ലിടർ പെട്ടെങ്ങാനും വീഴുകിലുടൻ തൃക്കൈ-
പ്പൂക്കളാലങ്ങുന്നെന്നെത്താങ്ങുന്നു; തലോടുന്നു;
നേക്കിവനല്ലിൽക്കിടന്നുറങ്ങുമ്പോഴും ഗാഢം
നോക്കിക്കൊണ്ടിരിപ്പൂ നിൻകണ്ണുകൾ — നക്ഷത്രങ്ങൾ.
ഇമ്മട്ടിലിവിടുന്നു സർവ്വദാ സ്നേഹം പൂണ്ടൊ-
രമ്മതൻ കൃത്യങ്ങളിൽ ജ്ജാഗരൂകയായ് നില്പൂ;
മകനോ, പിന്നെപ്പിന്നെ മുതിർന്നുവരുംതോറു-
മകമേ മാഞ്ഞീടുന്നു മാതൃസംസ്മൃതി ഹാ ഹാ!

4. എനിക്കായ് വഴിയിൽ നീ ചെന്തളിർവിരിക്കുമ്പോൾ
തനിച്ചെന്നോട്ടം കണ്ട മുൾപ്പടപ്പിലേക്കത്രേ!
സ്ഫുടികപ്രദീപം നീ കൊളുത്തിക്കാണിക്കുമ്പോൾ
നടകൊള്ളുന്നു മിന്നാമിനുങ്ങിൻ പിറകേ ഞാൻ!
ശർമ്മത്തിന്നകൃത്രിമകോമളശബ്ദത്തിൽ നീ
ധർമ്മഗാഥകളോരോന്നെൻ കർണ്ണേ പാടുംനേരം,
കാണിയും ശ്രദ്ധിക്കാതെ, കമ്പികൾ മുറിഞ്ഞേതോ
വീണപെത്തുരുമ്പിച്ച വീണയെത്തല്ലുന്നു ഞാൻ!

---

3. ജാഗരൂക=ശ്രദ്ധയോടുകൂടിയവൾ. മാതൃസംസ്മൃതി=അമ്മയെപ്പറ്റിയുള്ള ഓർമ്മ.

4. അമ്മ നമ്മുടെ സുഖത്തിനായി എല്ലാം ഒരുക്കങ്ങളും ചെയ്തു വെച്ചിരിക്കെ, നാം ദുഃഖകരങ്ങളും നിസ്സാരങ്ങളുമായ വിഷയങ്ങളെ തേടി നടക്കുന്നു എന്നു പ്രതിപാദിക്കുന്നു: ശർമ്മം=സുഖം, അഭ്യുദയം. ഈ വരികൾ, സന്ധ്യ, രാത്രി, പ്രഭാതം എന്നീ സമയങ്ങളെ ഓർമ്മപ്പെടുത്തുന്നു. 'അകൃത്രിമശബ്ദം' (അപൗരുഷേയമായത്) വേദത്തേയും, തുരുമ്പിച്ച 'വീണ' ഹീനശാസ്ത്രത്തേയും കുറിക്കുന്നു.

5. എന്തിനു ബഹൂക്തി?-യെൻനന്മയ്ക്കാണലിവുററ
നിന്തിരുവടിഃയാരോ വീർപ്പിടുന്നതു;-മെന്നാൽ,
അങ്ങയെ സ്മരിപ്പാനുമില്ലെനിയ്ക്കവസര-
മിങ്ങത്രമാത്രം ജോലിത്തിരക്കാണഹോരാത്രം!

6. ഉറക്കത്തിലെപ്പുഞ്ചക്കൃഷിയ്ക്കു വെള്ളത്തിന്നായ്-
ച്ചിറകൾ കെട്ടേണംപോൽ മൃഗതൃഷ്ണയാമാററിൽ!
ഗന്ധർവ്വനഗരത്തിലാകാശത്തൊരു കോട്ട
ഗന്ധമാദനത്തോളംപൊക്കത്തിൽത്തീർക്കേണംപോൽ!
കൈവന്ന മനോരാജ്യപീയൂഷചഷകത്തിൽ-
ത്തൂവെള്ളി പൂശേണം പോലിത്തിളിൻ ദ്രവത്താലേ!

7. ഹാ, കഷ്ട,മമ്മേ, മേന്മേലക്ഷയദിവ്യാമൃതം
തൂകുന്ന നിൻതൃപ്പാദപങ്കജം തൊട്ടീടാതെ,
പാപിയെൻ പാണിദ്വന്ദ്വം പാനീയസംപ്രാപ്തിയ്ക്കു
പാറക്കല്ലുകൾ ഞെക്കിപ്പിഴിയാനുഴറുന്നു!

---

5. ബഹൂക്തി=ഏറെപ്പറയൽ. 'എൻനന്മ......ടുന്നതും'— കാററു വീശുന്നതിനെ വീർപ്പായി വിചാരിക്കണം.

6. നമ്മുടെ ജോലിത്തിരക്കെല്ലാം മിഥ്യാകാര്യങ്ങളിലാണെന്നു പറയുന്നു:— ഗന്ധർവ്വനഗരം—ഇല്ലാത്ത സ്ഥലമെന്നർത്ഥം. ഗന്ധമാദനം— ഒരു പർവ്വതം. മനോ......കം=മനോരാജ്യമാകുന്ന അമൃതു കുടിപ്പാനുള്ള പാത്രം.

7. ഭാരതീയാദർശങ്ങളെ വിട്ടു പരകീയാദർശങ്ങളെ കൈക്കൊള്ളുന്നതിൻെറ അനൌചിത്യം പ്രതിപാദിക്കുന്നു— അക്ഷയം=നാശമില്ലാത്തതു. പാനീയസംപ്രാപ്തി=വെള്ളംകിട്ടൽ.

8. 'മാതാവേ, നമസ്കാര'മെന്നൊന്നു വല്ലപ്പോഴു-
മോതുവാൻ ചലിപ്പതെൻനാവിനു പീഡാകരം;
കഷ്ണിപ്പില്ലൊരല്പവും, രാപ്പകലൊരുപോലെ
തൃഷ്ണതൻ തിരുമുമ്പിൽ സ്തോത്രകീർത്തനം ചെയ്വാൻ!

9. മണ്ണിനെ മാറേറുന്ന തങ്കമായ്ക്കാണ്മാൻമാത്രം
കണ്ണിവനുടെ മുഖത്തുണ്ടു രണ്ടെണ്ണം തായേ;
ഇതിൽനിന്നൊററത്തുള്ളി നീരിററുവീഴുന്നീലാ,
സുതരെച്ചൊല്ലി ക്ലേശിക്കുന്ന നിന്നഴൽത്തീയിൽ!

10. പുത്രനിൽനിന്നിച്ഛിപ്പീലമ്മ യാതൊന്നും; പക്ഷേ,
പുത്രനു തള്ളാവതോ മാതൃശുശ്രൂഷാധർമ്മം?
എത്രയുമകൃതാർത്ഥൻ വേണ്ടതു ചെയ്യാത്ത ഞാൻ!
എത്രയും കൃതഘ്നനെന്നമ്മയെ മറന്ന ഞാൻ!

11. ഏറിയ പരിത്യാഗധർമ്മശീലരാമൃഷി-
വീരരെ വഹിച്ചോരു നിൻഗർഭപുണ്യക്ഷേത്രം
എന്തിനു കടന്നിരുന്നശുദ്ധിപ്പെടുത്തി ഞാ-
നെ,ന്തിനു മനുഷ്യന്റെ രൂപത്തിൽപ്പിറന്നു ഞാൻ!!

---

8. പീഡാകരം=വേദനയുളവാക്കുന്നത്. കഷ്ണിപ്പ്=കഷ്ടപ്പാട്. നാം നമ്മുടെ തൃഷ്ണ(വിഷയസുഖങ്ങളിലുള്ള ആസക്തി)യെ തൃപ്തിപ്പെടുത്തുവാൻ എന്തു കഷ്ടപ്പാടനുഭവിപ്പാനും സന്നദ്ധരത്രേ!

9. തുച്ഛങ്ങളെ നാം മെച്ചപ്പെട്ടവയായിക്കരുതുന്നു; അമ്മയെ സമാശ്വസിപ്പിക്കുന്നില്ലതാനും!

10. അകൃതാർത്ഥൻ=വേണ്ടതു ചെയ്യാത്തവൻ. കൃതഘ്നൻ=ചെയ്ത ഉപകാരം മറന്നവൻ.

11. പരിത്യാഗധർമ്മശീലർ—ത്യാഗമാകുന്ന ധർമ്മം ശീലിച്ചിട്ടുള്ളവർ. ഋഷിവീരർ=ശ്രേഷ്ഠന്മാരായ ഋഷികൾ.

## ൧൦

## രാവണന്റെ അന്തഃപുരഗമനം

1. അന്തർഗ്ഗേഹപഥത്തെ വേത്രവതി, നീ
കാണിയ്ക്കുക;–ആർ ചോരില–
ത്ത്യന്തം കേറിയ ബാലിവൈരിയെ 'നിലം–
പൊത്തി'ച്ചിതമ്പൊന്നിനാൽ,
അന്തസ്സാക്ഷമവന്റെയംബികയെയൊ–
ന്നർച്ചിച്ചുകൊള്ളട്ടെ,യീ
സ്വാന്തം ഞാൺവടു ചേന്ന കയ്യിരുപതും–
കൊണ്ടിന്നു ലങ്കേശ്വരൻ!

2. ഹന്ത, ക്രീഡയിലിക്കരം കടപറി–
ച്ചിട്ടോരു വെള്ളാനതൻ
ദന്തത്താൽ, മഘവോപലക്ഷമിളയും
വെച്ചെൻ പ്രസാദാർത്ഥമായ്

---

1. 'ഔഷധാഹരണം' ആട്ടക്കഥയിലെ രാവണന്നു് 'ആടാ'നായി ഉണ്ടാക്കിയത്: ഇന്ദ്രജിത്തു ബ്രഹ്മാസ്ത്രത്താൽ വാനരപ്പടയെയും മററും മൂർച്ഛിപ്പിച്ചുവീഴ്ത്തി എന്നറിഞ്ഞു സന്തുഷ്ടനായ രാവണൻ മണ്ഡോദരീമന്ദിരത്തിലേയ്ക്കു പുറപ്പെടുന്നു. ഇതിലെ ഓരോ ശ്ലോകവും രാവണൻ അന്തഃപുരത്തിലേയ്ക്കു പോകുമ്പോൾ ഇടയ്ക്കുണ്ടാകുന്ന സംഭവങ്ങളേയും കാഴ്ചകളേയും വിവരിയ്ക്കുന്നു. അന്തർഗ്ഗേഹപഥം=അന്തഃപുരത്തിലേയ്ക്കുള്ള വഴി. വേത്രവതി=അന്തഃപുരം കാവൽക്കാരി. ബാലിവൈരി=രാമൻ. അവന്റെയംബിക—ഇന്ദ്രജിത്തിന്റെ(മണ്ഡോദരി). അർച്ചിയ്ക്കുക=പൂജിയ്ക്കുക.

2. മഘവോപലം=ഇന്ദ്രനീലക്കല്ലു്. വിൺതച്ചൻ

വിൺതച്ചൻ വിരചിച്ച പാദുകകളെ,
സ്വൈരം ത്രിലോകീമലർ-
പ്പെൺതയ്യത്ര തലോടുമെന്നടികളിൽ-
ച്ചേർക്കുന്നു ചേടീജനം.

3. പങ്കം വിട്ടു മണം പെരുന്ന തിലജം
പൂരിച്ച നൂറിൽപ്പരം
തങ്ക'ക്കുത്തുവിളക്കു' രണ്ടു വരിയായ്
മുന്നിൽ ജ്വലിക്കുന്നു മേ;
വൻകമ്രസ്തനിമാർ വഹിക്കുമിവതൻ
നാളങ്ങൾ നൈശാന്തര-
ത്തിങ്കൽത്താൻ പകൽ തീർത്തു, തമ്മിൽ നിഭൃതം
നോക്കിച്ചിരിക്കുന്നിതോ!

4. മൽപാർശ്വ മടവാർകൾ വീശുമനഘ-
പ്പൊൻതാലവൃന്തത്തിൽനി-
ന്നുൽപാദിച്ച സമീരനെന്നുടെ സഭാ-
കൃത്യക്ലമം പോക്കുവാൻ,

---

ർമ്മാവ്. വിരചിച്ച=ഉണ്ടാക്കിയ. പാദുക=മെതിയടി. ത്രിലോ...... തയ്യ്=ത്രൈലോക്യസാമ്രാജ്യലക്ഷ്മി. ചേടീജനം=പരിചാരികമാർ.

3. തിലജം=എണ്ണ. നൈശാന്തരം=രാത്രിമദ്ധ്യം. നാളങ്ങൾ=ജ്വാലകൾ. നിഭൃതം=നിശ്ശബ്ദം. വിളക്കിന്റെ പ്രകാശത്തെ ചിരിക്കലാണെന്നും, അതിന്നു കാരണം, തങ്ങൾ അർദ്ധരാത്രിയിൽത്തന്നെ പകൽ നിർമ്മിച്ചുകളഞ്ഞതാണെന്നും ഉൽപ്രേക്ഷിക്കുന്നു.

4. മൽപാർശ്വ=എന്റെ ഇരു വശത്തുനിന്ന്. അനഘം=കേടറ്റ. താലവൃന്തം=ആലവട്ടം. ഉൽപാദിച്ച=ഉണ്ടായ. സമീരൻ=കാറ്റ്. ക്ലമം=തളർച്ച. തൽപാ......ണാം=അവരുടെ (മടവാർകളുടെ)

തൽപാണിപ്രചലൽസുവൎണ്ണവലയ-
ശ്രേണീമൃദുകപാണമാം
നൽപ്പാട്ടാലതിരമ്യനായ്പ്പരിചരി-
ച്ചീടുന്നിതെന്നെസ്സുഖം.

5. എൻപാൎശ്വത്തിൽ നടന്നു സേവകജനം
സശ്രദ്ധമായ് വീശുമീ
വെൺപാടീരസുഗന്ധിയാം വിശറിമേ-
ലേറിത്തുഷാരാനിലൻ
എമ്പാടും മമ കാൎയ്യചിന്തനപരി-
ക്ലേശം കെടുത്തെ,ൻപ്രിയം
സമ്പാദിച്ചു കൃതാൎത്ഥനായ നിലയിൽ-
ത്തത്തിക്കളിക്കുന്നിതോ!

6. പാരിക്കും പരിഘാദിശസ്ത്രപടലം
തോളത്തു വെച്ചു,ത്രയോ
വൈരിച്ചോര കുടിച്ച വാളരയിലും
തൂക്കി,പ്പുലേ വേഷമായ്

---

കൈകളിന്മേലുള്ള പൊൻവളക്കൂട്ടത്തിൻെറ മൃദുവായ ശബ്ദം—വീശുമ്പോഴുള്ള വളക്കിലുക്കം. കാററിനെക്കാളധികം ആ ഗാനമാണ് ശ്രമം തീൎക്കുന്നതായിരിക്കുന്നത്.

5. മറപുറത്തെ സ്ഥിതി പറയുന്നു: വെണ്പാടീരസുഗന്ധി=വെളുത്ത ചന്ദനത്തിൻെറ മണമുള്ള. തുഷാരാനിലൻ=തണുത്ത കാററ്. പരിക്ലേശം=തളൎച്ച. രാവണൻെറ പ്രീതി നേടിയവൻ എങ്ങിനെ കൃതാൎത്ഥനാകാതിരിക്കും?

6. പരിഘ......ലം=ഒരു തരം ഗദ തുടങ്ങിയ ആയുധക്കൂട്ടം.

ദ്വാരി ദ്വാരി മുറയ്ക്കു കാവലിനെഴും
യോദ്ധാക്കളുൾസ്സംഭ്രമം
പൂരിച്ചൊട്ടിട മാറിനിന്നടിവണ-
ങ്ങുന്നു നിജസ്വാമിയെ.

7. ശാടീരത്നവിതാനിതോജ്ജ്വലചതു-
ശ്ശാലത്തിൽനിന്നാദര-
ത്തോടീ നമ്മെ വരാതിഥിക്രിയകളാൽ
കൈക്കൊൾവതിന്നാംവിധം,
വാടീടാപ്പുതുപൂക്കൾതൻ മണമൊടും
കർപ്പൂരകസ്തൂരികാ-
പാടീരാദികൾതൻ നറുംപരിമളം
പ്രത്യുൽഗമിക്കുന്നിതേ.

8. ഭ്രാന്തസ്ത്രുള്ള പളുങ്കൊതുക്കണയവേ,
ദിക്പാലചൂഡാതതോ-
ദ്വാന്തസ്സിദ്ധവതംസകല്പകരജ-
സ്സേന്തീടുമെൻകാലിതാ,

---

ദ്വാരി ദ്വാരി=ദ്വാരംതോറും. നിജസ്വാമിയെ=തങ്ങളുടെ സ്വാമിയെ—എന്നെ എന്നർത്ഥം.

7. ശാടീ......ശ്ശാലം=മേത്തരം വസ്ത്രങ്ങളെക്കൊണ്ടു വിതാനിക്കപ്പെട്ടതും ഉജ്ജ്വല (ദീപദ്യോദിത)വുമായ നാലുകെട്ട്. വരാതിഥിക്രിയ=മികച്ച അതിഥിസൽക്കാരം. പ്രത്യുൽഗമിക്ക=എതിരേല്ക്കുക. നാലുകെട്ടിൽനിന്നു വന്നിരുന്ന നറുമണം, തന്നെ എതിരേററു സൽക്കരിക്കാനാണെന്നുൽപ്രേക്ഷിക്കുന്നു.

8. ദിക്പാല......ജസ്സ്=(സഭയിൽവെച്ചു ദിക്പാലന്മാർ വന്നു കാല്ക്കൽ നമസ്കരിച്ചതിനാൽ) അവരുടെ കിരീടത്തിൽനിന്നതിന്

സാന്തഃകമ്പമൊതുങ്ങിനിന്നു കഴുകി-
ച്ചീടുന്നു വിണ്ണാറ്റിലെ-
പ്പൂന്തണ്ണീരു നിറച്ച രത്നകരകം-
കൊണ്ടപ്പുരസ്ത്രീജനം.

9. വീണക്കമ്പി മുറുക്കിടുന്നു മൃദുകൈ-
ത്താരാലൊരാരോമലാൾ;
ചാണക്കല്ലിലൊരുത്തി ചന്ദനമര-
യ്ക്കുന്നു ചലച്ഛ്രോണിയായ്;
ശോണശ്രീചഷകത്തിൽ നന്മധു നിറ-
യ്ക്കുന്നു ശരിയ്ക്കന്യയാ-
മേണപ്പെൺമിഴി; സർവ്വതോ മധുരമീ
മന്ദോദരീമന്ദിരം!

10. കീലാലപ്രഭു കാഴ്ചവെച്ച വിപുല-
ത്തുമുത്തു,മസ്മൽഭുജാ-
ലീലാഘാതവിദീർണ്ണദിഗ്ദ്വിരദകും-
ഭോന്മുക്തമുക്തൌഘവും

---

ശിരോലങ്കാരങ്ങളായ കല്പകവൃക്ഷപ്പൂക്കളുടെ പൊടി. സാന്തഃകമ്പം=ഉൾസ്സംഭ്രമത്തോടെ. വിണ്ണാറ്=സ്വർഗ്ഗംഗ. കരകം=കിണ്ടി.

9. ചലച്ഛ്രോണി=ഇളകുന്ന നിതംബത്തോടുകൂടിയവൾ. ശോണശ്രീ=ചുകന്ന കാന്തിയോടുകൂടിയ. മധു=മദ്യം. സർവ്വതോമധുരം=എല്ലായിടത്തും മനോഹരം.

10. കീലാലപ്രഭു=വരുണൻ. വിപുലം=വലിയ. അസ്മൽ...... മുക്തൌഘം=നമ്മുടെ കൈകളെക്കൊണ്ടു കളിയായടിച്ചതിനാൽ പിളർന്നുപോയ ദിഗ്ഗജങ്ങളുടെ മസ്തകത്തിൽനിന്നു തെറിച്ച മുത്തുമണികൾ. നല്ല ആനകളുടെ മസ്തകത്തിന്നുള്ളിൽ മുത്തുകളുണ്ടായിരിക്കുമത്രേ. മാലാകാരിണി=മാല കോർക്കുന്നവൾ. കചോപാന്തേ=സൂനസമീ

മാലാകാരിണിതൻ മനോഹരകുചോ-
പാന്തേ ലസിയ്ക്കുന്നൊരേ
നൂലാന്നിട്ടു, സുഹൃൽസമാഗമസുഖം
നേക്കിങ്ങു നേടുന്നിതോ!

11. ഈടേറും മണിമഞ്ജുമച്ചിനൊടടു-
ക്കംതോറു,മെന്നെ ക്രമ-
ത്തോടേ വിട്ടുപിരിഞ്ഞിടുന്നിതു പരീ-
വാരങ്ങളേകൈകരായ്:
കേടേലാതുരുചിത്സമാധിനിലയിൽ-
ക്കേറുന്ന യോഗീന്ദ്രനെ-
പ്പാടേ തൽകരണപ്രവൃത്തികളുപേ-
ക്ഷിയ്ക്കുന്നതിൻവണ്ണമേ!

12. ആമട്ടിൽ സ്വഭുജപ്രതാപജിതമാം
പാർ മൂന്നുമാർതൻ പതി-
പ്രേമശ്രീയുടെ പൊന്നുചേവടികളിൽ-
ക്കാണിയ്ക്കയായ്വെയ്ക്കിലും,

---

പത്ത്. സുഹൃത്സമാഗമം=സ്നേഹിതന്മാരോടുള്ള ചേർച്ച. അവിടെയിരുന്നു മാലകോർക്കുന്ന ഒരുവളുടെ സ്തനത്തിന്മേൽ തൊട്ടുതൂങ്ങിക്കിടക്കുന്ന നൂലിന്മേൽ ആ രണ്ടുതരം മുത്തുകളും ഒത്തിണങ്ങുന്നു.

11. ഏകൈകരായ്=ഓരോരുത്തരായി. ഉരുചിത്സമാധി=മഹത്തായ ബ്രഹ്മധ്യാനം. തൽക്കരണപ്രവൃത്തികൾ=അദ്ദേഹത്തിന്റെ (യോഗീന്ദ്രന്റെ) കരണങ്ങളുടെ (ശ്രോത്രാദീന്ദ്രിയങ്ങളുടെ) പ്രവൃത്തികൾ (അതാതിന്റെ വിഷയങ്ങളെ ഗ്രഹിയ്ക്കൽ). സമാധിയിലെയ്ക്കു കയറുന്ന ഒരു യോഗി, ക്രമേണ ഇന്ദ്രിയവിഷയങ്ങളെ അറിയാതാകുമല്ലോ.

12. 13. സ്വഭു......തം=തന്റെ ബാഹുവീര്യംകൊണ്ടു കീഴടക്കപ്പെട്ട. ആർതൻ—മന്ദോദരിയുടെ. പ്രതിയോഗി=എതിരാളി.

രാമൻതൻ പ്രതിയോഗി രാവണനഭ-
　　ക്താത്മാവ, കിഞ്ചിൽകരൻ,
ഹാ, മജ്ജീവിതഭാഗ്യരത്നഖനിയാ-
　　മാ വീരമാതാവിതാ,

13. പാരം നീണ്ടു വിടൎന്ന കണ്ണിണയുമായ്,
　　മാണിക്യമഞ്ചത്തിൽനി-
ന്നാ,രപ്പോർമുലമൊട്ടു കിഞ്ചന തുള-
　　മ്പുംമാറെഴുന്നേറ്റുടൻ,
കൈ രണ്ടാലുമൊ'രഷ്ടമംഗലമണി?-
　　ത്താലം വഹിച്ചും ഗൃഹാ-
ചാരജ്ഞപ്രിയതോഴിയോടുമെതിരേ-
　　റ്റീടുന്നു തൻദാസനെ! (യുഗ്മകം)

14. സാരസ്വാഗതവാക്കെനിക്കിഹ ഭവ-
　　ന്മഞ്ജീരശിഞ്ജാരവം;
ഗൌരപ്പൂമലർ തൂകൽതാനിവനു നിൻ
　　മന്ദാക്ഷമന്ദസ്മിതം;

---

അഭക്താത്മാവ്=ഭക്തിയില്ലാത്തവൻ. അകിഞ്ചിൽകരൻ=ഒന്നും ചെയ്യാത്തവൻ. മന്ദോദരിയുടെ ഭർത്തൃപ്രണയത്തിനു ത്രൈലോക്യസാമ്രാജ്യത്തെത്തന്നെ കാഴ്ചവെച്ചിട്ടും, രാവണൻ ഭക്തിയില്ലാത്തവനും ഒന്നും ചെയ്യാത്തവനും ആയത്, അയാൾ രാമൻതൻപ്രതിയോഗിയായതിനാൽ— സീതയിൽ അത്യാസക്തിയുള്ളവനാകയാൽ— ആണ്. മജ്ജീ......നി=എന്റെ ജീവിതത്തിലെ ഭാഗ്യങ്ങളാകുന്ന രത്നങ്ങൾ വിളയുന്ന ഖനി. ആരപ്പോർമുല—ആരം (ഹാരം=മുത്തുമാല) അണിഞ്ഞ പോർമുല. കിഞ്ചന=കുറച്ചൊന്ന്. ഗൃഹാചാരജ്ഞ=ഗൃഹാചാരം അറിയുന്നവൾ. തൻദാസനെ—എന്നെ എന്നർത്ഥം.

14. രാവണൻ മന്ദോദരിയോടായി പറയുന്നു: ഭവ......വം= ഭവതിയുടെ കാൽച്ചിലമ്പിന്റെ കിലുക്കം. ഗൌരം=വെളുത്ത. മന്ദാ

വാരഞ്ജും തവ ഹർഷനിശ്വസിതമോ
വെൺചാമരക്കാറ്റെന്നി-
ല്ലാ;-രമ്യാംഗി, വൃഥാവിലീ മദുപചാ-
രായാസമേല്ലൊല്ല നീ!

## ൧൧
# അമ്പാടിയിൽച്ചെല്ലുന്ന അക്രൂരൻ

(മഞ്ജരി)

1. "അന്തിച്ചുകപ്പോലുമഭ്രഖണ്ഡങ്ങളൊ-
ത്തന്തരിക്ഷാന്തരം ബിംബിച്ചിതാ,
ഹന്ത, കാണാകുന്നു കാളിന്ദി, നീളവേ
ചെന്താമരപ്പൂക്കൾ ചേർന്നപോലെ.
2. അംബ, കളിന്ദജേ, നിന്നോടു നേരാമോ
ത്ര്യംബകൻ ചൂടിയ ഗംഗപോലും?

---

ക്ഷമം=ലജ്ജ. നിശ്വസിതം=വീർപ്പ്. ആരമ്യാംഗി=എത്രയും മനോജ്ഞമായ ശരീരത്തോടുകൂടിയവൾ. മദുപചാരായാസം=എന്നെ ഉപചരിക്കുവാനുള്ള പ്രയത്നം.

---

1. കംസൻ രാമകൃഷ്ണന്മാരെ വധിപ്പാനായി, ധനുർയ്യാഗം കാണുവാനെന്നു പറഞ്ഞ് അവരെ കൂട്ടിക്കൊണ്ടുചെല്ലുവാൻ അക്രൂരൻ എന്ന യാദവനെ അമ്പാടിയിലേക്കയച്ചു. കൃഷ്ണനിൽ അതിഗാഢമായ ഭക്തിയുള്ളവനും കൃഷ്ണനെക്കാണുവാൻ വളരെക്കാലമായി കൊതിച്ചുകൊണ്ടിരുന്നവനുമായ അക്രൂരൻ സായാഹ്നത്തിൽ കാളിന്ദിയുടെ അരികത്തെത്തിച്ചേർന്നു. അദ്ദേഹം വിചാരിക്കുകയാണ്: അഭ്രം=മേഘം. അന്തരിക്ഷാന്തരം=ആകാശപ്രദേശം. ബിംബിച്ച്=പ്രതിഫലിച്ച്.

2. കളിന്ദജ=കാളിന്ദി. ത്ര്യംബക (മുക്കണ്ണ)ന്റെ ശിരസ്സിലി

ചുംബിച്ചുപോരുന്നുവല്ലോ നീ നിത്യവു,-
മംബുജനേത്രന്റെ തൃപ്പദത്തെ.

3. നിങ്കലിക്കാണും നിറപ്പകിട്ടാ മണി-
ച്ചെങ്കഴലപ്പിച്ച കാന്തിതാനോ?
എൻകണ്ണനുണ്ണിതൻ മൈ പുല്കുമാനായ-
മങ്കമാർതൻ മുലക്കുങ്കുമമോ?

4. കാളിന്ദീദേവി, നിൻ കല്ലോലപാളിയിൽ-
ത്താളംചവുട്ടുന്ന താത്തന്നലോ,
നിർവാണലക്ഷ്മിതൻ നിശ്വാസം പോലെന്നെ-
സ്സർവാംഗം കോൾമയിക്കൊള്ളിക്കുന്നു.

5. കണ്ണന്റെ ചെഞ്ചൊടി പൂണുന്ന വേണുവിൻ
പുണ്യനിനാദത്തിൻ ബിന്ദുക്കളോ,
നിന്നുടെ തണ്ണീരൊഴുക്കിൽനിന്നേന്തിവ-
ന്നെന്നുടെ കണ്ണും കുളിപ്പിക്കുന്നു!

6. ചിൽക്കുഴമ്പായ് മുനിലോകം നുകരുമ-
ത്തൃക്കഴലൂത്തിന്റെ തൂമാധുര്യം

---

രിക്കുന്നതിനെക്കാളും അംബുജനേത്ര(താമരക്കണ്ണ)ന്റെ പാദങ്ങളെ മുകരുന്നതാണ് ശ്രേഷ്ഠമെന്നഭിപ്രായം.

3. ആ മുലക്കുങ്കുമത്തിന്ന് ഇത്രയും നിറപ്പകിട്ടു കിട്ടിയതും 'എൻകണ്ണനുണ്ണിതൻ മൈ പുല്കു'ന്നതുകൊണ്ടാണ്.

4. കല്ലോലപാളി=തിരമാല. കാളിന്ദിക്കാറ്റേല്ക്കുമ്പോൾ, അനിർവാച്യമായ ബ്രഹ്മാനന്ദം ഉളവാകുന്നു.

5. കാളിന്ദിയിലെ ജലപ്രവാഹത്തിൽനിന്നുണ്ടാകുന്ന ശബ്ദത്തെ ബാലഗോപാലന്റെ വേണുവിന്റെ നിനാദമാണോ എന്നുൽപ്രേക്ഷിക്കുന്നു.

6. മേൽപ്പറഞ്ഞവിധം ഉൽപ്രേക്ഷിപ്പാനുള്ള കാരണത്തെക്കു

നിൻചാരുവെണ്ണമണൽത്തട്ടിനെക്കേവലം
പഞ്ചാരക്കുന്നുപോലാക്കിയല്ലോ!

7. കാളിന്ദികൊണ്ടൊരു നീലക്കരയിട്ട
ചേലിൽ വിളങ്ങും വൃന്ദാരണ്യമേ,
കാലികൾ നക്കിത്തുടയ്ക്കുമച്ചെന്തളിർ-
ക്കാലടിവെച്ചുകൊണ്ടുണ്ണിക്കണ്ണൻ
സഞ്ചരിക്കുന്ന നിൻദിക്കിലെങ്ങാനൊരു
പിഞ്ചുപുല്ലായിപ്പിറക്കാവൂ ഞാൻ!
ഹാ, ലോകഭാഗ്യമേ, പാവനമീ വനം
ഭൂലോകം പൂകിന ഗോലോകം താൻ!

൮. നല്ലിളംപൂക്കളെ മെല്ലെത്തുറക്കുന്ന
മല്ലികേ, മാലതി, മന്ദാരമേ,
വല്ലവപ്പൊൻകുഞ്ഞിൻ മന്ദഹാസാങ്കുര-
മല്ലയോ നിങ്ങളിൽ വെള്ള വീശി!

---

ആ വേണുശബ്ദത്തിന്റെ മാധുര്യത്തെയും വിവരിക്കുന്നു: ചിത്ത്-ബ്രഹ്മം.

7. വൃന്ദാരണ്യം=വൃന്ദാവനം. പിഞ്ചുപുല്ലായിപ്പിറപ്പാൻ ആഗ്രഹിക്കുന്നത്, ഉണ്ണിക്കണ്ണന്റെ കാലടി തന്റെ മേൽ തട്ടുമല്ലോ എന്ന ആശകൊണ്ടാണ്; 'കാലികൾ.........കാലടി'—കൃഷ്ണന്റെ പാദസ്പർശമേല്പാനിടവന്നില്ലെങ്കിലും, അതു നക്കിത്തുടയ്ക്കുവാൻ ഭാഗ്യം സിദ്ധിച്ച ഗോക്കൾ വന്ന് ആ വായ്കൊണ്ടു പിഞ്ചുപുല്ലായ എന്നെ കടിക്കുകയെങ്കിലും ചെയ്യുമല്ലോ! എന്നും വ്യഞ്ജിക്കുന്നു. ഗോലോകം—എല്ലാ ലോകങ്ങളിൽനിന്നും മേലെയുള്ളതും സുഖസമ്പൂർണ്ണവും ആയ ഒരു ലോകമാണിത്. ഇവിടെയാണത്രേ രാധാകൃഷ്ണന്മാരുടെ നിത്യവാസം.

8. മാലതി=പിച്ചകം. മന്ദാരം=മന്ദാരം. നിങ്ങൾക്കുള്ള ഈ വെളുപ്പ് വല്ലവ(ഗോപ)പ്പൊൻകുഞ്ഞിന്റെ മന്ദഹാസം തട്ടിയതുകൊണ്ടുണ്ടായതല്ലേ!

9. അമ്പാൎന്ന ശാലകൾ പൂകുന്ന ഗോക്കൾത-
ന്നമ്പാരവമിതാ, മന്ദമായി
അമ്പാടിതന്നിൽനിന്നാരാലുണരുന്നു;
നിൻപാപം കണ്ണുമേ, നീറടിഞ്ഞു!

10. ഇക്കാണും ഗോകുലമന്ദിരപംക്തിതൻ
വയ്ക്കോലു മേഞ്ഞുള്ള മേൽപ്പുരമേൽ
സ്വീയകരങ്ങളാൽസ്സിന്ദൂരം ചാൎത്തുന്നു
സായന്തനാരുണൻ, സാധുവൃത്തൻ.

11. അസ്തംഗമിയ്ക്കാൻ തുടങ്ങുന്ന ഭാസ്കരൻ
വിസ്തൃതം തൻകരസൎവ്വസ്വവും,
അപ്പരമേശൻ വസിയ്ക്കുമമ്പാടിയി-
ലൎപ്പണംചെയ്യുന്നു പുണ്യശാലി!

12. ഗൌരഹയങ്ങളെപ്പൂട്ടിയതാകുമെൻ
തേരിതു കണ്ടു പകച്ചു കണ്ണാൽ
നോക്കിനില്ക്കുന്നു, നേക്കാലയിൽപ്പോകുന്ന
ഗോക്കളും ഗോപരുമുന്മുഖരായ്.

---

9. ശാല=തൊഴുത്ത്. ആരാൽ=അരികെ. ഈ ശബ്ദം ശ്രവിച്ചതിനാൽ കണ്ണും പാപനിൎമ്മുക്തമായി.

10. പംക്തി=നിര. സ്വീയകരങ്ങൾ=തന്റെ കരങ്ങൾ (രശ്മികൾ, കൈകൾ). സായന്തനാരുണൻ=സന്ധ്യാസൂൎയ്യൻ. സാധുവൃത്തൻ=സൽസ്വഭാവമുള്ളവൻ; നല്ല വൃത്താകൃതിയിലുള്ളവനെന്നും.

11. അസ്തംഗമിയ്ക്ക=അസ്തമിയ്ക്ക. കരസൎവ്വസ്വം=എല്ലാ കിരണങ്ങളും. മുമുക്ഷുവായവൻ, തനിയ്ക്കുള്ളതെല്ലാം അന്ത്യകാലത്ത് ഈശ്വരനിൽ സമൎപ്പിയ്ക്കുന്നു.

12. ഗൌരഹയങ്ങൾ=വെള്ളക്കുതിരകൾ.

13. മണ്ടിനടക്കുന്ന കാളക്കിടാങ്ങൾതൻ
കണ്ഠത്തിൽത്തൂങ്ങുന്ന ഘണ്ടികകൾ
വാനിലലയ്ക്കും ഘണാഘണാനാദത്താൽ
വാസരാന്തത്തെ വിളിച്ചോതുന്നു!

14. പൊൻതാഴികക്കുടം വെച്ച വന്മേടകൾ
പൊന്തിനിന്നീടുന്ന പട്ടണങ്ങൾ,
ഏതാനും പുൽമേഞ്ഞ കൊച്ചുപുരകളെ
മാർതന്നിൽച്ചേർക്കുമീഗ്ഗോകുലത്തെ
താണു വണങ്ങട്ടെ: വാഴുന്നതിങ്ങല്ലോ,
താർമാതിൻ പ്രാണനാം തമ്പുരാൻ താൻ.

15. പാലാഴിമങ്കതൻ പര്യായഭേദങ്ങൾ
പോലെഴും ഗോപാലപ്പെൺകൊടിമാർ,
ത്രൈലോക്യനാഥനാം തങ്കക്കിടാവിനെ-
ത്താലോലിക്കുന്ന നൽക്കൈകളാലെ,
ത്വംഗന്മണിമയകങ്കണക്വാണമാം
മംഗല്യസംഗീതം പൊങ്ങുംവണ്ണം
നാക്കിനാൽക്കുട്ടിയെ നക്കി മിനുക്കുന്ന
പൈക്കളെ സ്വൈരം കറന്നീടുന്നു.

---

13. വാസരാന്തത്തെ (=പകലറുതിയെ) അറിയിക്കുന്ന 'മണിയടിക്കലാ'ണ്, ഘണ്ടികാ(=കുടമണി)നാദം.

14. പട്ടണങ്ങളിൽ സമ്പത്തു സമൃദ്ധമായിട്ടുണ്ടെങ്കിലും, അതിന്റെ അധിദേവതയായ ലക്ഷ്മിയുടെ പ്രാണനാഥൻ വാണരുളുന്നതും എന്നാൽ ഒട്ടും അഹങ്കാരമില്ലാത്തതുമായ ഈ ഗോകുലത്തെ അവ വണങ്ങുകതന്നെ വേണം.

15. പാലാഴി......ഭേദങ്ങൾ=മഹാലക്ഷ്മിയെപ്പോലുള്ളവർ എന്നർത്ഥം. ത്വംഗൽ=ഇളകുന്ന.

16. നീലക്കാർവർണ്ണന്റെ പുഞ്ചിരിപ്പാൽക്കുഴ-
മ്പോലും തിരുമുഖം ധ്യാനിക്കയും,
'വീരനപ്പാൽവെണ്ണക്കള്ളനെങ്ങെ'ന്നു പേ-
ർത്താരാഞ്ഞുകൊൾകയും ചെയ്യുംപോലെ,
നേത്രമിമച്ചു മിഴിക്കുന്നു ദോഹന-
പാത്രത്തിൻ വക്കത്തിപ്പാൽപ്പതകൾ."

17. അക്രൂരചാതക, പോരും നിൻചിന്തകൾ;
ചിക്കെന്നു തേർവിട്ടിറങ്ങിക്കൊൾക:
തൃക്കണ്ണാൽ പൈക്കറവീക്ഷിച്ചുകൊണ്ടിതാ,
നില്ക്കുന്നു നിന്നുടെ നീലമേഘം—
ആനകദുന്ദുഭി, ദേവകിയെന്നിവർ
നാനാതപശ്ശക്തി നേടിനേടി,
പ്രേമമാം പീയൂഷംകൊണ്ടു നിർമ്മിച്ചൊരു
കോമളശ്യാമളബാലരൂപം—
നന്ദന്റെ ഗേഹത്തിൽ ദൈവം കൊളുത്തിയ
സുന്ദരമായൊരു ഭദ്രദീപം—

---

16. കാളിന്ദിയുടെ നിറപ്പകിട്ട്, കാററ്, ശബ്ദം, മണൽത്തിട്ട് എന്നിവയിലും, വൃന്ദാവനപ്രദേശത്തും, പൂക്കളിലും, അന്തിച്ചുകപ്പിലും—എന്നുവേണ്ട സകലത്തിലും—കണ്ണനുണ്ണിയെസ്സംബന്ധിച്ചവ മാത്രം കാണുന്ന അക്രൂരൻ, പാൽ കറക്കുമ്പോൾ അതിലുണ്ടാകുന്ന നുരയിലും കാണുന്നതതുതന്നെ; ദോഹനം=കറവ്. പാൽപ്പതയുടെ കണ്ണുകളായി കല്പിച്ച പോളകൾ ഇല്ലാതാവുകയും പിന്നെയും ഉണ്ടാകയും ചെയ്യുന്നതിനെ, ചിമ്മി ധ്യാനിക്കലായും, മിഴിച്ചാരായലായും കല്പിക്കുന്നു. 'പാൽക്കുഴമ്പോലും', 'പാൽവെണ്ണക്കള്ളൻ' എന്നിവയുടെ ഔചിത്യം നോക്കുക.

17. ചാതകം=വേഴാമ്പൽ. നീലമേഘത്തെയത്രേ വേഴാമ്പൽ എപ്പോഴും പ്രതീക്ഷിക്കുന്നത്. ആനകദുന്ദുഭി=വ(സുദേവർ) ദേവകി

ധന്യയാകുന്ന യശോദതൻ മാത്തട്ടിൽ
മിന്നുന്ന മാഹേന്ദ്രക്കൽപ്പതക്കം—
വാരുററ വല്ലവീവല്ലികൾ തോറുമേ
പാറിപ്പറക്കുന്നൊരോമൽക്കിളി—
കാളിന്ദിതൻമണൽത്തിട്ടിൽക്കളിപ്പോരു
കാളായവർണ്ണമാം രാജഹംസം—
ആനായപ്പിള്ളക്കൊരുള്ളൊക്കും ചങ്ങാതി—
യാമ്നായവേദികൾക്കാദ്യതത്ത്വം!

18. കോലക്കുഴലുമാപ്പൈക്കളെ മേയ്ക്കുന്ന
കോലുമിടത്തേക്കരത്തിലാക്കി,
ത്രൈലോക്യസാമ്രാജ്യച്ചെങ്കോൽ വഹിക്കുന്ന
പേലവമാകും വലത്തുകയ്യാൽ,
കാലിക്കിടാങ്ങൾതന്നെണ്ണയൊലിക്കുന്ന-
പോലുള്ള കോലം തലോടിക്കൊണ്ടും;
താരിനു ചൂഴവുമല്ലികൾപോലെ തൻ-
ചാരേ ചുഴന്നെഴും പൈതങ്ങളെ
ചാരുവാം പുഞ്ചിരിത്തേൻകൊണ്ടു ചാലിച്ച
ചാടുവാക്കാൽച്ചിരിപ്പിച്ചുകൊണ്ടും;

---

എന്നിവർ, രണ്ടുജന്മം മുതല്ക്കേ, വിഷ്ണു തങ്ങളുടെ പുത്രനാകേണമെന്നു വിചാരിച്ച് ഏറിയകാലം തപസ്സു ചെയ്ത ദമ്പതിമാരത്രേ. മാഹേന്ദ്രക്കല്ല്=ഇന്ദ്രനീലമണി. കാളായവർണ്ണം=കറുത്ത. ആമ്നായവേദികൾ=വേദമറിയുന്നവർ.

18. പേലവം=മൃദു. ചാടുവാക്ക്=നേരംപോക്കു പറയൽ. വിയപ്പിനാൽ......ന്നിയ—വിയർപ്പുതുള്ളികൾ ഉള്ളതുകൊണ്ടു വെൺമുത്തുകളണിഞ്ഞതുപോലുള്ള. ശില്പസംസ്കാരം ചമഞ്ഞുവെക്കൽ മുതലായ

ചന്ദ്രത്തിൽപ്പീലിക്കൺ ചാൎത്തിയ കാറൊളി-
ക്കുന്തളമൊട്ടൊട്ടഴിഞ്ഞു ചെമ്മേ,
ഗോരോചനക്കുറി മാഞ്ഞു വിയൎപ്പിനാൽ
ഗൌരമുത്തേന്തിയ നെറ്റിമേലും,
ചേറു പുരണ്ടൊരു ത്തുമഞ്ഞൾച്ചിറ്റാട
ചേരുന്ന തോളിലും ചിന്നിക്കൊണ്ടും;
കാലികളോടൊത്തു പാഞ്ഞു നടന്നിട്ടു
കാനനധൂളികൾ പറ്റുകയാൽ,
ശില്പസംസ്കാരം കഴിയാത്ത രത്നമോ-
ടൊപ്പമാം പൂവൽമെയ് വാടിയാലും,
തായാടൽ നിൎത്താൻ മനസ്സു വരായ്കയാൽ,
തായ പൊൻകിണ്ണത്തിലെണ്ണയുമായ്
നിന്നു നീരാട്ടുവാൻ ചെല്ലതിന്നായ് വിളി-
ക്കുന്നതു കേൾക്കാത്ത ഭാവം പൂണ്ടും;
'കണ്ണാ, വരികി,താ വെണ്ണ'യെന്നങ്ങയൽ-
പ്പെണ്ണുങ്ങൾ മാടി വിളിക്കിലപ്പോൾ,
മഞ്ജീരശിഞ്ജിതം വീശ്രുമാറോമന-
ക്കുഞ്ഞിക്കാൽകൊണ്ടാശു പാഞ്ഞു ചെന്നും;
തെല്ലുകലത്തായ്ത്തെളിഞ്ഞു വിളങ്ങുമാ-
ച്ചില്ലതാകന്ദമാം പൈതലിനെ
നല്ലപോലീക്ഷിപ്പാനായിലക്രൂര-
നുല്ലളൽബാഷ്പാക്ഷനാകമൂലം.

---

ച്. ചില്ലതാകന്ദം=ജ്ഞാനസ്വരൂപമായ ബ്രഹ്മമാകുന്ന വള്ളിയുടെ കിഴങ്ങ്. ഉല്ലളൽബാഷ്പാക്ഷൻ=തള്ളിവരുന്ന സന്തോഷാശ്രുനിറഞ്ഞ കണ്ണുകളോടുകൂടിയവൻ.

19. ആ മഹാഭക്തന്നരക്ഷണാൽ നിശ്ശേഷ-
കാമസമ്പൂർത്തി കൈവന്നതായും,
ഏതോ വിശിഷ്ടപ്രയോഗത്താൽ ജീവിതം
നൂതനമായ്ത്തീർന്നതായും തോന്നി.

20. ചേണാററ പീയൂഷയൂഷക്കയമൊന്നി-
ലാണുമുഴുകിയാലെന്നപോലെ,
ഉള്ളം മുഴുക്കെക്കുളിർത്തവൻ ബാഹ്യമാ-
യുള്ളതെല്ലാമേ മറന്നുപോയി.

21. തേരിൽനിന്നഞ്ജസാ ചാടിയിട്ടാ യുവാ-
വാ,രിതെന്നേവരും നോക്കിനില്ക്കേ,
ആഴിപ്പെൺകാന്തന്റെ തൃക്കാൽ പതിഞ്ഞ വെൺ-
പ്പൂഴിയിൽ വീണു കിടന്നുരുണ്ടാൻ:
ഉന്മസ്തകോത്തമഭക്തിയിൽ പ്രാജ്ഞനു-
മുന്മത്തചേഷ്ടനായ്ത്തീരുമല്ലോ.

---

19. നിശ്ശേഷ.....ർത്തി=എല്ലാ അഭീഷ്ടങ്ങളുടേയും തികവ്.

20. പീയൂഷയൂഷക്കയം=അമൃതു നിറഞ്ഞ കയം. ബാഹ്യമായുള്ളത്=കൃഷ്ണനെ ഒഴിച്ചു പുറമെയുള്ള എല്ലാ വിഷയങ്ങളും.

21. അഞ്ജസാ=ചിക്കെന്ന്. ഉന്മസ്തകം=തലയിൽക്കേറിയ, മുഴുത്ത. പ്രാജ്ഞൻ=നല്ല അറിവുള്ളവൻ. ഉന്മത്തചേഷ്ടൻ=ഭ്രാന്തനെപ്പോലെ ചേഷ്ടിക്കുന്നവൻ.

൫൨

## വെടികൊണ്ട പക്ഷി.

1. ഇതാ പതുക്കെസ്സസുഖം പറക്കും
ചേലുള്ള വെള്ളക്കിളിയൊന്നു വാനിൽ,
തെളിഞ്ഞു നില്ക്കും കുളിർപൊയ്കതന്നിൽ-
ത്തൈത്തെന്നൽ താരാട്ടുമൊരാമ്പൽ പോലെ.

2. ഭൂദേവിതൻ ഭാസുരകേളിമച്ചിൻ
മികച്ച മേല്ക്കട്ടിയിലേതൊരാളോ,
ഈ വെണ്മലത്താത്തൊരദൃശ്യമായ
നൂൽത്തുമ്പിനാൽക്കോർത്തഴകോടു തൂക്കീ!

3. മുകിൽക്കുലം മൌലിയിലുമ്മവെച്ചു-
മീയോമനക്കുഞ്ഞിനെ നോക്കിനില്ക്കെ
സൽപുത്രദർപ്പാൽ പ്രകൃതീശ്വരിക്കു
സായന്തനാദിത്യമുഖം തുടുത്തു.

---

1. സസുഖം=സുഖത്തോടേ.

2. ഭാസുരം=പ്രകാശമാന്ന്. മേല്ക്കട്ടി—ആകാശം. അദൃശ്യം=കാണാൻ കഴിയാത്ത.

3. മുകിൽക്കുലം=മേഘസമൂഹം. മൌലി=ശിരസ്സ്. സൽപുത്രദർപ്പാൽ=തനിക്കു് ഇത്തരം നല്ല മക്കളുണ്ടെന്ന അഭിമാനത്താൽ. ‘മുകിൽ......വെച്ചു’ എന്നതുകൊണ്ടു് ആ പക്ഷി വളരെ ഉയരത്തിൽ പറക്കുന്നുവെന്നും, ദിവ്യർകൂടി ലാളിക്കത്തക്ക സൌഭാഗ്യം അതിനുണ്ടെന്നും വ്യഞ്ജിക്കുന്നു. സന്ധ്യയായി.

4. ഭൂമണ്ഡലം കാണ്മതിനോ, വലംവെ-
ച്ചിപ്പക്ഷി ലാത്തുന്ന മുകൾപ്പരപ്പിൽ!
എങ്ങാസ്സുവിസ്തീർണ്ണസുരപ്രദേശം?
ഈത്തുണ്ടുതുണ്ടാം നരലോകമെങ്ങോ?

5. നരന്റെ വീപ്പിൻകറ ചേർന്ന കാറ്റേ-
ല്ക്കാത്തത്ര ദൂരത്തു പറക്ക കുഞ്ഞേ—
അയ്യോ, ഇതാ, നിൻകരളിൻ ചുവട്ടി-
ലന്ത്യൻ കടന്നേന്തിയ കാലദണ്ഡം!

6. തുടുത്ത രക്തം ചൊരിയാതെ ദാഹം
തീരാത്ത മർത്ത്യന്റെ കരാളദംഷ്ട്ര,
നിന്നെപ്പുമച്ചോരു കടുംകരിംക-
ല്ലിരിമ്പിനെപ്പേലവശുഭ്രമാക്കി!

---

4. സുവിസ്തീർണ്ണമായ ആ സുരപ്രദേശത്തു (ആകാശത്തു) പെരുമാറിശ്ശീലിച്ചവക്ക്, ഈ തുണ്ടുതുണ്ടായ—എന്റേതു നിന്റേതു എന്നു പകുത്തുവെച്ചിരിക്കുന്ന—ഈ നരലോകത്ത് എന്തൊന്നാണ് കാണുവാനുള്ളത്?

5. 'നരന്റെ......ദൂരത്ത്'—സ്വാർത്ഥപരനായ മനുഷ്യന്റെ കാററു തട്ടുന്നതേ ആപൽകരമാണെന്നഭിപ്രായം. കാലദണ്ഡം=അന്തകന്റെ ദണ്ഡം—തോക്ക്. യമദണ്ഡുതന്നെയാണിത്; എടുത്തിരിക്കുന്നതു സാക്ഷാൽ യമനല്ലെന്നേ ഉള്ളു.

6. കരാളം=ഘോരം, തോക്കിനെ ഹിംസാശീലനായ മർത്ത്യന്റെ (രാക്ഷസന്റെ) ദംഷ്ട്രയായിക്കല്പിച്ചിരിക്കുന്നു. തോക്കുണ്ടാക്കുവാൻ ഇരിമ്പിനെ പേലവവും (മൃദുവും) ശുഭ്രവും (വെളുത്തതും) ആക്കേണമല്ലോ; തോക്കുണ്ടാക്കിയ ആ കയ്യിന്റെ കടുപ്പവും കറുപ്പും (മലീമസത്വവും) നോക്കിയാൽ, ഇരിമ്പുകൂടി മൃദുലവും ശുഭ്രവുമാണെന്നു പറയാവുന്നതാണ്—എന്നു വ്യംഗ്യം.

7. തോക്കേന്തുമിപ്പാന്ഥനിതാ, പതംഗ,
നോക്കുന്നു നേൎക്കുമുഖനായി നിന്നെ,
നിരാശതാഗ്ലാനിയിൽനിന്നു ഹൎഷോ-
ല്ലാസത്തിലെയ്ക്കെത്തിയ ലോചനത്താൽ.

8. കണ്ണിന്നു നിൻപൂവുടൽവെണ്മയല്ല
കൎപ്പൂരമാകുന്നതിവന്നു — ഹാ, ഹാ!
ഈ മന്നിലെന്തുണ്ടൊരു ഭക്ഷ്യസസ്യം?
ഇവൻ വിശന്നിട്ടു മരിയ്ക്കുമെന്നോ!

9. തോക്കായ രക്ഷസ്സു, തിടുക്കമോടേ
തൽഭക്തനൎപ്പിച്ച പദാൎത്ഥമെല്ലാം
ഉള്ളിൽച്ചെലുത്തിപ്പരിതൃപ്തി പൂണ്ടി-
ട്ടുഗ്രസ്വരത്തോടൊരു തേട്ടൽ തേട്ടീ.

---

7. പതംഗം=പക്ഷി. നിരാശതാഗ്ലാനി=നിരാശനായതുകൊണ്ടുള്ള വാട്ടം. ഹൎഷോല്ലാസം=സന്തോഷംകൊണ്ടുള്ള ഉന്മേഷം. ഇതേവരെ തേടിനടന്നിട്ടും ഒന്നും കിട്ടായ്കയാൽ നിരാശനായിരുന്ന ആയാൾക്ക് ഈ കിളിയെക്കണ്ടപ്പോൾ വളരെ സന്തോഷം തോന്നി.

8. ഇവൻ ഇങ്ങിനെ നിന്നെ ഹൎഷപൂൎവ്വം നോക്കത്തക്കവിധം അവന്റെ കണ്ണുകൾക്കു കൎപ്പൂരമായതു—(കണ്ണുകളെ കുളൎപ്പിയ്ക്കുന്നത്) നിന്റെ പൂവുടലിന്റെ വെണ്മയല്ല (നിന്റെ സൌന്ദൎയ്യമല്ല), പിന്നെയോ?—അതു വിചാരിപ്പാൻപോലും വയ്യെന്നു കാണിയ്ക്കുന്നു— 'ഹാ ഹാ!'

9. തൽഭക്തൻ=അതിന്റെ (തോക്കിന്റെ) ഭക്തൻ. പദാൎത്ഥമെല്ലാം—വെടിമരുന്ന്, ചില്ല്, കെട്ട് എന്നിവ. ഉഗ്രസ്വരം=ഉറക്കെയുള്ള ശബ്ദം.

10. ആ നിർദ്ദയൻതൻ സമസ്തസൃഷ്ടഹിംസാ-
മലീമസാഘങ്ങളിൽനിന്നൊരംശം,
ഉയർന്ന തോക്കിൻ കുഴലിങ്കലൂടെ
ചെന്നേറി വിൺവീഥിയിലും പുകഞ്ഞു!

11. പെട്ടെന്നതാ, പക്ഷി തിരിഞ്ഞുകൊണ്ടു
കീഴ്പ്പോട്ടു പോരുന്നു—ഹരേ! മുകുന്ദ!
പാപിഷ്ഠതിപ്പോ,ളൊരു പൈതലിന്നു
പളുങ്കണിപ്പമ്പരമെന്നപോലായ്.

12. സിദ്ധാർത്ഥനെപ്പെററ ധരിത്രിതൻറ-
യങ്കത്തിലെസ്സാക്ഷിളി വന്നുവീഴ്കേ,
ശിരസ്സു ചായ്ചും ചില പുല്ലുകൾക്ക-
ങ്ങിററിററു വീണു തുഹിനോദബാഷ്പം.

13. പണ്ടത്തെ നിന്മക്കൾ കിരുത്തരമ്മേ,
പരാഭിതൃപ്തിക്കുടൽ കൈവെടിഞ്ഞു;
അശക്തരിന്നുള്ളവരോ, സ്വഗാത്ര-
പിണ്ഡം തടിപ്പിപ്പവരന്യമെയ്യാൽ!

---

10. സമസ്തസൃഷ്ട.....ഘം=സമസ്തസൃഷ്ടികളെ ഹിംസിച്ചു ഹിംസിച്ചു നേടിയ മലിനമായ പാപം. തോക്കിൽനിന്നു പുറപ്പെട്ട പുകയെ അയാൾക്കുള്ള പാപങ്ങളുടെ ഒരംശമായി അദ്ധ്യവസായം ചെയ്യുന്നു. വിൺവീഥിയിലും—സുവിസ്തീർണ്ണമായ ആ സുരപ്രദേശത്തുപോലും.

11. ഈ തീവ്രദുഃഖപ്രദമായ കാഴ്ച, ആ മഹാപാപിഷ്ഠൊരു വിനോദം!

12. സിദ്ധാർത്ഥൻ=ബുദ്ധൻ ('അഹിംസാ പരമോ ധർമ്മഃ' എന്നുപദേശിച്ച ജഗദ്ഗുരു). തുഹിനോദബാഷ്പം—മഞ്ഞുതുള്ളികളാകുന്ന കണ്ണുനീർ.

13. ഭൂമിദേവിയോടു പറയുന്നു: പരാഭിതൃപ്തിക്ക്=അന്യരെ സംതൃപ്തരാക്കാൻ. സ്വഗാത്രപിണ്ഡം=തങ്ങളുടെ ശരീരം.

14. വധൂസമഭ്യാഗതി കാത്തുകൊണ്ടോ,
വാനിൽച്ചരിച്ചു ഖഗ, മന്ദമായ് നീ?
അല്ലെങ്കിൽ, നിൻഗേഹിനി ബാലരക്ഷ-
ക്കു കൂട്ടിലേ വാഴുകയായിരിക്കാം.

15. കൂട്ടിന്നകത്തുൽക്കടമാം വിശപ്പാൽ-
ക്കരുന്നു പൈതങ്ങൾ കുഴഞ്ഞുവാഴ്വൂ;
ഇരയ്ക്കുപോയീടിന നാഥനെത്തീ-
ലി;-രുട്ടു കേറുന്നിതവർക്കു കണ്ണിൽ!

16. അകാലവൈധവ്യമണഞ്ഞൊരമ്മ;
പത്രം മുളയ്ക്കാത്ത കുറെക്കിടാങ്ങൾ—
ഹേ ദുഷ്ട, ശിക്കാറി, ഭവാനൊരുണ്ട-
കൊണ്ടിക്കുടുംബം മുഴുവൻ തകർത്തു!

17. ഭാസിച്ചിടുന്നുണ്ടൊരു പോരിൽ വെന്ന
ഭടന്റെ ഭാവം ഭവദാനനത്തിൽ;
വ്യാഘ്രങ്ങളല്ലിൽപ്പശുവെപ്പിടിപ്പാൻ
വരുമ്പോൾ നിൻതോക്കുണരാത്തതെന്തോ!

---

14. വധൂസമഭ്യാഗതി=പതിയുടെ വരവ്. ചരിച്ചു=സഞ്ചരിച്ചിരുന്നു. ഖഗം=പക്ഷി. ഗേഹിനി=ഭാര്യ.

15. ആ കൂട്ടിലെ അവസ്ഥയെന്താണ്: ഉൽക്കടം=വലിയ 'ഇരുട്ടു......കണ്ണിൽ'—അവർക്കു ഭയം വർദ്ധിക്കുന്നു എന്നർത്ഥം. നേരവും ഇരുട്ടായിത്തുടങ്ങി.

16. അകാലവൈധവ്യം=കാലമല്ലാക്കാലത്തുണ്ടായ ഭർത്തൃനാശം. പത്രം=ചിറക്.

17. വെന്ന=വിജയം നേടിയ. ഭവദാനനം=നിന്റെ മുഖം. ആർക്കും ഉപദ്രവം ചെയ്യാത്ത ചെറുപക്ഷികളെ കൊന്നു മേന്മ നേടിപ്പാനല്ലാതെ, ഗോരക്ഷണത്തിന്നായി ഒരു വ്യാഘ്രത്തോടെതിരിടുവാൻ ഭീരുവായ നിനക്കു കഴികയില്ലല്ലോ എന്നഭിപ്രായം.

18. കണ്ടീലയോ ദേവി, ജഗത്സവിത്രി,
നിൻപാരിലെദ്ദുർന്നയസന്നിപാതം?
പാവങ്ങൾതൻ പ്രാണമരുത്തുവേണം
പാപപ്രഭുക്കൾക്കിഹ പങ്കവീശാൻ!

19. ക്രൗര്യപ്പിശാചിൻ ബലിവേദിപൂക
കിളിക്കു തണ്ടാർവളയക്കഴുത്തിൽ
ചിന്നിപ്പരന്നീടിന രക്തരാജി
തെച്ചിപ്രസൂനക്കൊലമാലയായി!

20. പൊറാത്ത നോവാൻ കുറെപ്പിടഞ്ഞി-
ട്ടെന്നെയ്ക്കുമായിട്ടതു വാ പൊളിച്ചു;
ശേഷിച്ച തൽപ്രാണനുമുൽക്രമിച്ചി-
ത,ക്കൊച്ചുവാതിൽപ്പഴുതിങ്കലൂടേ.

21. മറഞ്ഞുപോയ് മങ്ങിയ കർമ്മസാക്ഷി;-
യൊരുഗ്രനിശ്ശബ്ദത ചേർന്നു ചുററും;

---

18. ജഗത്സവിത്രി=ലോകങ്ങളുടെ അമ്മ. ദുർന്നയസന്നിപാതം=മേല്ക്കുമേൽ വന്നടിഞ്ഞുകൂടുന്ന ദുർന്നയങ്ങൾ. പാപപ്രഭുക്കൾ=പാപികളായ (അഥവാ പാപികളിൽവെച്ചു) പ്രഭുക്കൾ. പ്രഭുക്കൾ തുച്ഛമായ സുഖാനുഭവത്തിന്നുകൂടി മററു ജീവികളെ ആവുംവിധം ഉപദ്രവിക്കുന്നു.

19 ബലിചെയ്യപ്പെടുന്ന പ്രാണിയുടെ കഴുത്തിൽ തെച്ചിപ്പൂമാലയിടുവിക്കാറുണ്ട്.

20. ഉൽക്രമിക്കു=മേല്പോട്ടു പോവുക. അക്കൊ......ഴുത്—മുഖദ്വാരം.

21. കർമ്മസാക്ഷി=ലോകത്തിലെ എല്ലാം പ്രവൃത്തികളും കണ്ടുകൊണ്ടുനില്ക്കുന്നവൻ—സൂര്യൻ. അപ്പോഴെയ്ക്കും അസ്തമിച്ചു. നിശ്ശബ്ദം=ശബ്ദമില്ലാത്തത്. ആ നിരപരാധമായ പക്ഷിയുടെ വധം ലോകത്തെ സ്തംഭിപ്പിച്ചതായിത്തോന്നി.

മൂച്ഛത്ത്, മെന്തോ മുറിവേററപോലെ
നിഷ്പന്ദമായ് നിന്നിതു വിശ്വയന്ത്രം!

22. ആകാശമുന്മീലിതതാരകകാ-
യാരാഞ്ഞുനോക്കാൻ മുതിരുമ്പൊഴെല്ലും
തദങ്കണേ ലാത്തിയിരുന്ന ബാലൻ
കാലൻെറ കൈക്കൂട്ടയിലായ്ക്കഴിഞ്ഞു!

23. പക്ഷീന്ദ്ര, കുക്ഷിംഭരിതൻ പിചണ്ഡ-
ഭാണ്ഡം നിറയ്ക്കട്ടെ തവാംഗമാംസം;
നിൻതൂവലാൽ കാററു കുറിച്ചുകൊള്ളും
വ്യോമികലീടുഷ്കൃതിതൻ ചരിത്രം!

---

## ൧൮
## നര കണ്ടിട്ട്

---

1. കരുതാതെയകത്തു ഭിത്തിമേൽ വെ-
ച്ചൊരു കണ്ണാടിയിലൊന്നു നോക്കിയപ്പോൾ

---

22. ഉന്മീലിതതാരകകൾ-ഉന്മീലിതമായ (മിഴിച്ച) നക്ഷത്രങ്ങളാകുന്ന കണ്ണുകളോടുകൂടിയത്. തദങ്കണേ=അതിൻെറ മുററത്ത് (ആകാശസ്ഥലത്ത്). ബാലൻ—പക്ഷി. ശിക്കാറി അതിനെ എടുത്തു കൂട്ടയിലിട്ടു.

23. കുക്ഷിംഭരി=വയർ്പാററി. പിചണ്ഡം=വയർ. ദുഷ്കൃതി=പാപി. കാററുകൊണ്ടു തൂവൽ ആകാശത്തു പറന്നു തിരിയുമ്പോൾ, ഈ പാപി ചെയ്ത ഹിംസ പരക്കെ അറിയപ്പെടും.

---

1. ഗ്രന്ഥാരംഭകവിത. 'കയ വക്ത്രം'—അല്ല തൻെറ മുഖമാണെ

ഇരുഗണ്ഡവുമൊട്ടി വാട്ടമേററു-
ള്ളൊരു വക്ത്രം മമ മുൻവശത്തണഞ്ഞു.

2. 'നനു ദുഷ്ടജരേ, യഥേഷ്ടമെൻ
മിനുസപ്പൂമുഖമേറി വാഴുവാൻ,
മനുജർക്കൊരു ചേട്ടയാം നിന-
ക്കനുവാദം ഹഹ, തന്നതാരുവാൻ?'

3. ജര ചോദ്യമിതിന്നു മൌനരൂപോ-
ത്തരമേ ചൊല്ലി, വിശങ്കമെൻമുഖത്തിൽ
നര പററിയ രോമപംക്തിയാലേ
സരസപ്പുഞ്ചിരി പൂണ്ടുകൊണ്ടു നില്പൂ.

4. നര ചിതറിന നീലവാപികാംഭ-
സ്സുരപെരുമുത്സവമാണെനിയ്ക്കു;-തെന്തോ,
നരയിടകലരും മദീയരോമാ-
ങ്കുരനിര സൂചി തറയ്ക്കുയാണു കണ്ണിൽ!

---

ന്നു വിചാരിപ്പാൻപോലും, കവി അധീരനാണ്.

2. നനു=പ്രശ്നത്തെ സൂചിപ്പിക്കുന്നു. പൂമുഖം=നല്ല മുഖം, ഉമ്മറമെന്നും. ചേട്ട=അലക്ഷ്മി.

3. മൌനരൂപോത്തരമേ=മൌനമായ മറുപടി മാത്രം. തുച്ഛവും നിരർത്ഥവുമായ ഈ ചോദ്യം കേട്ടാൽ ചിരിക്കുയല്ലാതെ ജര എന്തുത്തരം പറയട്ടെ?

4. നീലവാപികാംഭസ്സ്=കറുത്ത കുളത്തിലെ വെള്ളം. ഉരപെരും=വിശ്രുതമായ. മദീയ.....നിര=എന്റെ ചെറുരോമങ്ങളുടെ കൂട്ടം. സാദൃശ്യമുള്ള ഈ രണ്ടു വസ്തുക്കളിൽ ഒന്നെന്നെ ആഹ്ലാദിപ്പിക്കുയും മററതു വേദനിപ്പിക്കുയും ചെയ്യുന്നത് എന്തുകൊണ്ടാണ്?

5. വലിയ തൻകരിയാലുഴതഞ്ജസാ
വലികളാകിയ ചാലുകൾ ചേർത്തഹോ,
പലിതമാം മൃതിവിത്തു വിതച്ചിതെ,ൻ
മലിനമേനിയിൽ വാർദ്ധകകർഷകൻ.

6. പരമിഹസുഖമാർഗ്ഗാവലംബിയാമെന്നെയതോ
മരണമതമനുഷ്ഠിക്കുന്ന കൂട്ടത്തിലാക്കാൻ
ശിരസി പുതിയ വെള്ളത്തൊപ്പി ചൂടിപ്പതിന്നായ്
നര കയറി മുതിർന്നീടുന്നു; ഹാ ഹാ, ഹതൻ ഞാൻ!

7. നരനതിപടു നാളിൽ നാളിൽ നാനാ-
തരമിഹ കണ്ടു പിടിപ്പതുണ്ടു യന്ത്രം;
ചിരമിരുളിൽ മറഞ്ഞുതാൻ കിടപ്പൂ,
മരണനിവാരണയന്ത്രമൊന്നുമാത്രം.

8. മരണമേ, തവ ശൂന്യതമസ്സിനെ-
ശ്ശരണമാക്കുവതെങ്ങിനെയാണഹോ,

---

5. വലികൾ=(ശരീരത്തിന്മേലെ)ചുളിവുകൾ. പലിതം=നര. മൃതി=മരണം. മലിനമേനിയിൽ—വളം ചേർത്തു ചളികെട്ടിയ വയലിൽ എന്നു വ്യഞ്ജിക്കുന്നു. വാർദ്ധകകർഷകൻ=വാർദ്ധക്യമാകുന്ന കൃഷിക്കാരൻ. നരക്കൽ മരണത്തിന്റെ ആരംഭമാണെന്നു സാരം.

6. ഇഹസുഖമാർഗ്ഗാവലംബി=ഐഹികസുഖത്തിന്നുള്ള വഴിയേ പോകുന്നവൻ. സുഖം എന്ന 'മതം' അനുഷ്ഠിക്കുന്നവൻ എന്നും. മരണമതം='മരണം' എന്ന 'മതം'. ശിരസി=തലയിൽ. ഹതൻ=കൊല്ലപ്പെട്ടവൻ. നിർബ്ബന്ധിച്ചുള്ള മതംമാററലിനെ സൂചിപ്പിക്കുന്നു.

7. അതിപടു=അതിസമർത്ഥൻ. ഇരുളിൽ മറഞ്ഞു—കണ്ടുപിടിക്കപ്പെടാതെ എന്നർത്ഥം. മരണ.....ന്ത്രം=മരണത്തെത്തടുപ്പാനുള്ള യന്ത്രം.

കിരണമാലിയൊഴുക്കിയ തങ്കനീർ
തിരളുമീയുലകത്തെ വെടിഞ്ഞു ഞാൻ?

9. ഇല്ല, ഞാൻ മരണ, നിൻവഴിക്കു പോ-
രില്ല; നിന്നനുജ നിദ്ര ചൊല്കയാൽ
നല്ലവണ്ണമറിവുള്ളതാണെനി-
ക്കുല്ലസടഞ്ഞ തവ നാട്ടിലെ സ്ഥിതി.

10. മിതമാകിലുമത്ര ഭൂരിയത്നാ-
ർജ്ജിതമെൻപ്രേമരസം പകൎന്നുവെപ്പാൻ
ചിതമൊത്തൊരു ഭാജനം പിശാചാ-
വൃതമാം നിന്നുടെ നാട്ടിനുള്ളിലുണ്ടോ?

11. ലോലഹൃദി ഞാൻ ദൃഢമണച്ചുഹഹ, പോററും
ബാലയനുകമ്പ തവ ശൂന്യനഗരത്തിൽ
സ്ഥൂലനിജബാഷ്പകണമൌക്തികമയത്തു-
മാല പുനരാരുടെ കഴുത്തിലണിയിക്കും?

---

8. കിരണമാലി=സൂൎയ്യൻ. തങ്കനീർ—രശ്മി. പ്രകാശത്തിൽനിന്നു തമസ്സിലെക്കു പോവുക എത്ര സങ്കടം!

9. മരണ=മരണമേ. അല്ലടഞ്ഞ=ഇരുട്ടടഞ്ഞ. നിദ്രയെ മരണത്തിൻെറ അനുജത്തിയായി കല്പിക്കുന്നു.

10. ഭൂരിയത്നാർജ്ജിതം=വളരെ പണിപ്പെട്ടു നേടിയ. ഭാജനം=പാത്രം. പിശാചുക്കളാൽ ചുററപ്പെട്ട നിൻെറ നാട്ടിൽ ആരെ ഞാൻ സ്നേഹിക്കട്ടെ?

11. എൻെറ ഹൃദയത്തിലുള്ള അനുകമ്പകൊണ്ട്, ഞാൻ എവിടെവെച്ച് ആരുടെ ദുഃഖത്തിൽ പങ്കുകൊണ്ടു കണ്ണീർ തൂകട്ടെ?—എന്നു ചോദിക്കുന്നു: ലോലഹൃദി=പതുപ്പമായ ഹൃദയത്തിൽ. ദൃഢം=മുറുകെ. ബാല=ചെറിയ, പെൺകുട്ടിയെന്നും. സ്ഥൂല.....മാല=ഉരുണ്ട തൻെറ കണ്ണുനീർത്തുള്ളികളാകുന്ന വെൺമുത്തുമാല. 'എൻെറ മകളെ ആരെ വേൾപ്പിക്കട്ടെ?' എന്നുകൂടി തോന്നുന്നു.

12. പോകട്ടെയെൻതടിമിടുക്കു;-വൃമൃത്തനാകി-
ലാകട്ടെ; പാർപ്പിടമെനിക്കിതുതന്നെ വേണം:
ആകമ്രശോഭനപദാർത്ഥസമൃദ്ധമാമീ
ലോകത്തിൽനിന്നു നരർ പോകുവതെന്തുപോക്കാം!

18. മരങ്ങളും വല്ലികളും തഴയ്ക്കയാൽ
പരക്കെ നൽപ്പച്ചപിടിച്ച കുന്നുകൾ,
കരൾക്കുമെൻകണ്ണിനുമുന്നതങ്ങളാം
നിരർഘഗാരുത്മതരത്നമേടകൾ!

14. തിരയാകിയ പുരികക്കൊടി, കരിമീൻമിഴി, മധുര-
സ്വരസാരസരശനാവൃതപുളിനാലംഘ്യജഘനം,
നുരയാം നറുമുല്ലപുഞ്ചിരിയിവയൊത്തിഹ വിലസും
സരസാശയസരിദഗ്ര്യകൾ മമ കാന്തകൾ നിയതം!

15. ആരമ്യം കിളിരുതമായ കൊഞ്ചൽ തൂകി,-
ഗൌരശ്രീഹിമകണമുത്തുമാല ചാർത്തി,

---

12. ആകമ്ര......ദ്ധം=ഏറ്റവും മനോഹരങ്ങളും പ്രകാശമാനങ്ങളുമായ പദാർത്ഥങ്ങൾ നിറഞ്ഞ.

13. 'ആകമ്ര......ദ്ധം' എന്നതിനെ ആറു പദ്യങ്ങളെക്കൊണ്ടു വിവരിക്കുന്നു: നിരർഘ... ..ടകൾ=വിലയേറിയ മരകതരത്നങ്ങൾ കൊണ്ടുണ്ടാക്കിയ മാളികകൾ.

14. മധുര......ഘനം=മധുരമായ സ്വരത്തോടുകൂടിയ സാരസങ്ങ(വെള്ളപ്പക്ഷികൾ)ളാകുന്ന അരഞ്ഞാണാൽ ചുററപ്പെട്ട മണൽത്തിട്ടാകുന്ന കനത്ത ജഘനം. സരസാ.....ഗ്ര്യകൾ=സരസമായ, (വെള്ളത്തോടുകൂടിയ, രസികത്വമുള്ള) ആശയത്തോടു (അന്തർഭാഗത്തോടു, ഹൃദയത്തോടു) കൂടിയ ശ്രേഷ്ഠനദികൾ. കാന്തകൾ=പ്രിയപ്പെട്ടവ, പ്രിയമാർ. നിയതം=പതിവായി; എന്നെന്നും എന്നു സാരം.

സൈ്വരം പൂങ്കുലകൾ സലീലമായിളക്കി,-
സ്സൌരഭ്യോന്മിളദളികുന്തളങ്ങൾ ചിന്നി,

16. പ്രത്യുദ്യന്മധുരിമ പൂണ്ടടുക്കലെത്തി-
പ്രത്യൂഷക്കളിർപവനക്കിടാങ്ങളെന്നെ
പ്രത്യക്ഷോൽപുളകനിചോളിതാംഗനാക്കി-
പ്രത്യഗ്രോത്സവമണയെപ്പുണർന്നിടുന്നു! (യുഗ്മകം)

17. ഭാവശുദ്ധി വെളിവാക്കി നറുംതേ-
നാവഹിച്ചു വിലസും കുസുമങ്ങൾ
ആവതോളമൊരു വിശ്രമസൌഖ്യം
കൈവളർപ്പു മമ, ബാന്ധവർ പോലെ:

18. ജനതതികളെയുന്മുഖീകരിച്ചും
കനലൊളിയെറിയും താരകോൽക്കരം മേ
കനകലിപികളാൽക്കുറിച്ചുവെച്ചോ-
രനല്പസനാതനസാഹിതീസമൂഹം!

---

15. 16. ആരമ്യം=എത്രയും മനോജ്ഞം. രതാം=ക്കുകൽ. ഗൌര......മാല=വെളുത്ത മഞ്ഞുതുള്ളികളാകുന്ന മുത്തുമാല. സലീലം=കളിയായി. സൌരഭ്യോ.....ളങ്ങൾ=സുഗന്ധം നിമിത്തം വന്നുചേർന്ന വണ്ടുകളാകുന്ന തലമുടി. പ്രത്യുന്മധുരിമ=വളരുന്ന മാധുര്യത്തോടുകൂടിയ. പ്രത്യൂഷം=പ്രഭാതം. പ്രത്യക്ഷോ......താംഗൻ=വ്യക്തമായിപ്പൊട്ടിപ്പുറപ്പെട്ട രോമാഞ്ചത്താൽ മറയ്ക്കപ്പെട്ട ശരീരത്തോടുകൂടിയവൻ. പ്രത്യഗ്രോത്സവം=പുതിയ ഉത്സവം. പ്രഭാതത്തിലെ ഈവിധമുള്ള ഇളംകാററു കൊള്ളുന്നതു കുട്ടികൾ വന്നു പുണരുന്നതുപോലെയാണെനിക്കു്!

17. ഭാവം=സ്വഭാവം. ആവഹിച്ചു=എടുക്കുക. ബാന്ധവർ=ബന്ധുക്കൾ.

18. ഉന്മുഖീകരിച്ചു=മുഖം പൊന്തിപ്പിച്ചു, ശ്രദ്ധിപ്പിച്ചുക എന്നും. താരകോൽക്കരം=നക്ഷത്രഗണം. അന.....മൂഹം=കേടററതും നിത്യവുമായ സാഹിത്യസമുച്ചയം.

19. പുരുവിഭവോത്തരം പുരമിതെങ്ങു? മൃതിയ്ക്കുഴമാ
മരുനിലമെങ്ങു? ഹാ, പ്രകൃതിദേവി,ദയാം കുരു മേ!
തിരുവടി താണുകൂപ്പിയിതുമാത്രമിരക്കുവനാ:-
ങ്ങരുളരുതാജ്ഞയെന്നൊടു,കടന്നിവിടം വിടുവാൻ.

20. തിരുമേനിയെൻെറ മുതുകിൽത്തലോടി നി-
ന്നരുൾചെയ്വതെന്തു മൃദുഹാസപേശലം?
ഒരു നീണ്ട നിശ്വസിതമായ്വെളിയ്ക്കിതാ,
പെരുതാമുഴറേറാടണയുന്നിതെന്നുയിർ:—

21. ‘നന്നാലോചന! ഹേ ഗൃഹസ്ഥ, തറവാ-
ടൊട്ടുക്കുപേക്ഷിയ്ക്കു നീ-
യെന്നാർ ചൊല്ലി? നിനക്കെഴും പുതുവുട-
പ്പാം മൃത്യുവിൻ പക്കലാം;

---

19. പുരുവിഭവോത്തരം=ബഹുസമൃദ്ധികളാൽമേലെക്കിടയിൽ നില്ക്കുന്ന പുരം—ലോകമെന്നു സാരം. ദയാം കുരു മേ—എന്നിൽ ദയ ചെയ്യുക.

20. ഇത്രയുമായപ്പോൾ മരണത്തിൻെറ തത്വമിന്നതാണെന്നു കവിയുടെ ഉള്ളിൽ തോന്നി. ആ തോന്നലിനെ പ്രകൃതിദേവി തന്നോടു പറയുന്നതായി കല്പിക്കുന്നു. ഈ തത്വമെന്തെന്ന് ഇനിയത്തെ പദ്യംകൊണ്ടു വിവരിക്കും. മൃദുഹാസപേശലം=മന്ദഹാസംകൊണ്ടു മനോഹരമാംവണ്ണം. ഉത്തരാർദ്ധത്തിൽ തത്വഗർഭമായ ആ അരുളപ്പാടു കേട്ടപ്പോൾ ഞാൻ മരണത്തിന്നൊരുങ്ങി എന്നു സൂചിപ്പിക്കുന്നു.

21 താഴെ കാണിക്കുന്ന ഗീതാപദ്യത്തിലെ തത്വമാണി

ഒന്നാമ്മാറെഴനേററൂട്ടപ്പുമുറിയിൽ-
പ്പോയ്യോരുവാനാവത-
ല്ലെന്നാലീ,യൊരു ജീണ്ണമാം തുകിലുമായ്
നാളെത്ര പോക്കും ഭവാൻ?"

---

## ൧൮
## മുററത്തെ തുളസി

(കേക)

1. തൻകരബലാജ്ജിതത്രിജഗത്സാമ്രാജ്യനാം
ശംഖചൂഡനെന്നുള്ള ദാനവേശ്വരൻതൻെറ
വെൺകടൽമാതിൻ നാട്യരംഗമാം നഗരത്തിൽ-
ത്തങ്കരത്നോത്ഭാസിതമാകിയ കൊട്ടാരത്തിൽ,
ആ വീരപ്പെരുമാൾക്ക ജീവനാഥയായ്, മത്ത്യ-
ദേവദൈതേയക്കേകറാണിയായേറെക്കാലം,

---

തിൽ വിവരിക്കപ്പെട്ടിട്ടുള്ളത്:—

"വാസാംസി ജീണ്ണാനി യഥാ വിഹായ
നവാനി ഗൃഹ്ണാതി നരോപരാണി
തഥാ ശരീരാണി വിഹായ ജീണ്ണാ-
ന്യന്യാനി സംയാതി നവാനി ദേഹീ." (2. 22)

അത്ഥം:—മനുഷ്യർ പഴയ വസ്ത്രങ്ങളെ വെടിഞ്ഞു പുതുവസ്ത്രങ്ങളെ ഉടുക്കുന്നതുപോലെയാണ്, ദേഹി പഴകിയ ശരീരത്തെ ത്യജിച്ച് വേറെ ദേഹമെടുക്കുന്നത്.

---

1. "തുളസീദേവി രാധയുടെ ശാപംനിമിത്തം തൻെറ ലോകത്തിൽ (ഗോലോകത്തിൽ)നിന്ന ഭ്രംശിച്ച ഭൂമിയിൽ ധമ്മധ്വജൻ എന്ന രാജാവിൻെറ മകളായി അവതരിച്ചു. അവൾ ബാല്യത്തിലേ

കിന്നരവിദ്യാധരസിദ്ധചാരണയക്ഷ-
പന്നഗാംഗനമാർാൽപ്പര്യുപാസിതയായി,
കേൾവി പൊങ്ങിയ മഹാബലിതൻ ഗൃഹിണിയാം
ശ്രീവിന്ധ്യാവലിപോലെ വാണ നിന്തിരുവടി,
ഇപ്പുരമുററത്തെ,തോ വെട്ടുകല്ലുകളാൽത്തീ-
ർത്തല്പമായ്ക്കമ്മായവും തേച്ച പാഴ്തറയിന്മേൽ,
ആകാശചക്രത്തെത്താൻ വെണ്കൊററക്കുടയാക്കി-
യേകയായ്‌വാഴ്കു ഹാ ഹാ, ഞങ്ങൾതൻ നന്മസ്ഥായ്യി!
അല്ലെങ്കിലേ,വം ലോകാനുഗ്രഹവ്യഗ്രക്കുണ്ടോ,
പുല്ലുമാടവും പള്ളിമേടയും തമ്മിൽബ്ഭേദം?
ദേവി, നീ ജയിച്ചാലും! വൈകുണ്ഠവക്ഷോഭൂഷേ,
പാവനപരിമളേ, തുളസി ജയിച്ചാലും!

---

കഠിനതപസ്സുചെയ്തു ബ്രഹ്മാവിനെ പ്രസാദിപ്പിച്ചു, ശംഖചൂഡൻ എന്ന അസുരരാജാവിൻെറ ഭാര്യയായി. ശംഖചൂഡനും തുളസീലാഭത്തിനായി അനവധി സംവത്സരങ്ങൾ വൻതപസ്സനുഷ്ഠിച്ചവനായിരുന്നു. ഇങ്ങിനെ 'പരസ്പരതപഃസമ്പൽഫലായിതപരസ്പര'ന്മാരായ ഈ ദമ്പതിമാർ ഒരു മന്വന്തരംമുഴുവൻ സുഖമായി രമിച്ചു.

"അതിൽപ്പിന്നെ, ലോകം മൂന്നും കീഴടക്കി ഐന്ദ്രപദാരൂഢനായി വാഴുന്ന ശംഖചൂഡനെ ശിവനെക്കൊണ്ടു കൊല്ലിപ്പാൻ ദേവകൾ ഒരുക്കംകൂട്ടി, വമ്പിച്ച യുദ്ധം തുടങ്ങി. അനേകസംവത്സരം നടന്ന ഈ ദേവാസുരയുദ്ധത്തിൽ, തുളസീദേവിയുടെ പാതിവ്രത്യപ്രഭാവത്താൽ ശംഖചൂഡനെ വധിപ്പാൻ ശിഖിചൂഡൻ ശക്തനായില്ല. ഒടുവിൽ, വിഷ്ണു ശംഖചൂഡൻെറ വേഷമെടുത്തു ചെന്നു തുളസിയുടെ പാതിവ്രത്യത്തിന്നു ഭംഗം വരുത്തി; അതോടുകൂടി, ശംഖചൂഡൻ രുദ്രശൂലമേററു, മററിടം പിളൎന്നു പോക്കളത്തിൽ വീഴുകയും ചെയ്തു. ദുഃഖിതയും വൈധവ്യതപ്തയുമായ തുളസീദേവി മാനുഷരൂപം വെടിഞ്ഞു ദിവ്യരൂപം കൈക്കൊണ്ടു. ദേവിയുടെ ദേഹം ഗണ്ഡകീനദിയായി; തലമുടി തുളസിച്ചെടിയുമായി." ഈ തുളസിച്ചെടി

2. അന്തിമയാകും സന്ധ്യ ഭാസ്കരകരംകൊണ്ടു
നിന്തിരുമെയ്യിൽപ്പുത്തൻസിന്ദൂരമണിയിയ്ക്കേ,
രാജരാജേന്ദ്രാദിദിക്പാലന്മാർ മണിമൌലി-
രാജിയാൽ നീരാജനംചെയ്ക നിൻതൃപ്പാദത്തിൽ
പാവമെൻകുടുംബിനി കൊണ്ടുവന്നപ്പിയ്ക്കുന്നു
കേവലം ചെറുവിരൽപ്രായമൊരന്തിത്തിരി!

8. തൂവലംകയ്യിൻ തജ്ജന്യംഗുഷ്ഠാഗ്രത്താലെട്ട-
ത്താ,വക്രമാകുമിടംകൈത്താരാൽ മറച്ചി,വൾ
അങ്ങയെപ്പൂജിപ്പാനായെത്തിച്ച തിരിയിതു
മങ്ങിയ വെളിച്ചത്താലിവൾതൻ കവിൾത്തട്ടിൽ
മംഗല്യഗോരോചനം ചാർത്തിച്ചു; ചെറുതിട-
യംഗുലീരന്ധ്രങ്ങളിൽത്തളിച്ചു തങ്കച്ചാറും!

---

യെ, ആ തുളസീദേവിതന്നെയായി സങ്കല്പിച്ചുകൊണ്ടാണ് ഈ കവിത.

തൻകര......ജ്യൻ=തന്റെ കയ്യൂക്കുകൊണ്ടു സമ്പാദിച്ച ത്രൈലോക്യസാമ്രാജ്യത്തോടുകൂടിയവൻ. ദാനവേശ്വരൻ=അസുരരാജാവ്. വെൺകടൽമാത്=മഹാലക്ഷ്മി. ദൈതേയർ=അസുരർ. കിന്നര......നമാർ=കിന്നരാദികളുടെ സ്ത്രീകൾ. പയ്യപാസിത=പരിചരിയ്ക്കപ്പെട്ടവൾ. ലോകാ.........വ്യഗ്രർ=ലോകാനുഗ്രഹത്തിന്നൊരുങ്ങിയവർ. വൈകുണ്ഠവക്ഷോഭൂഷ=വിഷ്ണുവിന്റെ മാറിലെ അലങ്കാരം. വിഷ്ണുവിന്നു തുളസി പ്രിയമത്രേ.

2. തുളസീപൂജയ്ക്കു സിന്ദൂരം പ്രധാനമാണ്. രാജ......ലന്മാർ=കുബേരൻ, ഇന്ദ്രൻ തുടങ്ങിയ ദിക്പാലകന്മാർ. മണിമൌലിരാജി=രത്നകിരീടസമൂഹം. കുടുംബിനി=പത്നി. ചെറുവിരൽപ്രായം=ചെറുവിരലോളം പോന്ന. അത്രമേൽ പ്രഭാവവതിയായ ഭവതിയ്ക്ക് ഇതെത്ര നിസ്സാരമാണ്!

4. വരുവിൻ, വരുവിനെന്നാരോമൽക്കിടാങ്ങളേ,
പുരുഷോത്തമപ്രിയയാകിയ തുളസിയെ,
മുററിയ ഭക്ത്യാ ശുദ്ധഭസ്മരേഖകൾ ചേർന്ന
നെററിയാൽ നിലം തൊട്ടു വണങ്ങിക്കൈക്കൂപ്പുവിൻ;
തുംഗവൈഭവയാമിദ്ദേവിതൻ തിരുമുമ്പിൽ
നിങ്ങൾതൻ ചെറുതണ്ടാർമൊട്ടുകൾ നിരത്തുവിൻ!
നന്ദിനി, വൃന്ദാവനി, പാവനി, ധർമ്മധ്വജ-
നന്ദിനി, നമസ്കാരം! തുളസി, നമസ്കാരം!

5. കൈടഭാന്തകനുടെ കൌസ്തുഭരത്നപ്രഭാ-
കൂടദീപിതമാകും പ്രൌഢമാറിടത്തിങ്കൽ
പൊയ്ത്താരിൽമാതോടൊപ്പം വിളങ്ങും ഭവതിയെ-
ങ്ങ?-ത്യന്തം ലഘുവാമിക്കാണിക്കയെങ്ങോ ഭദ്രേ?

6. എങ്കിലും ലജ്ജിക്കുന്നീലിജ്ജനം, വർഷാകാല-
വൻകരിങ്കാറിന്നൊരു നീരാവി നിവേദിപ്പാൻ:

---

3. തർജ്ജന്യംഗുഷ്ഠാഗ്രം=ചൂണ്ടുവിരലിന്റേയും പെരുവിരലിന്റേയും അററം. ആവക്രം=തെല്ലു വളഞ്ഞതു്. അംഗുലീരന്ധ്രം=വിരലുകളുടെ പഴുതു്. ധാരിയുടെ വെളിച്ചം കവിൾത്തടത്തിലും വിരൽപ്പഴുതുകളിലും തട്ടിയിരുന്നു. നിന്തിരുവടിയെപ്പൂജിപ്പാനുള്ള ആരംഭം തന്നെ സൌഭാഗ്യപ്രദമാണെന്നു ധ്വനിക്കുന്നു.

4. പുരുഷോത്തമൻ=വിഷ്ണു. തുംഗവൈഭവ=വലിയ മാഹാത്മ്യമുള്ള. ചെറുതണ്ടാർമൊട്ടുകൾ—കൂപ്പുകൈകളെന്നർത്ഥം. നന്ദിനീവൃന്ദാവനീശബ്ദങ്ങൾ പുരാണപ്രസിദ്ധങ്ങളായ തുളസീപര്യായങ്ങളാണു്. പാവനി=ശുദ്ധിവരുത്തുന്നവൾ.

5. കൈടഭാന്തകൻ=വിഷ്ണു. കൌസ്തുഭ......തം=കൌസ്തുഭരത്നത്തിന്റെ പ്രഭാസമൂഹത്താൽ പ്രകാശിപ്പിക്കപ്പെട്ട. അത്രയും പ്രകാശമുള്ള സ്ഥാനത്തിരിക്കുന്ന ഭവതിയുടെ അരികെ ഈ അന്തിത്തിരി വെക്കുന്നതു് എത്ര നിസ്സാരം!

6. വെള്ളം നിറഞ്ഞു കറുത്ത വർഷാകാലത്തിലെ വലിയ മേഘത്തിന്നു് ഒരു നീരാവി നിവേദിക്കുന്നതുപോലെയാണു് ഭവതിക്കീ അ

അങ്ങയെ യഥാർഹമൊന്നർച്ചിപ്പാനാരാളാകും?
ഞങ്ങളോ, പരാധീനർ—പട്ടിണിപ്പരിഷക്കാർ!
അന്നു പാലൊഴുകിക്കൊണ്ടിരുന്ന രാജ്യത്തെങ്ങു-
മിന്നു പാഞ്ഞൊലിപ്പതു കാഞ്ഞിരക്കായ്നീരല്ലോ!

7. തിരുമെയ് വിറയ്ക്കുന്നതെന്തയ്യോ! ഭവതിയെ,
വെറുതെ ദുഃഖം ചൊല്ലി വേദനപ്പിച്ചു ഞങ്ങൾ
വീശുകെന്നന്തിക്കാറ്റേ, ഞങ്ങളെച്ചൊല്ലിത്താപ-
മേശുന്ന ജനനിയെ നിൻകുളിർവിശറിയാൽ!

8. ഇത്തിരിയാണെന്നാലും, നമ്മൾതന്നുപചാര-
മുത്തമസ്നേഹാക്തമാണെന്നു കണ്ടിതാ, ദേവി
ചഞ്ചൽപ്പൂങ്കതിരണിശ്ശിരസ്സായ്ക്കൈക്കൊള്ളുന്നു:
മഞ്ചാടിയേയും പ്രേമം മാണിക്യമണിയാക്കും!

9. ഞങ്ങളെയനുഗ്രഹിപ്പാനല്ലീ, ദയാർദ്രയാ-
മങ്ങുന്നു ഭംഗ്യാ ശാഖത്തൈക്കൈകളിളക്കുന്നു!

---

ന്തിത്തിരി നല്കുന്നത്. യഥാർഹം=വേണ്ടപോലെ. അന്ന്—ഒരു കാലത്തു 'പാലും തേനും ഒഴുകുന്ന നാടാ'യിരുന്നുവല്ലോ ഭാരതവർഷം.

7. ഈ സമയത്ത് അന്തിക്കാറ്റിനാൽ തുളസിച്ചെടി വിറയ്ക്കുന്നതു കണ്ടു പറയുന്നു: ദുഃഖംചൊല്ലി—'ഞങ്ങളോ പരാധീനർ......' ഇത്യാദി. താപം=ദുഃഖം, ചൂട്. ജനനി=തുളസി.

8. ഇത്തിരി=അല്പം, ഈ തിരി എന്നും. ഉപചാരം=പൂജാസാധനം. ഉത്തമസ്നേഹാക്തം=ഉത്തമമായ ഭക്തിയോടുകൂടിയത്, നല്ല എണ്ണയിൽ നനച്ചതെന്നും. ചഞ്ചൽ=ഇളകുന്ന. തുളസി അന്തിക്കാറ്റിലിളകുന്നത്, ഉപചാരത്തെ കൈക്കൊള്ളുന്നതിനെ സൂചിപ്പിക്കുന്നതായി കല്പിക്കുന്നു.

9. തുളസിയുടെ ശാഖ(ചില്ല)കൾ ഇളകുന്നതിനെ വേറെവി

എന്തിനു വേറേ വരം? ഞങ്ങൾക്കു യാവജ്ജീവം
നിന്തിരുവടിയുടെ ദാസ്യമൊന്നുതാൻ പോരും.

10. സതി, നിൻപീഠത്തിന്മേൽ പ്രകടീകരിക്കാവൂ
പതിവായ്, ഞങ്ങൾക്കുണ്ടാം മാനസനൈർമ്മല്യത്തെ!
തങ്ങൾതൻ പ്രേമപ്പാൽപോലുള്ള തണ്ണീരാൽക്കാലേ
ഗംഗയ്ക്കു സപത്നിയാം നിൻതടം നിറയ്ക്കാവൂ!

11. ഏതുകാലത്തു — മെരിവേനലിൽപ്പോലും — വാട്ട-
മേലാതേ തനിപ്പച്ചവർണ്ണമായ്ത്തഴച്ചേററം
കമ്രമായ്, മണം പെറുമത്ഭുതമരകത-
ക്കല്ലിനാൽ നിർമ്മിച്ചതുപോലെഴും തവ രൂപം
ആനന്ദഭാരംകൊണ്ടു നിഷ്പന്ദമാകും കണ്ണാൽ
പാനംചെയ്കനുവേലം കോൾമയിർക്കൊണ്ടീടാവൂ!

---

ധത്തിൽ ഉൽപ്രേക്ഷിക്കുന്നു: യാവജ്ജീവം=ജീവിച്ചിരിക്കുന്നേടത്തോ-
ളം കാലം.

10. ആ ദാസ്യത്തെ വിവരിക്കുന്നു: മാനസനൈർമ്മല്യത്തെ പീഠത്തിന്മേൽ വെളിപ്പെടുത്തുക എന്നതിന്നു, പീഠം വൃത്തിപ്പെടുത്തിവെയ്ക്കുക എന്നു സാരം. 'ലക്ഷ്മീ, സരസ്വതീ, ഗംഗാ, തുളസീ ചാപി നാരദ! ഹരേഃ പ്രിയാശ്ചതസ്രഃ ..' എന്നതുകൊണ്ടത്രേ തുളസിക്കു ഗംഗാസപത്നീത്വം. ശുഭ്രവർണ്ണയായ ഗംഗയുടെ സപത്നിയായ ഭവതിക്കു, പാൽപോലുള്ള ശുദ്ധജലം തടത്തിൽ നിറഞ്ഞുനില്ക്കുന്നതു വളരെ ഇഷ്ടമായിരിക്കുമല്ലോ.

11. അങ്ങിനെ നനച്ചാലത്തെ ഫലം: മരകതക്കല്ലു് 'അത്ഭുതം (ആശ്ചര്യകാരി)' ആയതു മണം പെറുന്നതുകൊണ്ടാണു്. അനുവേലം=തക്ക സമയങ്ങളിലെല്ലാം.

12. സന്ധ്യയ്ക്കു തിരിയിടുമ്പോൾ ഞങ്ങൾതൻ ഭക്തിജ്വാല
സന്ധിപ്പിച്ചുപചാരദീപം തേ നല്കീടാവൂ!
എന്നിട്ടെൻ ഗൃഹപരദേവതേ, വലംവെച്ചു
വന്ദിച്ചു വണങ്ങാവൂ നിൻനാമമന്ത്രം ചൊല്ലി!

13. ഉമ്പർകോനെയുംവെന്ന നിൻപ്രാണദയിതന്റെ—
നിൻപരമോപാസകനായ സംഖചൂഡന്റെ—
ചിത്രവും പവിത്രവുമാകിയ ചരിത്രത്തെ-
യത്ര നിന്നരികിൽവന്നനഘം കീർത്തിയ്ക്കാവൂ!

14. നിന്നെ മാർത്തട്ടിൽച്ചാർത്തുമാ രാധാരമണന്റെ
പൊന്നോടക്കുഴൽ തൂകും മഞ്ജുഗാനത്തെക്കാളും
എത്രമേൽ മധുരമാം നിനക്കിക്കഥാഖ്യാനം!—
മത്രയുമസാമാന്യമല്ലോ നിൻപതിപ്രേമം:
ഭർത്താവിൻവധം കേട്ട മാത്രയിലലിഞ്ഞുപോയ്-
ത്തുത്താവേ, വെറുംനീരായ്ത്തീർന്നീലേ നിന്മെയ്യെ-
(ല്ലാം!
ഗണ്ഡകീനദിയായിച്ചമഞ്ഞ ഭവതിത-
ന്നുണ്ണികളത്രേ, സാളഗ്രാമങ്ങൾ പൂജാർഹങ്ങൾ.

---

12. സന്ധിപ്പിച്ച്=ചേർത്ത്. ഉപചാരദീപത്തിലെ പ്രകാശം ഞങ്ങളുടെ ഭക്തിയുടെ ജ്വാലയാണ്!

13. പരമോപാസകൻ=ഉപാസന (സേവ) ചെയ്യുന്നവരിൽ പ്രധാനൻ. ചിത്രം=ആശ്ചര്യകരം. പവിത്രം=പരിശുദ്ധം. അനഘം=നാൾതോറും. ശംഖചൂഡോപാഖ്യാനം തുളസീസന്നിധിയിൽ വായിക്കുന്നതു വളരെ ഫലപ്രദമത്രേ.

14. ഇക്കഥാഖ്യാനം=ശംഖചൂഡന്റെ കഥ ചൊല്ലൽ. ഭർത്തൃസ്നേഹത്തിന്റെ അസാമാന്യത വിവരിക്കുന്നു: തുത്താവ്=തുളസി. ഗണ്ഡകീ......ഉണ്ണികൾ—ഗണ്ഡകീനദിയിലാണത്രേ, സാളഗ്രാമങ്ങളുണ്ടാവുന്നത്. പൂജാർഹങ്ങൾ=പൂജിക്കത്തക്കവ.

15. ഹന്ത, നിൻപ്രിയതമനമർത്ത്യപ്പരിഷയ്ക്കു
ഹന്തവ്യനായിത്തീരാനെന്തൊരു കുററം ചെയ്തു?
അദ്ദേഹം, ബഹുകാലവൻതപസ്സംസ്കാരത്താ-
ലുദ്ദീപ്തതേജസ്സായുള്ളോരു പൂരുഷരത്നം!

16. അല്ലല്ല മറന്നു ഞാൻ: തൻപിറപ്പസുരരി-
ലല്ലയോ? ഗുണമെല്ലാമിതൊന്നിന്നിരയായ്പ്പോയ്
ത്രൈലോക്യപ്പെരുമാൾച്ചെങ്കോലൊരു ദൈത്യൻ
(കൈക്കൊ-
ണ്ടാലുണ്ടോ, സമചിത്തർ ദേവകൾ സഹിയ്ക്കുന്നു!

17. തുല്യരാമൊരച്ഛന്റെ മക്കളെക്കൂടിത്തമ്മിൽ-
ത്തല്ലിച്ചു നടക്കട്ടെ 'ജാതി'യെന്നതു മന്നിൽ;
സർഗ്ഗപാടവമാരീദ്ദുർഭ്രുതത്തിനു നല്കീ
സ്വർഗ്ഗലോകത്തും ഹാ ഹാ, നരകം സൃഷ്ടിയ്ക്കുവാൻ!

18. ഏറിയ കാലം വൻപോർ ചെയ്തതിൽ നിൻകാന്തനു
മാറിലെപ്പടച്ചട്ട പിളർന്നുപോയെന്നാലും,

---

15. അമർത്ത്യപ്പരിഷ=ദേവസമൂഹം. ഹന്തവ്യൻ=കൊല്ലപ്പെടേണ്ടവൻ. ബഹു......സ്കാരം=വളരെക്കാലം ചെയ്ത വലിയ തപസ്സുകൊണ്ടുണ്ടായ വിശുദ്ധി. ഉദ്ദീപ്തം=തിളങ്ങിപ്രകാശിയ്ക്കുന്ന.

16. സമചിത്തർ=സമഭാവനയുള്ളവർ. വിപരീതലക്ഷണകൊണ്ട് അതില്ലാത്തവരെന്നർത്ഥം.

17. സർഗ്ഗപാടവം=സൃഷ്ടിപ്പാനുള്ള സാമർത്ഥ്യം. സ്വർഗ്ഗത്തിൽ കൂടി നരകം (അനീതി) ഉണ്ടാക്കത്തക്ക സാമർത്ഥ്യം ഇതിനാര് കൊടുത്തു? ദേവന്മാരും അസുരന്മാരും ഒരച്ഛന്റെ (കശ്യപന്റെ) മക്കളത്രേ.

18. ചാരിത്രൌജസ്സ്=പാതിവ്രത്യശക്തി. ബലിജിത്ത്=മഹാബലിയെ ജയിച്ചവൻ (വിഷ്ണു); ശംഖചൂഡനെപ്പോലെതന്നെ ഒരു

മറെറാരു മണിച്ചട്ടയേത്തു ദേവാസ്രുതത്തേയും
തെറെറന്നു തെറിപ്പിച്ചാ വീരനെച്ചിരം കാത്തു;
അതിനു—നിൻ ചാരിത്ര്യൌജസ്സിനു—ബലിജിത്തിൻ
ചതിയാലൊരു ഹാനി സംഭവിച്ചതില്ലെങ്കിൽ,
പാരമേശ്വരത്രിശ്ശൂലാഗ്രവുമാ വക്ഷസ്സിൽ,-
പ്പാറമേൽ പതിപ്പിച്ച കാരമുള്ളായ്പ്പോയേനേ!

19. ദേവകളുടെ ശുഷ്കപ്രത്യാശാനദിയെത്തൻ
ജീവരക്തമാം മലവെള്ളത്താൽ നിറച്ചവൻ
ഗാത്രത്തെ ത്യജിയ്ക്കിലെന്തീ?-ശവരി, ഭവൽപ്രീതി-
പാത്രമാമദ്ധന്യൻെറ പുണ്യകീർത്തിയെ നിത്യം
വൻകടലിലും കരയിങ്കലും ഘോഷിയ്ക്കുന്നു
ശംഖുകൾ, ദേവാർച്ചനാമുഖ്യോപകരണങ്ങൾ;
മർത്ത്യലോകത്തിങ്കൽനിന്നുൽഗമിച്ചൽകൃഷ്ടമാം
നിത്യലോകത്തിൽച്ചേന്നാൻ, നിൻപ്രിയഭക്തൻ
(ദിവ്യൻ!

---

ശ്രേഷ്ഠചക്രവർത്തിയായിരുന്ന മഹാബലിയേയും 'സമചിത്ത'രായ ദേവകൾക്കുവേണ്ടി വഞ്ചിച്ചവനാണല്ലോ വിഷ്ണു എന്നു വ്യംഗ്യം. പാരമേ......ഗ്രം=പരമേശ്വരൻെറ ത്രിശ്ശൂല(മുമ്മുനശ്ശൂല)ത്തിൻെറ മുന.

19. ശുഷ്കപ്രത്യാശാനദി=വററിപ്പോയ പ്രത്യാശ (ത്രൈലോക്യസാമ്രാജ്യം ഇനിമേൽ തങ്ങൾക്കു കിട്ടിയേയ്ക്കാമെന്ന ആശ)യാകുന്ന നദി. ദേവകളുടെ വററിവരണ്ടിരുന്ന ആശ, ശംഖചൂഡൻെറ മരണത്തോടുകൂടെ പിന്നേയും പൂർണ്ണമായി; 'രക്ത'ത്താൽ ജന്യമായ ആ ആഗ്രഹലബ്ധി എത്ര നിന്ദ്യമാണ്! എന്നു വ്യംഗ്യം. ശംഖുകൾ—ശംഖചൂഡൻെറ അസ്ഥി സമുദ്രത്തിലിട്ടതിൽനിന്നാണുപോൽ, ശംഖിൻെറ ഉൽപത്തി. ദേവാർച്ചന......ണം=ദേവന്മാരെ പൂജിപ്പാനുള്ള പ്രധാനോപകരണം. ഉൽഗമിയ്ക്കു=മേല്പോട്ടു പോവുക.

20. കല്പവൃക്ഷവും ഫലം തന്നതില്ലെന്നു വരാം;
തൽപദാൎച്ചനമുണ്ടോ പാഴിലായ്പ്പോയീടുന്നു?
സംപ്രതി നിദൎശനം വേറെയെന്തിനു തായേ,
തൻപ്രകാശത്താലൊരു കൊന്നപ്പൂമലരിനെ
പുണ്യമാം നിൻതൃക്കാല്ക്കലൎപ്പിച്ച ദീപമിതു-
മെണ്ണയാം തന്നായുസ്സിന്നറുതിയണഞ്ഞപ്പോൾ,
കൃശവും മലിനവുമായ തൻദേഹം വല്ല
കൃമിക്കും തിന്നാനായി മന്നിങ്കൽ വെടിഞ്ഞിതാ,
അമൎത്ത്യപദം കേറിത്താരകങ്ങളിലൊന്നായ്-
ച്ചമഞ്ഞു മിന്നുന്നു, നിന്നുപരിസ്ഥാനത്തു താൻ!

21. എണ്ണവേണ്ടാത്ത മണിദീപങ്ങൾ നിൻമേൽബ്ഭാഗ-
ത്തെണ്ണമെന്നിയേ നിരത്തുന്നിതു നിശാദേവി;
ആലോകമാത്രംകൊണ്ടു നിത്യകല്യാണപ്രദേ,
ഗോലോകവിലാസിനി, ഗോവിന്ദപ്രിയതമേ,
നന്ദിനി, വൃന്ദാവനി, പാവനി, ധൎമ്മധ്വജ-
നന്ദിനി, നമസ്കാരം! തുളസി, നമസ്കാരം!

---

20. നിദൎശനം=ഉദാഹരണം. കൃശം=മെലിഞ്ഞ. അമൎത്ത്യപദം=ആകാശം. ഉപരിസ്ഥാനത്ത്=ആകാശത്ത്. തൽക്കാലം ഉദിച്ച ഒരു നക്ഷത്രത്തെ, കെട്ടുപോയ അന്തിത്തിരിയിലെ ദീപനാളമായി കല്പിച്ചിരിക്കുന്നു.

21. എണ്ണവേണ്ടാത്ത മണിദീപങ്ങൾ—നക്ഷത്രങ്ങൾ. നിശാദേവി=രാത്രി. ആലോകമാത്രം=വെറും കാണൽ.

കുട്ടികൃഷ്ണമാരാര്.

867

867

[illegible]

[illegible]

[illegible] Bum V. L.

9

## വള്ളത്തോൾ കൃതികൾ.

| | | | |
|---|---|---|---|
| വാല്മീകിരാമായണം (ഉത്തരകാണ്ഡം മാത്രം) | 3 | 8 | 0 |
| ചിത്രയോഗം | 3 | 0 | 0 |
| പഞ്ചരാത്രം | 1 | 2 | 0 |
| അനിരുദ്ധൻ | 0 | 4 | 6 |
| ബധിരവിലാപം | 0 | 3 | 0 |
| ശിഷ്യനും മകനും | 0 | 4 | 6 |
| ഒരു കത്ത് | 0 | 4 | 6 |
| ഊരുഭംഗം | 0 | 9 | 0 |
| മദ്ധ്യമവ്യായോഗം | 0 | 9 | 0 |
| വിലാസലതിക | 1 | 2 | 0 |
| സാഹിത്യമഞ്ജരി 1-ാംഭാഗം | 1 | 2 | 0 |
| ,, 2, 3, 4, 5, 6, 7 ഭാഗങ്ങൾ ഓരോന്നിന് | 1 | 8 | 0 |
| ഋതുവിലാസം | 0 | 4 | 6 |
| ഉന്മത്തരാഘവം | 0 | 4 | 6 |
| സ്വപ്നവാസവദത്തം | 1 | 2 | 0 |
| കാവ്യാമൃതം | 0 | 9 | 0 |
| ഔഷധാഹരണം (ആട്ടക്കഥ) | 0 | 2 | 0 |
| ഗ്രന്ഥവിഹാരം | 1 | 14 | 0 |
| അഭിജ്ഞാനശാകുന്തളം | 1 | 14 | 0 |
| കൊച്ചുസീത | 0 | 9 | 0 |
| അച്ഛനും മകളും | 0 | 12 | 0 |
| ശരണമയ്യപ്പ | 0 | 3 | 0 |
| വിഷുക്കണി | 1 | 8 | 0 |
| ദിവാസ്വപ്നം | 1 | 8 | 0 |

### ഗ്രന്ഥാലയം വക മറ്റു പ്രസിദ്ധീകരണങ്ങൾ.

| | | | |
|---|---|---|---|
| ഭാരതരമണി (സി. ജി. കുറുപ്പ്) | 1 | 6 | 0 |
| ചെറുകഥകൾ (സി. അച്യുതക്കുറുപ്പ്) | 1 | 8 | 0 |
| നൂർജഹാൻ ടി | 1 | 8 | 0 |
| മധുമഞ്ജരി (വള്ളത്തോൾ ഗോപാലമേനോൻ) | 1 | 8 | 0 |
| ഗോപാലകൃഷ്ണൻ ടി | 0 | 2 | 0 |

വള്ളത്തോൾ ഗ്രന്ഥാലയം,

ചെറുതുരുത്തി, (കൊച്ചിസ്സീമ)

# സാഹിത്യമഞ്ജരി

## മൂന്നാം ഭാഗം

വള്ളത്തോൾ